NERVEEDHI
Volume - 15, Issue - 03, 10th March 2026, Monthly, Published at Kottayam
വാല്യം - 15, ലക്കം - 03, മാർച്ച് 2026 - പ്രസിദ്ധീകരണം : കോട്ടയം

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി

## മുൾത്തണ്ടിൽ വിരിയുന്ന പനിനീർ പുഷ്പങ്ങൾ

പേജ് 11



Editorial

# നിയമങ്ങളിലെ ദൈവോദ്ദേശ്യം

മനുഷ്യന്റെ സുരക്ഷയും ക്ഷേമവുമാണ് നിയമങ്ങളുടെ ആത്യന്തികമായ ലക്ഷ്യം. നീതിയും ന്യായവും ഉറപ്പാക്കുന്നതിലൂടെ, നിയമങ്ങൾ നന്മയ്ക്കും പുരോഗതിക്കും കാരണമാകുന്നു. പ്രശ്നങ്ങളുടെ പരിഹാരത്തിന് എഴുതി ഉണ്ടാക്കിയ നിയമങ്ങൾ നടപ്പിലാക്കുന്നവർക്കു കരുണ നിറഞ്ഞ മനോഭാവം ഇല്ലെങ്കിലോ? നിയമം ലംഘിക്കുന്നവരെ ശിക്ഷിക്കണം എന്നുമാത്രമാണ് ലക്ഷ്യമെങ്കിലോ? ഇവിടെയാണ് 'യാഗത്തിലല്ല കരുണയിൽ അത്രേ, ഞാൻ പ്രസാദിക്കുന്നു എന്നുള്ളത് എന്ത് എന്നു നിങ്ങൾ അറിഞ്ഞിരുന്നു എങ്കിൽ കുറ്റമില്ലാത്തവരെ കുറ്റം വിധിക്കയില്ലായിരുന്നു' എന്ന യേശുവിന്റെ മൊഴികളുടെ പ്രസക്തി. 'കരുണ' മറ്റുള്ളവരുടെ വേദനകളിലും തകർച്ചകളിലും മനസ്സലിഞ്ഞ്, അവരെ സഹായിക്കാനുതകുന്ന ഒരു ദിവ്യസ്വഭാവമാണ്. ഇത് കേവലം സഹതാപം മാത്രമല്ല, ആഴത്തിലുള്ള അനുകമ്പ കൂടിയാണ്. യേശുവിന്റെ സന്ദേശത്തിൽ, കരുണയ്ക്ക് വളരെയധികം പ്രാധാന്യമുണ്ട്. ഉദാഹരണത്തിന് പാപിനിയായ സ്ത്രീയെ കല്ലെറിഞ്ഞു കൊല്ലണം എന്ന് നിയമം വാദിക്കുമ്പോൾ, യേശു അവളോട് കരുണ കാണിച്ചുകൊണ്ട് നിയമത്തിനു തുല്യമായ പ്രസക്തി മനസ്സലിവിനുണ്ടെന്നു തെളിയിച്ചു.

മനുഷ്യന് മനസ്സിലാക്കുവാൻ അവന്റെ ഭാഷയിൽ അക്ഷരവും വാക്കുകളും ഉപയോഗിച്ച് ദൈവം നിയമങ്ങൾ നൽകി. ആ അക്ഷരങ്ങളിൽ അതിന്റെ സത്ത അഥവാ ആത്മാവ് ഉൾക്കൊള്ളിച്ചിരിക്കുന്നു. അക്ഷരത്തെ തലനാരിഴ കീറി, യുക്തി മാത്രം ഉപയോഗിച്ച് വ്യാഖ്യാനിച്ചാൽ അതിന്റെ സത്ത നഷ്ടപ്പെടും. 'അക്ഷരം കൊല്ലുന്നു ആത്മാവോ ജീവിപ്പിക്കുന്നു' എന്ന തിരുവെഴുത്ത് ഇതോടു ചേർത്ത് ചിന്തിച്ചാൽ നിയമങ്ങളിൽ അന്തർലീനമായിരിക്കുന്ന ദൈവോദ്ദേശ്യം വ്യക്തമാകുന്നു. അത് മനുഷ്യന് സമൃദ്ധിയായ ആത്മികജീവൻ ഉണ്ടാകണം എന്നതാണ്. സ്വാതന്ത്ര്യം ഏകുന്ന ന്യായപ്രമാണത്താൽ നാം വിധിക്കപ്പെടുവാനുള്ളവരായതുകൊണ്ട് നമ്മുടെ വാക്കുകളും പ്രവൃത്തികളും അതിനനുസൃതമായിരിക്കട്ടെ. കരുണാരഹിതർക്കു നിഷ്കരുണമായ ന്യായവിധി ഉണ്ടാകും. കാരുണ്യമുള്ളവരോ ന്യായവിധിയിൽ വിജയം നേടും. അതായത് കരുണ കാണിച്ചവർക്കു ന്യായവിധിനാളിൽ കരുണയുടെ ആനുകൂല്യം ലഭ്യമാകും എന്നർത്ഥം. നിയമം നടപ്പിലാക്കുന്നത് കരുണ നിറഞ്ഞ മനസ്സോടെ ആയിരിക്കണം എന്ന് യേശു കർത്താവ് അനേകം ഉദാഹരണങ്ങളിൽക്കൂടി സ്പഷ്ടമാക്കിയിരിക്കുന്നു. മാർച്ച് ലക്കത്തിലെ സന്ദേശം ഈ വിഷയത്തിലേക്ക് വെളിച്ചം വീശുന്നു.

സഭയുടെ ശിരസ്സാകുന്ന കർത്താവിനോട് അനുരൂപരാകുവാൻ വിളിക്കപ്പെട്ടവരാണ് നാം ഓരോരുത്തരും. തിരുവെഴുത്തുകളാൽ പോഷകസമൃദ്ധമായ ഓരോ ലേഖനങ്ങളിലൂടെയും ദൈവത്തിന്റെ പരിശുദ്ധാത്മാവ് വായനക്കാരെ ആത്മികവളർച്ചയ്ക്ക് സജ്ജരാക്കുവാൻ പര്യാപ്തമാണ്. പൂർണ്ണമനസ്സോടെ ഓരോരുത്തരും പ്രാർത്ഥനയോടെലേഖനങ്ങൾ ഓരോന്നും വായിച്ച്, ധ്യാനിച്ച്, ആത്മികവർദ്ധന പ്രാപിക്കണമെന്നുപ്രബോധിപ്പിച്ചുകൊണ്ട് മാർച്ച് ലക്കം മാസിക സമർപ്പിച്ചു കൊള്ളുന്നു.

പുസ്തകം 15 ലക്കം 3
മാർച്ച് 2026

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**പാസ്റ്റർ ബാബൂ ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building, Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription Rs. 350.00
Cover : Google Photos

# ഈ ലക്കത്തിൽ

**നിയമവാദവും ഹൃദയകാഠിന്യവും** 4
ജോയ് എം. തോമസ്

**ക്ഷമയുടെ ഐശ്വര്യത്തെ നിഷേധിക്കുന്നവർ** 7
സാജു മാത്യു

**പിന്മാറാതെ പോരാടുക...** 9
ചെയ്സ് ജോസഫ്

**മുൾത്തണ്ടിൽ വിരിയുന്ന...** 11
ബെഞ്ചമിൻ വർഗീസ്

**മാറ്റം എന്നിലാരംഭിച്ചിരുന്നുവെങ്കിൽ...!** 14
ഡേവിഡ് വിൽക്കേഴ്സൺ

**കൗൺസലിംഗ് വീഥി** 16
ഡോ. സുജിത്ത് സൈമൺ

**കഷ്ടതയുടെ കാണാപ്പുറങ്ങൾ...** 18
മനു എം.എം

**ഒരു നിമിഷം നിൽക്കണമേ...** 20
ബില്ലിഗ്രഹാം

**സംസാരിക്കാൻ കഴിയില്ല...** 22
സുജ വിനു

**വേദ അധ്യയനം** 25
ജോയ് എം. തോമസ്

**വാർത്താവീഥി** 30

**സമാപ്തിക്കുറിപ്പ്** 31
എംസി



ജോയ് എം തോമസ്

# നിയമവാദവും ഹൃദയകാഠിന്യവും

**ദൈ**വത്തെക്കുറിച്ച് ശരിയായ അറിവുണ്ടെങ്കിൽ മാത്രമേ ദൈവത്തിലുള്ള വിശ്വാസം ശരിയാകുന്നുള്ളൂ. സസ്യാഹാരം മാത്രം കഴിക്കുന്ന ഒരു വ്യക്തിയെ ആദരവോടെ വീട്ടിൽ വിളിച്ച് അദ്ദേഹത്തിന്റെ ആഹാരശീലം മനസ്സിലാക്കാതെ മാംസാഹാരം വിളമ്പിക്കൊടുത്താൽ അദ്ദേഹത്തിനത് സ്വീകാര്യം ആയിരിക്കില്ല. അതുപോലെ ദൈവത്തെ, ദൈവത്തിന്റെ ഇഷ്ടം മനസ്സിലാക്കാതെ നമ്മുടെ വിശ്വാസത്തിന് ഒത്തവണ്ണം എന്തെങ്കിലും ഒക്കെ ചെയ്താൽ ദൈവത്തിന് സ്വീകാര്യമായിരിക്കുമോ എന്ന് എല്ലാ ദൈവവിശ്വാസികളും ചിന്തിക്കേണ്ടതാണ്.

ദൈവത്തെക്കുറിച്ചുള്ള തീക്ഷ്ണത എന്ന് കരുതി പലരും നിയമവാദികൾ ആയിത്തീരുന്നു എന്നുള്ളത് ഒരു പരമാർത്ഥമാണ്. വിശുദ്ധ വേദപുസ്തകത്തിൽ കർത്താവായ യേശുക്രിസ്തു അന്നത്തെ പരീശന്മാരെയും അവരുടെ ഉപദേശം പിന്തുടർന്ന യഹൂദന്മാരെയും കപടഭക്തരായി നിരീക്ഷിച്ചതിന്റെ പ്രധാനപ്പെട്ട കാരണം അവരുടെ നിയമവാദം (legalism) ആയിരുന്നു. ഇത് അവരെ മതതീവ്രവാദികൾ ആക്കി എന്നതാണ് വാസ്തവം.

എന്താണ് നിയമവാദം? നിയമങ്ങളെ പാലിക്കുന്നതിനേയും നിയമത്തിന്റെ ആത്മാവിനെക്കാൾ അക്ഷരത്തിന് പ്രാധാന്യം നൽകുന്നതിനെയുമാണ് നിയമവാദം എന്ന് അർത്ഥമാക്കുന്നത്. അതായത് നിയമങ്ങളോടും ചട്ടങ്ങളോടും അക്ഷരാർത്ഥത്തിൽ കർശനമായി ഒട്ടിനിൽക്കുന്ന ഒരു മനോഭാവം. ഇത് അപകടകരമായ ഒന്നാണ്. ദൈവം തന്റെ തിരുവചനത്തിലൂടെ നൽകിയിരിക്കുന്ന കൽപ്പനകളെ അതിന്റെ ഉദ്ദേശ്യത്തിലും അർത്ഥത്തിലും മനസ്സിലാക്കാതെ വന്നാൽ ആത്മീയമാർഗ്ഗം ദുഷിക്കപ്പെടും. ഭക്തി, കപടഭക്തിയായി മാറിപ്പോകും. സ്നേഹത്തിന്റെ അഭാവം വന്നാൽ ഹൃദയം കഠിനപ്പെട്ടുപോകും. വിശുദ്ധ ബൈബിളിൽ നിന്ന് ഒരു വേദഭാഗം ഇവിടെ കുറിക്കുന്നു: ‘എന്നാൽ അന്ന് ശബ്ബത്ത് ആയിരുന്നു. ആകയാൽ യെഹൂദന്മാർ സൗഖ്യം പ്രാപിച്ചവനോട്: ഇന്നു ശബ്ബത്ത് ആകുന്നു; കിടക്ക എടുക്കുന്നതു വിഹിതമല്ല എന്നു പറഞ്ഞു. അവൻ അവരോട്: എന്നെ സൗഖ്യമാക്കിയവൻ: കിടക്ക എടുത്തു നടക്ക എന്ന് എന്നോടു പറഞ്ഞു എന്ന് ഉത്തരം പറഞ്ഞു’ (യോഹന്നാൻ 5 :10,11).

യോഹന്നാന്റെ സുവിശേഷം അഞ്ചാം അധ്യായത്തിലെ പ്രധാനസംഭവം 38 വർഷങ്ങളായി രോഗിയായി കിടപ്പിലായ ഒരു മനുഷ്യനെ കർത്താവായ യേശു സൗഖ്യമാ

ക്കുന്നതാണ്. യേശു അദ്ദേഹത്തെ സൗഖ്യമാക്കിയയത് 'ശബ്ബത്തി'ലായിരുന്നു. എന്നതിനാൽ യഹൂദന്മാർ ആ വലിയ നന്മയെ തിന്മയായി വ്യാഖ്യാനിച്ച് ആ സംഭവത്തെ യേശുവിനെതിരെ വലിയ ആരോപണം ആക്കിത്തീർത്തു.

സൗഖ്യമായ മനുഷ്യൻ കിടക്ക എടുത്തു നടന്നു എന്നത് വലിയ കുറ്റമായാണ് യഹൂദ നിയമവാദികൾ കണ്ടത്. ഈ മനുഷ്യൻ 38 വർഷമായി രോഗം പിടിച്ച് കിടപ്പിലായിരുന്നു എന്ന് ഓർക്കണം. അവനെ അവന്റെ ബന്ധുക്കൾ ആയിരിക്കാം കുളത്തിങ്കൽ എത്തിച്ചത്. അതിനുശേഷം അവർ തിരികെ പോയി. ദൂതൻ വന്നു വെള്ളം കലക്കുമ്പോൾ ആദ്യം ഇറങ്ങുന്ന രോഗി ആരായിരുന്നാലും, എന്തു രോഗം ആയിരുന്നാലും സൗഖ്യം ആകുമെന്ന വിശ്വാസമായിരുന്നു അന്ന് നിലനിന്നിരുന്നത്. ഈ മനുഷ്യനെ വെള്ളത്തിൽ ഇറക്കുവാൻ ആരും ഇല്ലാതിരുന്നതിനാൽ അദ്ദേഹത്തിന് ഒരിക്കലും വെള്ളത്തിൽ ഇറങ്ങുവാൻ കഴിഞ്ഞില്ല. നിസ്സഹായനായ, ആരുമില്ലാത്ത ഈ മനുഷ്യന്റെ അടുക്കൽ യേശു എത്തി 'നിനക്ക് സൗഖ്യം ആകുവാൻ മനസ്സുണ്ടോ' എന്ന് അവനോട് ചോദിച്ചു. സൗഖ്യം ആകുമെന്ന പ്രതീക്ഷ അവനു നഷ്ടപ്പെട്ടിരുന്നു. കാരണം, തന്നെ വെള്ളത്തിൽ ഇറക്കുവാൻ ആരും ഇല്ല എന്ന ചിന്ത അദ്ദേഹത്തെ കീഴ്പ്പെടുത്തിയിരുന്നു. നിരാശയിൽ നിന്നും അവൻ യേശുവിനു നൽകിയ മറുപടി ശ്രദ്ധിക്കുക 'യജമാനനെ വെള്ളം കലങ്ങുമ്പോൾ എന്നെ കുളത്തിലിറക്കുവാൻഎനിക്ക് ആരുമില്ല, ഞാൻ തന്നെ ചെല്ലുമ്പോൾ മറ്റൊരുത്തൻ എനിക്ക് മുമ്പായി ഇറങ്ങുന്നു'.

38 വർഷങ്ങളായി കിടപ്പിലായിരുന്ന നിസ്സഹായനും നിരാശനും നിരാലംബനുമായ രോഗിയോട് യേശു പറഞ്ഞു 'എഴുന്നേറ്റ് നിന്റെ കിടക്ക എടുത്ത് നടക്ക' അത്ഭുതം! ഉടനെ ആ മനുഷ്യൻ സൗഖ്യമായി കിടക്കയെടുത്ത് നടന്നു. ആർക്കാണ് അതിൽ സന്തോഷിക്കുവാൻ കഴിയാത്തത്? നിയമവാദികൾക്ക് ഈ സംഭവം നീരസം ഉളവാക്കി. അവർ സൗഖ്യം പ്രാപിച്ചവനോട് 'ഇന്ന് ശബ്ബത്താകുന്നു, കിടക്ക എടുക്കുന്നത് വിഹിതം അല്ല' എന്നു പറഞ്ഞു. നിയമവാദം അവരുടെ കണ്ണുകളെ കുരുടാക്കി, ഹൃദയത്തെ കഠിനപ്പെടുത്തിയിരുന്നു.

ശബ്ബത്തിൽ കിടക്ക എടുത്ത് നടക്കുവാൻ പാടില്ല എന്ന് ദൈവം കൽപ്പിച്ചിട്ടുണ്ടോ? ശബ്ബത്തിൽ വേല ചെയ്യരുത്, വിശ്രമിക്കണം എന്ന് ദൈവം കൽപ്പിച്ചിട്ടുണ്ട് (പുറപ്പാട് 20:8 - 11) എന്നത് വാസ്തവം. മനുഷ്യന്റെ നന്മയ്ക്കായി ദൈവം നൽകിയ വിശ്രമദിവസമാണ് ശബ്ബത്ത്. എന്നാൽ നിയമവാദികളായ ശാസ്ത്രിമാർ ശബ്ബത്ത് ദിവസം ചെയ്യുവാൻ പാടില്ലാത്ത കാര്യങ്ങളുടെ നീണ്ട ഒരു നിയമാവലി തന്നെ അവരുടെ തത്മൂദിൽ എഴുതി ചേർത്തു. ഒരു ശബ്ബത്ത് ദൂരം എന്ന പ്രയോഗം തന്നെ ഉണ്ടായി. 2000 മുഴം ദൂരം, ഏകദേശം ഒരു കിലോമീറ്റർ അടുത്ത ദൂരമാണ് ശബ്ബത്തിൽ നടക്കാവുന്ന ദൂരമായി അവർ അനുവദിച്ചത്. അതുകൊണ്ടാണ് ശാസ്ത്രിമാരെക്കുറിച്ചും പരീശന്മാരെക്കുറിച്ചും 'ഹാ കഷ്ടം' എന്ന് യേശു പ്രതിവചിച്ചത്. 'അവർ ഘനമുള്ള ചുമടുകളെ കെട്ടി മനുഷ്യരുടെ തോളിൽ വയ്ക്കുന്നു. ഒരു വിരൽ കൊണ്ടുപോലും അവയെ തൊടുവാൻ അവർക്ക് മനസ്സില്ല' (മത്തായി 23 :4). ഭക്തരും വിശുദ്ധരും എന്നു സ്വയം ചിന്തിക്കുകയും പ്രശംസിക്കുകയും ജനങ്ങളുടെ അംഗീകാരം നേടുവാൻ ശ്രമിക്കുകയും ചെയ്ത ശാസ്ത്രിമാരും പരീശന്മാരും കർത്താവിന്റെ മുമ്പിൽ കപടഭക്തരും ജനങ്ങളെ വഞ്ചിക്കുന്നവരും ദൈവത്തോട് മത്സരിക്കുന്നവരും ആയിത്തീർന്നു എന്നതാണ് വാസ്തവം. നിയമവാദത്തിന്റെ അപകടമാണ് ഇത് വിളിച്ചറിയിക്കുന്നത്.

ക്രിസ്തീയവിശ്വാസികളുടെ ഇടയിലും നിയമവാദികൾ ഇല്ലേ? ഉണ്ട്. ആ കൂട്ടത്തിൽ നിങ്ങൾ പെട്ടുപോയിട്ടുണ്ടോ എന്നത് ശോധന ചെയ്യണം. യേശുകർത്താവിനെ അറിയേണ്ടതുപോലെ അറിയുന്നതിനാൽ മാത്രമേ നിയമവാദികൾ ആകാതിരിക്കുവാൻ നമുക്ക് കഴിയൂ. ദൈവസ്നേഹത്തിന്റെ പൂർണ്ണ വെളിപ്പാടാണ് ക്രിസ്തുവിൽ നാം കാണുന്നത്. ആ സ്നേഹം ഉൾക്കൊള്ളുകയും ജീവിതത്തിൽ പകർത്തുകയും ചെയ്യുന്നതിനാൽ മാത്രമേ ക്രിസ്തീയജീവിതം വിജയകരം ആവുകയുള്ളൂ. അതുകൊണ്ടാണ് 'സ്നേഹം ഇല്ലായെങ്കിൽ ഞാൻ ഏതുമില്ല' (1 കൊരിന്ത്യർ 13:2) എന്ന് അപ്പോസ്തലനായ പൗലോസ് തറപ്പിച്ച് പറഞ്ഞിരിക്കുന്നത്.

പാപികളെ തേടിവന്ന രക്ഷകനാണ് യേശു. ദൈവമായിരിക്കുന്ന അവിടുന്ന് ജഡാവതാരം എടുത്ത് ലോകത്തിലേക്ക് വന്നത് ലോകത്തെ വിധിപ്പാനല്ല, പ്രത്യുത രക്ഷിക്കുവാനാണ്. യേശുവിൽക്കൂടി സൗജന്യമായി ലഭിക്കുന്ന പാപക്ഷമ പ്രാപിക്കുവാൻ ഈ ഭൂമുഖത്തുള്ള സകല മനുഷ്യർ

ക്കും അർഹത ഉണ്ട്. അതുകൊണ്ട് ഈ സുവിശേഷം ഭൂലോകം മുഴുവൻ സർവ്വസൃഷ്ടികളോടും അറിയിക്കണം എന്ന് അവിടുന്ന് കൽപ്പിച്ചിരിക്കുന്നു. അവിടുന്ന് ആരെയും തള്ളിക്കളയുന്നില്ല എന്നതുകൊണ്ട്, സമൂഹം തള്ളിക്കളഞ്ഞവരും വെറുക്കുന്നവരുമായ വ്യക്തികളുടെ അടുക്കലേക്ക് കടന്നു ചെല്ലുകയും സൗഖ്യം ആകുവാൻ നിനക്ക് മനസ്സുണ്ടോ എന്ന് കർത്താവ് ചോദിക്കുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ ഈ മനോഭാവം ഉൾക്കൊണ്ട് ഹൃദയം വിശാലമാക്കുന്നവർക്ക് മാത്രമേ സുവിശേഷ സന്ദേശവാഹകരായിരിക്കുവാൻ കഴിയുകയുള്ളൂ.

പശ്ചാത്തലം എന്തായിരുന്നാലും എത്ര ഹീനമായിരുന്നാലും മനസ്സുണ്ടെങ്കിൽ ആർക്കും യേശു നൽകുന്ന സൗഖ്യം അഥവാ പാപമോചനം സ്വീകരിക്കാം, ഒരു പുതിയ സൃഷ്ടിയായി മാറാം. നിത്യജീവന്റെ അവകാശികളായിത്തീരാം. ഈ സന്തോഷവാർത്ത അറിയിക്കുവാനാണ് യേശുകർത്താവ് അവിടുത്തെ ശിഷ്യഗണങ്ങളെ ചുമതലപ്പെടുത്തിയിരിക്കുന്നത്. ക്രിസ്തീയവിശ്വാസികൾ ഈ ദൗത്യബോധത്താൽ ഉണരേണ്ടതായിട്ടുണ്ട്.

നിയമവാദികളും പാരമ്പര്യവാദികളും ക്രിസ്തീയമാർഗ്ഗത്തെ മതമായി അധഃപ്പതിപ്പിക്കുകയും സുവിശേഷത്തിന്റെ വെളിച്ചം കെടുത്തുകയും ചെയ്തിരിക്കുന്നു. രക്ഷകനായ ക്രിസ്തുവിനെ ഉയർത്തിക്കാണിക്കുവാൻ ഉത്തരവാദിത്തപ്പെട്ടവരായ നാം ക്രിസ്തുവിനെ മറയ്ക്കുന്നവരായി തീരുന്നു എന്നത് എത്ര ദു:ഖകരമാണ്? ക്രിസ്തുവിന്റെ പത്രങ്ങളായി, ക്രിസ്തുവിശ്വാസികൾ ശോഭിക്കേണ്ടതാണ്. ക്രിസ്തുവിനെ പ്രസംഗിക്കുന്നത് മതപ്രസംഗം അല്ല. പ്രത്യുത, ദൈവം മനുഷ്യനു വേണ്ടി ഒരുക്കിയ രക്ഷയുടെ സന്ദേശം അറിയിക്കുന്നതാണ്.

കുറെ തത്വസംഹിതകൾ അവതരിപ്പിക്കുകയോ ആചാര അനുഷ്ഠാനങ്ങൾ വിശദീകരിക്കുകയോ ചെയ്യുന്നതല്ല സുവിശേഷ ഘോഷണം. പാപത്തെക്കുറിച്ച് പശ്ചാത്തപിച്ച്, മാനസാന്തരപ്പെട്ട്, ക്രിസ്തുവിന്റെ പ്രായശ്ചിത്ത മരണത്തിൽ വിശ്വസിച്ച്, ക്രിസ്തുവിനെ സ്വീകരിക്കുവാനുള്ള ആഹ്വാനമാണ് സുവിശേഷം നൽകുന്നത്. സുവിശേഷത്തിൽ വിശ്വസിക്കുന്നവർക്ക് അത് അവരെ രൂപാന്തരപ്പെടുത്തുന്ന ദൈവശക്തിയായി അനുഭവിച്ചറിയുവാൻ കഴിയുന്നു. തിരസ്ക്കരിക്കുന്നവർക്ക് ശിക്ഷയും പ്രതിഫലം. അനുസരിച്ച് അനുഗൃഹീതരാകുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. •

## സംസാരിക്കും മുമ്പേ രണ്ടു പ്രാവശ്യം ചിന്തിക്കുക...

**THINK twice before you TALK**

**T** : Truth നാം പറയുന്ന ഏതു കാര്യവും സത്യമാണെന്നു ഉറപ്പു വരുത്തിയതായിരിക്കണം, സത്യമല്ലാത്തതൊന്നും പറഞ്ഞ് നമുക്കും മറ്റുള്ളവർക്കും ദോഷം ചെയ്യുന്നവരാകരുത്.

H : Helpful കേൾക്കുന്നവർക്ക് ആശ്വാസം പകരുവാൻ സഹായകമായിരിക്കണം നമ്മുടെ എല്ലാ വാക്കുകളും, ഒരു വാക്കു പോലും ആരെയും വ്രണപ്പെടുത്തുന്നതായിരിക്കരുത്.

I: Inspiration കേൾവിക്കാരെ ഉത്തേജിപ്പിക്കുന്നതും പ്രചോദിപ്പിക്കുന്നതുമായ വാക്കുകളായിരിക്കണം സംസാരിക്കേണ്ടത്, അല്ലാതെ നിരാശപ്പെടുത്തുന്നതാകരുത്.

N: Necessary ഏതുകാര്യവും അവസരോചിതമാണോ, അനിവാര്യമാണോ, ആവശ്യമാണോ എന്ന് വിലയിരുത്തിയ ശേഷം മാത്രം സംസാരിക്കുക, അനവസരത്തിലാകരുത്.

K: Knowledge കേൾക്കുന്ന വ്യക്തിക്ക് പ്രയോജനപ്രദമായ അറിവുപകരുന്ന കാര്യങ്ങളാണ് ആശയവിനിമയം ചെയ്യേണ്ടത്, ദോഷകരമോ തെറ്റിദ്ധാരണാജനകമോ ആയിരിക്കരുത്.

# ക്ഷമയുടെ ഐശ്വര്യത്തെ നിഷേധിക്കുന്നവർ



സാജു മാത്യു

*വിളിക്കപ്പെട്ടവർ അനേകർ; തെരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം (മത്തായി 22:14).*

**കോ**ളിംഗ്ബെൽ കേട്ടാണ് നിങ്ങൾ കതകു തുറക്കുന്നത്. ഔദ്യോഗിക വേഷമണിഞ്ഞ് ചില സർക്കാർ ഉദ്യോഗസ്ഥർ മുന്നിൽ നിൽക്കുന്നു. വീടിന് പുറത്ത് പോലീസ് അറ്റൻഷനായി നില്ക്കുന്നു... അമ്പരപ്പോടെ നിങ്ങൾ ചുറ്റും നോക്കുമ്പോൾ ഉദ്യോഗസ്ഥർ പറയുന്നു: 'ക്ഷമിക്കണം, ഞങ്ങൾ രാഷ്ട്രപതിഭവനിൽ പ്രസിഡന്റിന്റെ കൊട്ടാരത്തിൽ നിന്നും വരികയാണ്. പ്രസിഡന്റിന്റെ മകന്റെ കല്യാണം... അതിന് ഔദ്യോഗികമായി നിങ്ങളെ ക്ഷണിക്കാനെത്തിയതാണ്!' കൂട്ടത്തിൽ മുതിർന്ന ഉദ്യോഗസ്ഥൻ ഭവ്യതയോടെ നിങ്ങൾക്ക് ക്ഷണക്കത്തു കൈമാറുന്നു....വർണ്ണ രാജികൾ നൃത്തം വെയ്ക്കുന്ന കടലാസിൽ തനി തങ്കലിപികളിൽ ആലേപനം ചെയ്തിരിക്കുന്ന കത്ത്... രാഷ്ട്രപതി ഭവനത്തിന്റെ കൊട്ടാരമുദ്ര പ്രസിഡന്റിന്റെ ചേതോഹരമായ കയ്യൊപ്പ്... 'ഞങ്ങളിറങ്ങട്ടെ.... ഉദ്യോഗസ്ഥർ ഭവ്യതയോടെ മൊഴിഞ്ഞു...' അടുത്തമാസം ഒന്നാം തീയതിയാണു കല്യാണം. ഒരാഴ്ച നീണ്ടുനില്ക്കുന്ന ആഘോഷം! ഒന്നാം തീയതി രാവിലെ ഏട്ടുമണിക്ക് വീട്ടുപടിക്കൽ രാജവാഹനമെത്തും. കല്യാണത്തിനു ധരിക്കാനുള്ള സ്യൂട്ടും ചെരുപ്പും കയ്യിൽ മോതിരവും എല്ലാം രാജവാഹനത്തിൽ കരുതിയിട്ടുണ്ട്. ഒരാഴ്ചത്തേക്ക് ആവശ്യമുള്ളതെല്ലാം കൊട്ടാരത്തിൽ ഒരുക്കിയിരിക്കുന്നു... ഒന്നും നിങ്ങൾ കൊണ്ടുവരേണ്ടതില്ല... ക്ഷണിക്കപ്പെട്ടവർക്കായി സമ്മാനങ്ങളും കൊട്ടാരത്തിൽ കരുതിയിട്ടുണ്ട്...'

ഉദ്യോഗസ്ഥർ ഇറങ്ങി നടക്കുമ്പോൾ നിങ്ങളുടെ മനസ്സിന്റെ വികാരം എന്തായിരിക്കും? ഹോ! എന്തൊരു ഭാഗ്യം! രാഷ്ട്രപതിയുടെ മകന്റെ വിവാഹത്തിന് ഇതാ ഞാൻ ക്ഷണിക്കപ്പെട്ടിരിക്കുന്നു! അടുത്ത മാസം ഒന്നാം തീയതി ഒന്നു വേഗമിങ്ങെത്തിയിരുന്നെങ്കിൽ! എന്നെ രാജസന്നിധിയിലേക്ക് കൊണ്ടുപോകുന്ന രാജവാഹനം ഒന്നു നേരത്തെ ഇങ്ങു വന്നെത്തിയിരുന്നെങ്കിൽ...

എന്നാൽ ഒന്നാം തീയതി രാജവാഹനം വന്നെത്തുമ്പോൾ നിങ്ങൾ അതിനായി കാത്തുനിൽക്കുന്നില്ലെങ്കിലോ? നിങ്ങളെ കാണാതെ രാജപ്രതിനിധി വീണ്ടും വീട്ടിലെ കോളിംഗ് ബെൽ മുഴക്കുന്നു... ഉറക്കച്ചടവോടെ നിങ്ങൾ കിടക്കയിൽ നിന്നെഴുന്നേറ്റ് കോട്ടുവായിട്ട് കതകു തുറന്നുചെന്നാൽ എന്തായിരിക്കും രാജപ്രതിനിധി ചോദിക്കുക! 'എന്താണിത് സർ! ഒരു മാസം മുൻപു തന്നെ രാഷ്ട്രപതി ക്ഷണക്കത്ത് തന്ന് ഒരുങ്ങിയിരിക്കാൻ ആവശ്യപ്പെട്ടതല്ലേ? കൊട്ടാരത്തിൽ വിരുന്നൊരുങ്ങിയിരിക്കുന്നു... രാജവാഹനവും കാത്തു നില്ക്കുന്നു... വേഗം! വേഗം!'

നിങ്ങൾ ഒരിക്കലെങ്കിലും പറയുമോ? 'ക്ഷമിക്കണം, എന്റെ തെങ്ങിൻ പുരയിടത്തിൽ തേങ്ങയിടാൻ തെങ്ങു കയറ്റക്കാരൻ വന്നിരിക്കുന്നു; അത് നോക്കിച്ചെയ്യിക്കാൻ എനിക്കു പോകണം....' അതല്ലെങ്കിൽ, 'ഞാനൊരു കാറുവാങ്ങാൻ അഡ്വാൻസ് കൊടുത്തുകഴിഞ്ഞു. ഇന്ന് അതിന്റെ ടെസ്റ്റ്ഡ്രൈവ് ആണ്!' അതുമല്ലെങ്കിൽ, 'എന്റെ അമ്മായി എനിക്കും ഭാര്യയ്ക്കും ഇന്ന് ഒരു വിരുന്നു തരാം എന്നു പറഞ്ഞിട്ടുണ്ട്..' ഇങ്ങനെയൊക്കെയുള്ള ഒഴികഴിവുകൾ നിങ്ങൾ നിരത്തിവെയ്ക്കുമോ? നിങ്ങൾ അങ്ങനെ ചെയ്താൽ നിങ്ങളോളം പമ്പരവിഡ്ഢി ആരാണുണ്ടാവുക? അത് വിഡ്ഢിത്തം മാത്രമല്ല, അഹങ്കാരവുമാണെന്നു നിങ്ങൾക്കറിയാം !

നമ്മുടെ വേദഭാഗത്തെ ഉപമയിൽ യേശുകർത്താവ് ഇങ്ങനെയുള്ള 'അഹങ്കാരികളായ ചില

വിഡ്ഢികളെ' (അതോ, വിഡ്ഢികളായ അഹങ്കാരികളോ?) നമുക്കു മുൻപിൽ വരച്ചു കാട്ടുന്നു! 'സ്വർഗ്ഗരാജ്യം തന്റെ പുത്രനുവേണ്ടി കല്യാണസദ്യ കഴിച്ച ഒരു രാജാവിനോടു സദൃശ്യം!' (മത്തായി 22: 2). യഹൂദറബ്ബിമാർ ദൈവത്തെ രാജാവായും യിസ്രയേൽ രാഷ്ട്രത്തെ രാജകുമാരനായും (പുത്രൻ) ചിത്രീകരിച്ചിരുന്നു. മശിഹയുമായി ബന്ധപ്പെട്ട് ദൈവരാജ്യത്തിൽ വലിയൊരു വിരുന്നുണ്ടാവുമെന്ന് യിസ്രയേല്യരൊക്കെ വിശ്വസിച്ചിരുന്നു. അവരുടെ ചിന്തയനുസരിച്ച് യിസ്രായേലിന്റെ രക്ഷകനും ഭാവി ഭരണകർത്താവുമാണു മശിഹ! പിതാവ് മശിഹയെ ഭൂമിയിലേക്കയക്കുന്നത് യിസ്രയേലിന്റെ വിജാതീയ ശത്രുക്കളെയെല്ലാം കൊന്നുമുടിച്ച് ഭൂമിയിൽ യഹൂദരാഷ്ട്രം സ്ഥാപിക്കുന്നതിനാണ്! സകല രാഷ്ട്രങ്ങളും സകല വിജാതീയരും പിന്നീട് യിസ്രായേലിന് അടിമകളാണ്.

മശിഹയുടെ ഈ രാജ്യം ഭൂമിയിലാണെന്നായിരുന്നു യഹൂദചിന്ത... ആ മശിഹൈക രാഷ്ട്രത്തിന്റെ അവകാശികൾ യഹൂദർ മാത്രം! എന്നാൽ ആ രാഷ്ട്രത്തിൽ അന്നു ജീവിച്ചിരിക്കുന്ന യഹൂദർ മാത്രമായിരിക്കില്ല അവകാശികൾ... പ്രത്യുത, ചരിത്രത്തിൽ ജീവിച്ചു മരിച്ചു മണ്മറഞ്ഞ യഹൂദരിലെ നീതിമാന്മാർ അന്ന് ഉയിർത്തെഴുന്നേറ്റ മശിഹയുടെ ഭരണത്തിൻ കീഴിൽ നന്മകളനുഭവിക്കുമെന്നും യഹൂദർ വിശ്വസിച്ചിരുന്നു! വിരുന്നുകളുമായി ബന്ധപ്പെട്ട് പല ഉപമകൾ യേശുകർത്താവു പറഞ്ഞിട്ടുണ്ട്. നമ്മുടെ വേദഭാഗത്തോട് പല രീതിയിൽ സമാനത പുലർത്തുന്ന മറ്റൊരു 'വിരുന്നുപമ' ലൂക്കൊസിന്റെ സുവിശേഷത്തിൽ കാണുന്നുണ്ട് (ലൂക്കൊസ് 14: 12–24). ഒരു വിരുന്നുവീട്ടിൽ (പരീശപ്രമാണിയുടെ വീട്ടിൽ) വിരുന്നുണ്ണുമ്പോഴാണ് യേശു ഈ വിരുന്നുപമ പറയുന്നത്. 'നീ വിരുന്നു കഴിക്കുമ്പോൾ; ദരിദ്രർ, അംഗഹീനർ, മുടന്തർ, കുരുടർ എന്നിവരെ ക്ഷണിക്ക... എന്നാൽ, നീതിമാന്മാരുടെ പുനരുത്ഥാനത്തിൽ നിനക്കു പ്രത്യുപകാരം ഉണ്ടാകും" (ലൂക്കൊസ് 14:13,14).

'നീതിമാന്മാരുടെ പുനരുത്ഥാനം' എന്ന് യേശു പറയുന്നതുകേട്ടതും, വിരുന്നിൽ പന്തിയിലിരിക്കുന്ന ഒരു യെഹൂദൻ ചാടിക്കയറിപ്പറഞ്ഞു: 'ദൈവരാജ്യത്തിൽ ഭക്ഷണം കഴിക്കുന്നവൻ ഭാഗ്യവാൻ!' ഭൂമിയിൽ മശിഹ രാജ്യം സ്ഥാപിക്കുമ്പോൾ മരിച്ച യെഹൂദരിൽ 'നീതിമാന്മാർ' പുനരുത്ഥാനം പ്രാപിക്കുമെന്ന് അവർ വിശ്വസിച്ചിരുന്നല്ലോ...

എന്നാൽ, മശിഹയുടെ രാജ്യം യെഹൂദന്മാർക്കു വേണ്ടി മാത്രമുള്ളതല്ലെന്നും, യെഹൂദന്മാരിൽത്തന്നെ പലർക്കും അതിൽ പ്രവേശിക്കുക ദുഷ്കരമാണെന്നും യേശു മറുപടി പറയുന്നു... അത് വിശദീകരിക്കാനാണ് യേശു ഈ വിരുന്നുപമ പ്രാഥമികമായും ഉപയോഗിക്കുന്നത്. മത്തായിയുടെ സുവിശേഷത്തിൽ നമ്മുടെ വേദഭാഗത്തും ഇതേ അർഥത്തിലാണ് യേശു വിരുന്നുപമ വിശദീകരിക്കുന്നത്: ദൈവം യെഹൂദനെ തന്റെ രാജ്യത്തിലേക്കു ക്ഷണിച്ചു... എന്നാൽ ദൈവത്തിന്റെ ക്ഷണം നിരസിക്കുന്നവർക്ക് ദൈവരാജ്യത്തിൽ പങ്കില്ലെന്നു മാത്രമല്ല, ദൈവം അവരെ നശിപ്പിക്കുകയും ചെയ്യും (മത്തായി 22: 7) എന്ന് കർത്താവു പറയുന്നു... 'വിളിക്കപ്പെട്ടവർ അനേകർ; തെരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം' (മത്തായി 22:14).

യെഹൂദന്മാർ വിളിക്കപ്പെട്ടു എന്നത് യാഥാർത്ഥ്യമാണ്. എന്നാൽ അവർ ദൈവത്തിന്റെ ക്ഷണം ഗൗരവമായി എടുത്തില്ല. ദൈവം ക്ഷണിച്ചത് ഒരിക്കൽ മാത്രമല്ല... അവൻ കല്യാണത്തിനു 'ക്ഷണിച്ചവരെ'വിളിക്കേണ്ടതിനു ദാസന്മാരെ പറഞ്ഞയച്ചു... അവർക്കോ വരുവാൻ മനസ്സായില്ല' (മത്തായി 22: 3). രാജാധിരാജാവായ ദൈവം തന്റെ പുത്രന്റെ രാജ്യത്തിലേക്ക് കീടങ്ങളായ മനുഷ്യരെ തുടരെത്തുടരെ വിളിച്ചുകൊണ്ടിരിക്കുന്നു എന്നത് എത്ര അത്ഭുതാവഹമാണ്! എന്നാൽ നമ്മെയൊക്കെ അമ്പരപ്പിച്ചുകൊണ്ട് കഥയിൽ ഒരു 'മലക്കംമറിച്ചിൽ' നടക്കുന്നു... 'അവർക്കോ വരുവാൻ മനസ്സായില്ല' (മത്തായി 22:3). ദൈവത്തിന്റെ മനസ്സലിവു നോക്കണേ... 'പിന്നെയും അവൻ മറ്റു ദാസന്മാരെ അയച്ചു... എന്റെ മുത്താഴം ഒരുക്കിത്തീർന്നു, എന്റെ കാളകളെയും തടിപ്പിച്ച മൃഗങ്ങളെയും അറുത്തു, എല്ലാം ഒരുങ്ങിയിരിക്കുന്നു... കല്യാണത്തിനു വരുവിൻ' എന്ന് ക്ഷണിച്ചവരോടു പറയിച്ചു... (മത്തായി 22: 4).

ദൈവം തന്റെ വിരുന്നിലേക്ക് നമ്മെയൊക്കെ ക്ഷണിച്ചതുതന്നെ അത്ഭുതം... അങ്ങനെയെങ്കിൽ അവന്റെ ക്ഷണത്തെ നിരസിക്കുന്നവരെ അവൻ വീണ്ടും വീണ്ടും ക്ഷണിക്കുന്നത് എത്രയോ മഹാത്ഭുതം! എന്തുകൊണ്ട് ദൈവത്തിന്റെ നിരന്തരമായ അഭ്യർത്ഥനയെ മനുഷ്യൻ നിഷേധിക്കുന്നു? "അവൻ അത് കൂട്ടാക്കാതെ" ഒരുത്തൻ തന്റെ നിലത്തിലേക്കും മറ്റൊരുത്തൻ തന്റെ വ്യാപാരത്തി

ശേഷം പേജ് 28 ▶



ചെയ്സ് ജോസഫ്

# പിന്മാറാതെ പോരാടുക

**എ**ബ്രായർ 10: 37 മുതൽ 39 വരെയുള്ള വാക്യങ്ങളിൽ വിശ്വാസത്തിൽ നിലനിൽക്കുകയും പോരാടുകയും ചെയ്യേണ്ടതിന്റെ ആവശ്യം എന്തെന്ന് കാണാം. എബ്രായർ 10: 37 ൽ 'ഇനി എത്രയും അല്പകാലം കഴിഞ്ഞിട്ട് വരുവാൻ ഉള്ളവൻ വരും. താമസിക്കുകയുമില്ല'. ഒട്ടും താമസിക്കാതെ ഇനി എത്രയും വേഗം കർത്താവ് മടങ്ങിവരും എന്ന ഒരു വാഗ്ദത്തം ആണല്ലോ ഈ വാക്യത്തിൽ ലഭിക്കുന്നത്. പക്ഷേ ഇത് 2000 വർഷങ്ങൾക്കു മുമ്പ് എഴുതപ്പെട്ട ലേഖനമാണ്. ഈ കാലയളവ് പരിശോധിക്കുമ്പോൾ നാം എപ്പോഴും ഉള്ളിൽ ചോദിക്കുന്ന ഒരു ചോദ്യമായിരിക്കാം. എന്തുകൊണ്ടാണ് 'ഈ അല്പകാലം' ഇനിയും പൂർത്തിയാകാത്തതെന്ന്? നിത്യനായ കർത്താവ് സമയത്തോട് ഇടപെടുന്ന രീതികൾ നമുക്ക് മനസ്സിലാക്കുവാൻ സാധ്യമല്ല. അന്ന് അറിയപ്പെട്ടിരുന്ന മനുഷ്യസമൂഹങ്ങൾ വളരെ കുറച്ച് സ്ഥലങ്ങളിൽ മാത്രമേ അവരുടെ അറിവിൽ ഉണ്ടായിരുന്നുള്ളൂ. ആ സ്ഥലങ്ങളിലെല്ലാം സുവിശേഷം വളരെ വേഗം വ്യാപിക്കുകയും ചെയ്തു. എന്നാൽ അറിയപ്പെടാതിരുന്ന പുതിയ ഭൂഖണ്ഡങ്ങളേയും നിവാസികളെയും അതിനുശേഷം മനുഷ്യർ കണ്ടെത്തി. യേശുക്രിസ്തുവിൽ എല്ലാറ്റിനെയും ഒന്നായി ചേർക്കുക എന്നുള്ള പിതാവിന്റെ ഹിതം നിറവേറുന്നതിന്, ലോകത്തിന്റെ എല്ലാ കോണുകളിൽ നിന്നും ആളുകൾ രക്ഷിക്കപ്പെടേണ്ടത് ആവശ്യമാണ്. വീണ്ടെടുക്കപ്പെട്ടവരുടെ കൂട്ടത്തിൽ എല്ലാ ജാതി, വർഗ്ഗ, വർണ്ണ, ഗോത്രങ്ങളിൽ നിന്നുമുള്ളവർ ഉണ്ടായേ പറ്റൂ. ദൈവസഭയുടെ പൂർണ്ണത വരുന്ന നാൾ വരെയും 'ഈ അല്പ കാലം' തുടരും.

എന്നാൽ ഇത് ദീർഘമായ ഒരു കാത്തിരിപ്പല്ല എന്ന് മനസ്സിലാക്കണം. ഓരോ മനുഷ്യനും വളരെ ചുരുങ്ങിയ വർഷങ്ങൾ മാത്രമാണ് കാത്തിരിക്കുന്നത്. 2000 വർഷമായി ഞാൻ കാത്തിരിക്കുകയാണ് എന്ന് ആർക്കും അവകാശപ്പെടുവാൻ സാധ്യമേയല്ലല്ലോ. ആ ചുരുങ്ങിയ ജീവിതകാലത്തെ കാത്തിരിപ്പ് ആണ് വിശ്വാസജീവിതം. അതുകൊണ്ട് നിത്യമായി കാത്തിരിക്കേണ്ട ആവശ്യം നമുക്ക് ഉണ്ടാകുന്നില്ല. നാം ഈ ലോകത്ത് ജീവിക്കുന്ന ഓരോനിമിഷവും വിശ്വാസത്താൽ ജീവിക്കുന്നവർ ആയിരിക്കണം.

**ആ ചുരുങ്ങിയ ജീവിതകാലത്തെ കാത്തിരിപ്പ് ആണ് വിശ്വാസ ജീവിതം. അതുകൊണ്ട് നിത്യമായി കാത്തിരിക്കേണ്ട ആവശ്യം നമുക്കുണ്ടാകുന്നില്ല. നാം ഈ ലോകത്ത് ജീവിക്കുന്ന ഓരോ നിമിഷവും വിശ്വാസത്താൽ ജീവിക്കുന്നവരായിരിക്കണം.**

എബ്രായർ 10: 38 ലെ 'എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും' എന്ന ഉദ്ധരണി റോമറിലും എബ്രായരിലും ഉപയോഗിച്ചിട്ടുണ്ട്. എങ്കിലും

ആ വാക്യം രണ്ട് അർത്ഥ തലങ്ങളിലാണ് പ്രയോഗിക്കപ്പെട്ടിരിക്കുന്നത്. റോമാലേഖനത്തിൽ ഈ വാക്യം ഉദ്ധരിക്കുമ്പോൾ എങ്ങനെയാണ് ഒരു വ്യക്തി ദൈവമുമ്പിൽ നീതീകരിക്കപ്പെടുന്നത് എന്ന് പഠിപ്പിക്കാൻ വേണ്ടിയാണ്. അതായത് പ്രവൃത്തികളാലോ അനുഷ്ഠാനങ്ങളാലോ അല്ല ഒരു മനുഷ്യൻ വിശ്വാസത്താൽ മാത്രമാണ് ദൈവസന്നിധിയിൽ സ്വീകാര്യൻ ആകുന്നത്. എന്നാൽ എബ്രായലേഖനത്തിൽ ഈ വാക്യം ഊന്നൽ കൊടുക്കുന്നത് കർത്താവ് വരുന്നത് വരെയുള്ള ചുരുങ്ങിയ കാലം എങ്ങനെ ജീവിക്കണം എന്ന് കാണിക്കാൻ വേണ്ടിയാണ്.

ഈ രണ്ടു കാര്യങ്ങളും വിശ്വാസത്തിന്റെ രണ്ടു തലങ്ങളാണ് വെളിപ്പെടുത്തുന്നത്. നാം വീണ്ടും ജനിക്കുമ്പോൾ നീതീകരണത്തിനായി ഒരിക്കലായി ലഭിക്കുന്ന വിശ്വാസമാണ് റോമറിലേത്. വിശുദ്ധിയിലേക്കും നിത്യമായ പ്രത്യാശയിലേക്കും നമ്മെ നയിക്കുന്ന, ആശിക്കുന്നതിന്റെ ഉറപ്പു നൽകുന്ന, കാണാത്ത കാര്യങ്ങളുടെ തെളിവുകൾ നൽകുന്ന, അതിവിശുദ്ധ വിശ്വാസമാണ് എബ്രായ ലേഖനം നമ്മോട് സംസാരിക്കുന്ന രണ്ടാമത്തെ തലം. റോമാലേഖനം ഒന്നാം അധ്യായത്തിൽ ദൈവത്തിനു മുമ്പിൽ നാം പ്രാപിക്കുന്ന ജീവനെക്കുറിച്ചും എബ്രായ ലേഖനത്തിൽ നാം അനുദിനം വിശ്വാസത്തിനായി പോരാടി ജീവിക്കുന്നതിനെ സംബന്ധിച്ചും ആണ് പരാമർശം.

റോമാലേഖനവും എബ്രായലേഖനവും രണ്ട് പശ്ചാത്തലത്തിൽ രണ്ട് കാര്യങ്ങളെക്കുറിച്ച് സംസാരിക്കുന്നതിനായി എഴുതപ്പെട്ട ലേഖനങ്ങളാണ്. റോമാലേഖനം നീതീകരണത്തെക്കുറിച്ചും എബ്രായ ലേഖനം വിശുദ്ധികരണത്തിനായുള്ള അനുദിന പോരാട്ടത്തെക്കുറിച്ചും ആണ് വിവരിക്കുന്നത്. ഉപദേശം, ബുദ്ധികൊണ്ട് മാത്രം മനസ്സിലാക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന ഒരു സാഹചര്യം ഇന്ന് നമ്മുടെ ചുറ്റുമുണ്ട്. അതുകൊണ്ട് നീതികരണത്തെക്കുറിച്ച് മാത്രം പഠിപ്പിക്കുവാനാണ് മിക്കവാറും സത്യസുവിശേഷ സഭകൾ പോലും ശ്രദ്ധിക്കുന്നത്. വിശുദ്ധീകരണത്തിനുള്ള പോരാട്ടം അവഗണിക്കപ്പെടുന്നതായി കാണുന്നു. ഈ സാഹചര്യത്തിലാണ് പ്രസ്തുത വാക്യങ്ങൾ നമ്മോട് തീഷ്ണമായി സംസാരിക്കുന്നത്. വിശ്വാസത്തിൽ നാം പോരാടുന്നില്ലെങ്കിൽ ദൈവത്തിന് നമ്മിൽ പ്രസാദമില്ല. ദൈവപ്രസാദമാണ് നമ്മുടെ ലക്ഷ്യമെങ്കിൽ വിശുദ്ധീകരണം അതിൽ ഏറ്റവും പ്രധാനപ്പെട്ട പ്രക്രിയയാണ്. അതുകൊണ്ടുതന്നെ നാം അതിവിശുദ്ധ വിശ്വാസത്തിനായി പോരാടേണ്ടതാണ്. വിശ്വാസം ജീവനെ ഉത്പാദിപ്പിക്കാത്ത ചത്ത അവസ്ഥയെക്കുറിച്ച് യാക്കോബും പ്രസ്താവിച്ചിട്ടുണ്ട്.

എബ്രായ 10:39 ലെ മുന്നറിയിപ്പിനുശേഷം ആശ്വാസകരമായ ഒരു ഉത്ബോധനം കാണുന്നു. നാം നാശത്തിലേക്ക് പിന്മാറുന്നവരുടെ കൂട്ടത്തിൽ ആയതുകൊണ്ടല്ല ഈ മുന്നറിയിപ്പുകൾ നൽകുന്നത്. പ്രത്യുത, വിശ്വാസത്തിനുള്ള പോരാട്ടം എത്ര വലിയതാണെന്നും എത്ര ഗൗരവമേറിയതാണെന്നും മനസ്സിലാക്കിത്തരുന്നതിനാണ്. •

STATEMENT OF OWNERSHIP AND OTHER PARTICULARS
ABOUT THE NEWSPAPER NERVEEDHI

**FORM 1V - SEE RULE 8**

| | | |
|---|---|---|
| 1. Place of publication | : | Kottayam |
| 2. Periodicity of the publication | : | Monthly |
| 3. Printer's Name | : | James M.T. |
| Whether citizen of India | : | Yes |
| Address | : | Mackal House<br>Amayannoor P.O<br>Kottayam 686019 |
| 4. Publisher's Name | : | James M.T. |
| Whether citizen of India | : | Yes |
| Address | : | As above |
| 5. Editor's Name | : | P.V. Varghese |
| Whether citizen of India | : | Yes |
| Address | : | Pylithanathu House<br>Amayannoor P O<br>Kottayam 686019 |

6. Name and Address of individuals who own the newspaper and partners or share holders holding more than one percent of total capital. The Newspaper is owned by Righteous Path Publication Trust.

Trustees:

1. Joykutty Mackal Thomas, Mackal House, Amayannoor P.O, Kottayam,Kerala 686019
2. James M.T., Mackal House, Amayannoor P.O, Kottayam Kerala 686019
3. Korah C Chacko, Chalakariyil house, Arpookara West P O Kottayam, Kerela 686008

I, James M.T., hereby declare that the particulars given above are true to the best of my knowledge and belief.

Kottayam
10-3-2026

Sd/-
Publisher

ബെഞ്ചമിൻ വർഗീസ്

# മുൾത്തണ്ടിൽ വിരിയുന്ന പനിനീർ പുഷ്പങ്ങൾ

***ഫെബ്രുവരി ലക്കത്തിന്റെ തുടർച്ച...***

**പെ**രുന്നാൾ അടുത്തു വരികയാണ്. ജനങ്ങൾ എല്ലാത്തവണയും പോലെ ആയിരക്കണക്കായി യരുശലേമിലെത്തും. ആ മറവിൽ നഗരത്തിനുള്ളിൽ കടന്നുകൂടണം. പിന്നെ ഒട്ടും പ്രതീക്ഷിക്കാത്ത സമയത്ത് റോമക്കാരെ ആക്രമിക്കണം. അവർ തിരിച്ചടിക്കാൻ ശ്രമിച്ചാൽ അതൊരു കലാപമായി മാറും. അതോടെ റോമക്കാർക്ക് പിടിച്ചുനിൽക്കാനാവതെ വരികയും ചെയ്യും. അയാൾ കണക്കുകൂട്ടി. 'മണ്ടത്തരമാണ് അയാൾ പറയുന്നത്' ദിസ്മാസ് ഗസ്റ്റസിനോട് പറഞ്ഞു. 'പെരുന്നാളിന്റെ സമയത്ത് റോമക്കാർ കൂടുതൽ ജാഗരൂഗരായിരിക്കും. എങ്ങാനും അവരുടെ കയ്യിൽ പെട്ടാൽ... ഹോ! അതോർക്കാൻ കൂടെ വയ്യ.' ദിസ്മാസിന്റെ വാക്കുകളിൽ ഭയം തളം കെട്ടിയിരുന്നു. ഗസ്റ്റസിനും അത് ശരിയാണെന്ന് തോന്നി. പക്ഷേ അയാളൊരു ഭീരുവാകാൻ ഒരുക്കമല്ലായിരുന്നു. തന്നെയുമല്ല ഈ പദ്ധതി വിജയിച്ചാൽ, തന്നെ കാത്തിരിക്കുന്ന സ്ഥാനമാനങ്ങൾ അയാളെ ആ സാഹസികദൗത്യത്തിനായി പ്രേരിപ്പിച്ചു. 'വാളിന്റെ വഴിയിൽ എന്നും അപകടമുണ്ട്. അതുകണ്ട് പിന്മാറുന്നവൻ ഭീരുവാണ്. ഒരുപക്ഷേ ദൈവമായിരിക്കും ബറബ്ബാസിന് ഈ ആശയം കൊടുത്തത്' അയാൾ പറഞ്ഞു. മനസ്സില്ലാമനസ്സോടെയാണെങ്കിലും ദിസ്മാസ് തലകുലുക്കി.

സംഭവിച്ചത് പക്ഷേ മറിച്ചായിരുന്നു. ബറബ്ബാസിന്റെ പദ്ധതി ചോർന്നു. നഗരത്തിലെത്തിയ പാടെ അയാളെയും ഒപ്പം ഗസ്റ്റസിനെയും ദിസ്മാസിനെയും റോമൻ സൈന്യം പിടികൂടി തുറുങ്കിലടച്ചു. ഇനി അവരെ കാത്തിരിക്കുന്നത് ക്രൂരമായ ക്രൂശുമരണമാണ്. അതേക്കുറിച്ചാലോചിച്ചപ്പോഴെ ദിസ്മാസ് നടുങ്ങിവിറച്ചു. ഗസ്റ്റസിനപ്പോഴും പ്രതീക്ഷയുണ്ടായിരുന്നു. 'റബ്ബി യാക്കോബ് പറഞ്ഞ ദൈവത്തിന്റെ കരം നമ്മെ ഇവിടെനിന്നും വിടുവിക്കും'അയാൾ ആരോടെന്നില്ലാതെ പറഞ്ഞു. ബറബ്ബാസാകട്ടെ തുറുങ്കിൽ വന്ന അന്നു മുതൽ നിശബ്ദനാണ്. ഇടയ്ക്കിടെ വന്നുപോകുന്ന ചില സന്ദർശകരോടല്ലാതെ അയാൾ മറ്റാരോടും മിണ്ടുന്നതേയില്ല. ആരാണു വന്നുപോകുന്നതെന്നോ, അവരെന്താണ് സംസാരിക്കുന്നതെന്നോ ഗസ്റ്റസിനും ദിസ്മാസിനും മനസിലായില്ല. അവിടെ നിന്നും രക്ഷപെടാനുള്ള ഏതെങ്കിലും പദ്ധതി തയാറാക്കുകയായിരിക്കും. അവർ വെറുതെ പ്രതീക്ഷിച്ചു. അപ്പോഴും കൈവിരലുകളിലെണ്ണാവുന്ന ദിനങ്ങളെ തങ്ങൾക്ക് മുമ്പിൽ ഉള്ളൂ എന്ന് അവർക്കറിയാമായിരുന്നു.

അങ്ങനെയിരിക്കെയാണ് ജനക്കൂട്ടത്തിന്റെ വലിയ ആരവം അവരുടെ കാതുകളിൽ വന്നലച്ചത്. 'കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ' എന്ന ഒരുമിച്ചുള്ള ആർപ്പിടൽ ആ തടവറയുടെ ചുവരുകളെ പ്രകമ്പനം കൊള്ളിച്ചു. 'അത് മശിഹയാണ്, അവൻ റോമക്കാരെ തുരത്തും. നമ്മെ രക്ഷിക്കും' ഗസ്റ്റസ് ആവേശത്തോടെ പറഞ്ഞു. 'അതാരായിരിക്കും? ബറബ്ബാസ് തെല്ലു നിരാശയോടെയാണത് ചോദിച്ചത്. പിന്നീടാരോ പറഞ്ഞവർ അറിഞ്ഞു, അത് യേശു ആയിരുന്നുവെന്നും ജനം വലിയ ആവേശത്തോടെ അവനെ സ്വീകരിച്ചുവെന്നും. ആ വാർത്ത അവരെ തെല്ലൊന്നുമല്ല ബാധിച്ചത്. 'ക്ഷമയുടെയും ത്യാഗത്തിന്റെയും മാർഗ്ഗം പ്രസംഗിച്ചു നടക്കുന്ന യേശുവാണ് യിസ്രായേലിന്റെ മശിഹയെന്നോ?' അവർക്കൊന്നും മനസ്സിലായില്ല.

പിറ്റേന്ന് രാവിലെയും ബറബ്ബാസിന് സന്ദർശകനുണ്ടായിരുന്നു. ഇക്കുറി കുറെനേരം

അവരെന്തൊക്കെയോ സംസാരിച്ചു. അയാൾ പോയപ്പോൾ മുതൽ ബറബ്ബാസിന്റെ മുഖത്ത് പ്രകാശം പരന്നത് ഗസ്റ്റസും ദിസ്മാസും ശ്രദ്ധിച്ചു. ഇനി മശിഹ തങ്ങളുടെ രക്ഷയ്ക്കായി എന്തെങ്കിലും ചെയ്തുവോ? ബറബ്ബാസ് അവരോടൊന്നും മിണ്ടിയതേയില്ല. 'ഇനി ഒരുവേള അയാൾക്ക് മാത്രം രക്ഷപ്പെടാനുള്ള വഴിയാണോ ബറബ്ബാസ് ശ്രമിക്കുന്നത്' ഒരല്പം ആശങ്കയോടെയാണ് ദിസ്മാസ് ആ ചോദ്യം ചോദിച്ചത്. 'ഒരിക്കലുമില്ല. അയാൾ യഥാർത്ഥ നേതാവാണ്. ഒരിക്കലും അയാൾ നമ്മെ കൈവിടില്ല' ഗസ്റ്റസ് പ്രതിവചിച്ചു.

ആ പ്രതീക്ഷയും അസ്ഥാനത്തായി. അവരുടെ ക്രൂശികരണത്തിന്റെ രാവിലെ, നേരം പുലർന്നുവരുന്നതേ ഉണ്ടായിരുന്നുള്ളൂ. സകലപ്രതീക്ഷയും അറ്റവരായി അനിവാര്യമായ ക്രൂശുമരണത്തെയോർത്ത് ഭയന്നുവിറയ്ക്കുകയാണവരിരുവരും. ബറബ്ബാസ് മാത്രം അഴികൾക്കിടയിലൂടെ ദൂരെയെങ്ങോട്ടോ നോക്കിയിരിക്കുന്നുണ്ടായിരുന്നു. അധികം താമസിയാതെ തന്നെ അവരെ മൂവരെയും ബന്ധിതരാക്കി പീലാത്തോസിന്റെ അരമനയിലെത്തിച്ചു. ഇനി ക്രൂശികരണത്തിനായി പട്ടാളത്തിനു കൈമാറുക എന്നതു മാത്രമാണ് അവശേഷിക്കുന്ന ചടങ്ങ്. ദൂരത്തായി ഒരുക്കി വച്ചിരിക്കുന്ന ക്രൂശുകൾ ദിസ്മാസിന്റെ ശ്രദ്ധയിൽ പെട്ടു. അതു കണ്ടതും അയാളുടെ ഉൾത്തടത്തിലെവിടേയോ നിന്നും ഒരാന്തൽ കയറിവരുന്നത് അയാൾക്കനുഭവപ്പെട്ടു. അതിലൊരു ക്രൂശ് മറ്റുള്ളവയിൽനിന്നും വലുതാണല്ലോ എന്ന കാര്യവും അയാൾ ശ്രദ്ധിച്ചു. മഹാപുരോഹിതന്മാരും മതനേതാക്കന്മാരും അടക്കം നിരവധി ആളുകൾ പീലാത്തൊസിന്റെ അരമനയുടെ നടുത്തളത്തിൽ തിങ്ങിനിറഞ്ഞിരുന്നു. ആ നേതാക്കന്മാരിൽ ചിലരൊക്കെയാണല്ലോ തടവറയിൽ ബറബ്ബാസിനെ സന്ദർശിച്ചിരുന്നതെന്ന് ദിസ്മാസ് തിരിച്ചറിഞ്ഞു. അയാൾക്ക് കാര്യം ഏകദേശം പിടികിട്ടി. പെരുന്നാളിനു ജനം ആവശ്യപ്പെടുന്ന ഒരു കുറ്റവാളിയെ സ്വതന്ത്രനാക്കുന്ന അവസരം ബറബ്ബാസ് മുതലെടുക്കുകയാണെന്ന കാര്യം അയാൾ ഏകദേശം തീർച്ചപ്പെടുത്തി.

അധികം വൈകേണ്ടിവന്നില്ല. ഒരാളെക്കൂടി ആ മുറിയിലേക്ക് കൂട്ടിക്കൊണ്ടുവന്നു. കണ്ടാലാളല്ല എന്ന് തോന്നുമാറ് അയാളുടെ ദേഹത്ത് മുഴുവൻ മുറിവുകളായിരുന്നു. ചോര വാർന്നൊലിക്കുന്നുണ്ട്. ''ഇവൻ മരണയോഗ്യമായത് ഒന്നും പ്രവർത്തിച്ചിട്ടില്ല സ്പഷ്ടം; അതുകൊണ്ടു ഞാൻ അവനെ അടിപ്പിച്ചു വിട്ടയയ്ക്കും' എന്ന പീലാത്തൊസിന്റെ വാക്കുകൾക്കു 'അവനെ ക്രൂശിക്ക! ബറബ്ബാസിനെ വിട്ടുതരിക' എന്ന് ജനം ആർക്കുന്നത് കേട്ട് ദിസ്മാസ് ഗസ്റ്റസിനെ നോക്കി. അയാൾ കോപപരവശനായി നിൽക്കുകയാണ്. തങ്ങളെക്കൊണ്ട് ഈ കലഹവും കൊലയും മുഴുവൻ ചെയ്യിപ്പിച്ച ബറബ്ബാസിതാ സ്വതന്ത്രനായി പോകുന്നു. പുരുഷാരത്തിന്റെ ആരവം അധികമാകുന്നതേയുള്ളൂ എന്ന് മനസ്സിലാക്കിയ പീലാത്തൊസ് ബറബ്ബാസിനെ വിട്ടയയ്ക്കുകയും യേശുവിനെ ആ സ്ഥാനത്ത് ക്രൂശിക്കാനായി വിട്ടുകൊടുക്കുകയും ചെയ്തു. ഒരു വാക്കു പറയുകയോ, തിരിഞ്ഞൊന്നു നോക്കുകയോ പോലും ചെയ്യാതെ ബറബ്ബാസ് ജനക്കൂട്ടത്തിന്റെ ഇടയിലൂടെ നടന്നുമറയുമ്പോൾ ഗസ്റ്റസും ദിസ്മസും വേദനയോടെ തിരിച്ചറിഞ്ഞു: തങ്ങൾ കാത്തിരുന്ന, തങ്ങൾ ജീവൻ പോലും കൊടുക്കാൻ തയാറായിരുന്ന യിസ്രായേലിന്റെ മശിഹ ഒരിക്കലും ബറബ്ബാസ് ആയിരുന്നില്ല എന്ന്. ആ ചതിയന്റെ വാക്ക് കേട്ടതിനാലാണല്ലോ തങ്ങളിപ്പോൾ ക്രൂശിക്കപ്പെടുന്നതെന്ന ചിന്തയിൽ ദിസ്മാസ് സ്വയം നീറി.

ചാട്ടവാറടിയേറ്റ് ചോരവാർന്ന് നിൽക്കുന്നവനായ യേശുവിനെ നോക്കി ഗസ്റ്റ്സ് ദിസ്മാസിനോട് പറഞ്ഞു: 'ഒരു കരണത്തടിച്ചാൽ മറ്റേതും കൂടി കാട്ടിക്കൊടുക്കണം' എന്ന് പറഞ്ഞവനല്ലേ ഈ നിൽക്കുന്നത്. ഇപ്പോൾ കാണാം ഇയാൾ എന്താണ് ചെയ്യാൻ പോകുന്നതെന്ന്. ദിസ്മാസ് മറുപടിയൊന്നും പറഞ്ഞില്ല. യിസ്രായേലിന്റെ മശിഹ എവിടെനിന്നെങ്കിലും വെളിപ്പെട്ട് വന്ന് തങ്ങളെ ഒന്ന് രക്ഷിച്ചിരുന്നുവെങ്കിൽ എന്ന് മാത്രമായിരുന്നു അയാളുടെ ചിന്ത.

അധികം വൈകുന്നതിനു മുമ്പ് തന്നെ റോമൻ പടയാളികൾ അവരെ വലിച്ചിഴച്ചുകൊണ്ടുപോയി ഭാരമേറിയ കുരിശ് അവരുടെ തോളിലേറ്റിക്കൊടുത്തു. വളരെ പണിപ്പെട്ടാണ് അവർ അത് ചുമന്നത്. എപ്പോഴെങ്കിലും ഒരു ശ്വാസമെടുക്കാനായൊന്നു നിന്നാൽ റോമൻ പടയാളികളുടെ ചാട്ടവാർ പ്രഹരം തലങ്ങും വിലങ്ങും അവരേൽക്കേണ്ടതായിവന്നു.ഓരോഅടി കൊള്ളുമ്പോഴും റോമിനെയും, ബറബ്ബാസിനെയും, പുരോഹിതവർഗ്ഗത്തെയും തങ്ങൾക്ക് ചുറ്റും കാഴ്ചക്കാരായി കൂടിനിൽക്കുന്ന ജനത്തെയും

ഒക്കെ അവർ ഭള്ളും പഴിയും ശാപവാക്കുകളും പറഞ്ഞുകൊണ്ടേയിരുന്നു. അപ്പോഴും യേശു മാത്രം ഒന്നും മിണ്ടാതെ ക്രൂശുമായി നടന്നു നീങ്ങുന്നത് ദിസ്മാസ് കണ്ടു. എന്ത് തെറ്റ് ചെയ്തിട്ടാവുമോ ഇയാളെ ക്രൂശിക്കുന്നത്? വാളിന്റെ വഴിയല്ല, സ്നേഹത്തിന്റെ വഴി തെരഞ്ഞെടുത്ത യേശുവും തങ്ങൾക്കൊപ്പം ക്രൂശിക്കപ്പെടുന്നതിന്റെ യുക്തി അയാൾക്ക് മനസ്സിലായതേയില്ല. 'കൊല്ലുവാൻ കൊണ്ടുപോകുന്നവരുടെ മുമ്പിൽ മിണ്ടാതിരുന്ന കുഞ്ഞാടിനെപ്പോലെയാണല്ലോ ഇയാൾ' ദിസ്മാസ് ചിന്തിച്ചു. യെശയ്യാവിന്റെ പുസ്തകത്തിൽ നിന്നും പഠിപ്പിക്കുമ്പോൾ അതാരെക്കുറിച്ചാണ് പറയുന്നതെന്ന് ഗുരു യാക്കോബിനോട് ചോദിച്ച കാര്യം ദിസ്മാസിന്റെ മനസ്സിലേക്കോടിയെത്തി. 'യിസ്രായേലിനെക്കുറിച്ചാണത്' എന്ന ഗുരുവിന്റെ മറുപടിയിൽ താൻ തൃപ്തനല്ലായിരുന്നുവെന്ന കാര്യവും അയാളോർത്തു.

ഒടുക്കം അവർ ഗോൽഗോഥാ കുന്നിൻമുകളിലെത്തി. യേശുവിന്റെ രണ്ട് ഭാഗത്തുമായാണവരിരുവരെയും ക്രൂശിക്കുന്നത്. കൈകാലുകൾ ക്രൂശിനോട് ചേർത്തുവെച്ച് കൂർത്ത ഇരുമ്പാണികൾ തറയ്ക്കുമ്പോഴുള്ള അതിവേദനയാൽ അവർ ദിഗന്തം പൊട്ടുമാറ് അലറി. ക്രൂശുയർത്തിയപ്പോഴാകട്ടെ ശരീരഭാരം കൂടി ആ ആണികളിൽ താങ്ങേണ്ടി വന്നതിനാൽ വേദന വർദ്ധിച്ചുവന്നതേയുള്ളൂ.

'പിതാവേ, ഇവർ ചെയ്യുന്നത് ഇന്നതെന്ന് അറിയായ്കകൊണ്ട് ഇവരോട് ക്ഷമിക്കേണമേ' എന്ന് യേശു പറയുന്നത് കേട്ട് ദിസ്മാസ് യേശുവിന്റെ ക്രൂശിലേക്ക് നോക്കി. അപ്പോഴാണ് യഹൂദന്മാരുടെ രാജാവെന്ന് എഴുതിയിരിക്കുന്ന ഒരു മേലെഴുത്ത് യേശുവിന്റെ ക്രൂശിനു മുകളിൽ വെച്ചിരിക്കുന്നത് അവൻ കണ്ടത്. ഇവൻ ഒരു തെറ്റും ചെയ്തിട്ടില്ലാതെയാണ് ക്രൂശിക്കപ്പെടുന്നതെങ്കിലും ഈ വേദനയിലും അവരോട് ക്ഷമിക്കുവാൻ ഇവനെങ്ങനെ പറ്റുന്നുവെന്ന് അയാൾ ചിന്തിച്ചു. 'എന്റെ ജനത്തിന്റെ അതിക്രമം നിമിത്തം അവനു ദണ്ഡനം വന്നു' എന്ന യെശയ്യാവിന്റെ വാക്കുകൾ ഉരുവിടുന്ന ഗുരു യാക്കോബിന്റെ മുഖം അയാളുടെ മനസ്സിൽ തെളിഞ്ഞുവന്നു. ആ അദ്ധ്യായം അവൻ ഹൃദിസ്ഥമാക്കിയിരുന്നു. ആ വേദനയിലും ദിസ്മാസ് ഓർത്തെടുത്തു. 'എന്നാൽ അവനെ തകർത്തുകളവാൻ യഹോവയ്ക്ക് ഇഷ്ടം തോന്നി; ദൈവം അവന്റെ പ്രാണനു കഷ്ടം വരുത്തി; അവന്റെ പ്രാണൻ ഒരു അകൃത്യയാഗമായി തീർന്നിട്ട് അവൻ സന്തതിയെക്കാണുകയും ദീർഘായുസ് പ്രാപിക്കുകയും യഹോവയുടെ ഇഷ്ടം അവന്റെ കൈയാൽ സാധിക്കുകയും ചെയ്യും' എന്ന വാക്യത്തിലെത്തിയപ്പോൾ ദിസ്മാസ് ഒരുവട്ടം കൂടി യേശുവിനെ നോക്കി.

ആ ക്രൂശിൽക്കിടന്നുകൊണ്ട് യേശു പിതാവിനോട് സംസാരിക്കുന്നത് അവൻ ശ്രദ്ധിച്ചു. അവൻ തിരിച്ചറിഞ്ഞു: 'യേശുവായിരുന്നു യഥാർത്ഥ മശിഹ'. യേശുവിന്റെ ജീവിതം ഈ ക്രൂശുകൊണ്ട് തീരുന്നതുമില്ല. ഈ മരണത്തിനപ്പുറം അവനു ദൈവം മഹാന്മാരോടുകൂടെ ഓഹരികൊടുക്കും. ദിസ്മാസിന് ഇപ്പോൾ എല്ലാം വ്യക്തമായി. താൻ ഇതുവരെ തിരഞ്ഞ സകല ചോദ്യങ്ങളുടെയും ഉത്തരം യേശുവിലുണ്ട്.

ചുറ്റും കൂടിയിരുന്നവരെല്ലാം 'നീ ദൈവം തിരഞ്ഞെടുത്ത ക്രിസ്തുവെങ്കിൽ നിന്നെത്തന്നെ ഇപ്പോൾ രക്ഷിക്ക' എന്ന് പറഞ്ഞ് യേശുവിനെ പരിഹസിച്ചു. ക്രിസ്തുവെന്ന് കേട്ടതും ഗസ്റ്റസിന്റെ ഉള്ളിൽ രോഷം പതഞ്ഞുപൊങ്ങി. ഗസ്റ്റസും 'നീ ക്രിസ്തുവല്ലയോ? നിന്നെത്തന്നെയും ഞങ്ങളെയും രക്ഷിക്ക' എന്ന് പറഞ്ഞ് യേശുവിനെ ദുഷിച്ചു.

ദിസ്മാസ് ശബ്ദമുയർത്തി, 'നീ ഇപ്പോഴും ദൈവത്തെ ഭയപ്പെടുന്നില്ലയോ? നാം പ്രവർത്തിച്ചതിനു യോഗ്യമായ ശിക്ഷയാണ് പ്രാപിക്കുന്നത്. ഇവനോ തെറ്റൊന്നും ചെയ്തിട്ടില്ല' എന്ന് പറഞ്ഞ് അവനെ ശാസിച്ചു. പിന്നെ അവൻ യേശുവിനോടായി, 'യേശുവേ നീ രാജത്വം പ്രാപിച്ചുവരുമ്പോൾ എന്നെ ഓർത്തുകൊള്ളേണമേ' എന്ന് പറഞ്ഞു. യേശു അവനോട്: 'സത്യമായി ഞാൻ നിന്നോട് പറയുന്നു, ഇന്ന് നീ എന്നോട് കൂടെ പറുദീസയിൽ ഇരിക്കും'.

അത്യസഹ്യമായ വേദനയിലും ആ വാക്കുകൾ ദിസ്മാസിന് പ്രത്യാശ പകർന്നു. അവൻ കണ്ണുയർത്തി ഗസ്റ്റസിനെ നോക്കി. അവനിപ്പോഴും വേദനകൊണ്ടലറുകയാണ്. പരിഹാസവും ശാപവാക്കുകളും മാത്രമാണ് അവന്റെ വായിൽനിന്നും വരുന്നത്. തേടിനടന്ന സത്യത്തെ കണ്ടെത്താൻ ഈ ക്രൂശ് മുഖാന്തരമായതോർത്ത് ആ ക്രൂശിനായി ദിസ്മാസ് ദൈവത്തിന് നന്ദി പറഞ്ഞു. •



ഡേവിഡ് വിൽക്കേഴ്സൺ

# മാറ്റം എന്നിലാരംഭിച്ചിരുന്നു എങ്കിൽ...!

**വി**വാഹം, കുട്ടികളെ വളർത്തൽ എന്നിങ്ങനെയുള്ള എല്ലാ വിഷയങ്ങളിലും ഉപദേശം നൽകുന്ന നിരവധി പുസ്തകങ്ങളും വൈദഗ്ധ്യമുള്ള കൗൺസലർമാരും ഇന്ന് ലഭ്യമാണ്. എന്നിരുന്നാലും ദു:ഖകരമെന്നു പറയട്ടെ, സഭയിൽ മുമ്പെന്നത്തേക്കാളും പ്രശ്നബാധിതരായ വ്യക്തികളെ കാണുന്നു. ആഴ്ചകളോ മാസങ്ങളോ ശുശ്രൂഷിച്ചിട്ടും ഫലമുണ്ടാകുന്നില്ല. പാസ്റ്റർക്കു തിരുവെഴുത്തുകളിലൂടെ പ്രശ്നത്തിന്റെ കാരണവും പരിഹാരവും കാണിച്ചുകൊടുത്ത് പ്രശ്നത്തെക്കുറിച്ച് ദൈവം പറയുന്നത് ഇതാണ് എന്ന് പറയുകയല്ലാതെ മറ്റെന്തു ചെയ്യുവാൻ കഴിയും? പാപം ഉപേക്ഷിച്ചില്ലെങ്കിൽ, ദൈവത്തിന്റെ ന്യായവിധിക്ക് വിധേയരാകുമെന്ന സത്യം അവർക്കു ബോധ്യമാക്കുന്നു. എന്നിട്ടും ഈ ഉപദേശങ്ങളൊന്നും അവർ പാലിക്കുന്നില്ല. എന്തുകൊണ്ട്? കാരണം, ഈ ആളുകളുടെ കണ്ണുകൾക്ക് മുകളിൽ ഒരു മൂടുപടം ഉണ്ട്. അത് മാറേണ്ടതുണ്ട്.

പല ക്രിസ്തീയ കുടുംബങ്ങളും പരസ്പരം പോരടിക്കുന്നു, ചിലർ ബന്ധുക്കളെ കോടതിയിൽ കയറ്റുന്നു. അമ്മമാർ മക്കളിൽ നിന്ന് അകന്നുപോകുന്നു, പിതാക്കന്മാർ മക്കളോട് സംസാരിക്കുന്നില്ല. അവരെല്ലാം യേശുവിനെ സ്നേഹിക്കുന്നവരാണെന്ന് അവകാശപ്പെടുന്നു! എന്നിട്ടും അവർ കോപം, കൈപ്പ് എന്നിവ മുറുകെ പിടിക്കുന്നു. എന്തുകൊണ്ട്? എല്ലാവരും മറ്റേയാൾ മാറണമെന്ന് ആഗ്രഹിക്കുന്നു. തെറ്റ് എപ്പോഴും മറ്റൊരാളുടെതാണ്, **മാറേണ്ടത് ഞാനല്ല എന്നാണ് പലരും ചിന്തിക്കുന്നത്. അതുകൊണ്ടാണ് എത്ര ഉപദേശം നൽകിയാലും ഫലമുണ്ടാകാതെ പോകുന്നത്**. യഥാർത്ഥ പ്രശ്നം എന്റെ സഹോദരനോ, സുഹൃത്തിനോ അല്ല, എനിക്കാണ് എന്ന് തിരിച്ചറിയുവാൻ കഴിയാതെ പോകുന്നു!

നല്ലതിനോ ചീത്തയ്ക്കോ വേണ്ടി ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ നാമെല്ലാവരും മാറിക്കൊണ്ടിരിക്കുകയാണ്. ഒന്നുകിൽ നമ്മുടെ കർത്താവിനെപ്പോലെയോ അല്ലെങ്കിൽ സാത്താനെപ്പോലെയോ ആയിത്തീരുന്നു. ഒന്നുകിൽ ക്രിസ്തുവിൽ വളരുകയോ അല്ലെങ്കിൽ തളരുകയോ ചെയ്യുന്നു. നമ്മിലേക്ക് നോക്കി കർത്താവേ... ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഞാൻ അങ്ങയുടെ പ്രതിച്ഛായയ്ക്ക് അനുരൂപമാകാൻ ആഗ്രഹിക്കുന്നു എന്ന് പ്രാർത്ഥിക്കുന്നുണ്ടോ? അതോ കഠിനനാകുകയാണോ? മാറുന്നില്ലെങ്കിൽ ജീവിതം കൂടുതൽ കുഴപ്പത്തിലാകുകയേയുള്ളൂ, സാഹചര്യം കൂടുതൽ വഷളാകും. വിരൽ ചൂണ്ടുന്നതും സ്വയം ന്യായീകരിക്കുന്നതും നിർത്തുക. ദൈവമേ, എന്നെ മാറ്റണമേ. എവിടെയാണ് ഞാൻ പരാജയപ്പെട്ടതെന്നും വഴിതെറ്റിപ്പോയതെന്നും എന്നെ കാണിക്കണമേ. എന്റെ അഹങ്കാരം, കോപം, ശാഠ്യം, പാപം എന്നിവ തുറന്നു കാട്ടണമേ. അതെല്ലാം ഉപേക്ഷിക്കാൻ എന്നെ സഹായിക്ക

ണമേ എന്ന് ആത്മാർത്ഥമായി കർത്താവിനോട് നിലവിളിക്കുക. നിങ്ങളുടെ പ്രശ്നപരിഹാരം നിങ്ങൾ മാറുന്നതിനെ ആശ്രയിച്ചിരിക്കുന്നു.

നിങ്ങൾ മാറുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഈ വചനം ശ്രദ്ധിക്കുക, 'അങ്ങനെ നാം എല്ലാവരും മൂടുപടം നീക്കപ്പെട്ട നമ്മുടെ മുഖങ്ങളിൽ കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി, കർത്താവിന്റെ ആത്മാവിൽ നിന്ന് വർദ്ധമാനമായ തേജസ്സു പ്രാപിച്ചുകൊണ്ട്, അവിടത്തെ സദൃശ്യത്തിലേക്കു രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നു' (2 കൊരിന്ത്യർ 3:18). നിങ്ങളുടെ കണ്ണുകൾക്ക് മുമ്പിൽ ഒരു മൂടുപടം ഉണ്ട് , അത് നിങ്ങളെ അന്ധരാക്കുന്നു. മറ്റേതെങ്കിലും മാറ്റം സാധ്യമാകുന്നതിനുമുമ്പ്, നമ്മിൽ സംഭവിക്കേണ്ട ഒരു മാറ്റത്തെക്കുറിച്ച് പൗലോസ് വിവരിക്കുന്നതു ശ്രദ്ധിക്കുക.

യേശുവിനെ മശിഹായായി വിശ്വസിക്കാത്ത യഹൂദന്മാർക്കുള്ള അന്ധതയെക്കുറിച്ചാണ് പൗലോസ് പ്രധാനമായും സംസാരിക്കുന്നത്. യഹൂദന്മാർ ആത്മാർത്ഥതയുള്ളവരായിരുന്നു. അവർ മോശെയുടെ പുസ്തകങ്ങളും നിയമവും സങ്കീർത്തനങ്ങളും വിശ്വസ്തതയോടെ പഠിച്ചു, അതിൽ നിന്ന് പഠിപ്പിക്കുകയും അത് ഉദ്ധരിക്കുകയും ചെയ്തു. പക്ഷേ അവരുടെ കണ്ണുകൾക്ക് മുമ്പിൽ ഒരു മൂടുപടം അപ്പോഴും ഉണ്ടായിരുന്നു. അതവരെ യേശുവിനെക്കുറിച്ചുള്ള സത്യം കാണാതെ അന്ധരാക്കി. പല വിശ്വാസികളുടെയും കണ്ണുകൾ അന്ധമാക്കുന്ന ഒരു മൂടുപടമുണ്ട്. അവർ ദൈവത്തിന്റെ മുന്നറിയിപ്പുകൾ ശക്തിയോടെ പ്രസംഗിക്കുന്നത് കേൾക്കുന്നു, എന്നിട്ടും അവരത് പ്രായോഗികമാക്കുന്നില്ല


ഉദാഹരണമായി 'നിങ്ങൾ മനുഷ്യരോടു അവരുടെ പിഴകളെ ക്ഷമിച്ചാൽ സ്വർഗ്ഗസ്ഥനായ പിതാവ് നിങ്ങളോടും ക്ഷമിക്കും; നിങ്ങൾ മനുഷ്യരോടു അവരുടെ പിഴകളെ ക്ഷമിക്കുന്നില്ലെങ്കിലോ, നിങ്ങളുടെ പിതാവു നിങ്ങളുടെ പിഴകളെയും ക്ഷമിക്കയില്ല' (മത്തായി 6:14,15). എന്നിട്ടും പല ക്രിസ്ത്യാനികളും കൈപ്പേറിയ, പ്രതികാര ചിന്തകൾ ഉപേക്ഷിക്കുന്നില്ല. ഓ, ഞാൻ ആ വ്യക്തിയോട് ക്ഷമിച്ചു എന്ന് അവർ അവകാശപ്പെടുന്നു. പക്ഷേ അവർ ഹൃദയപൂർവ്വം ക്ഷമിച്ചിരുന്നുവെങ്കിൽ പിന്നീടത് ഓർമ്മിക്കുമായിരുന്നില്ല എന്ന് കർത്താവിനറിയാം. ഒരുപക്ഷേ അവരോട് ആരെങ്കിലും മോശമായി പെരുമാറുകയോ അപമാനിക്കുകയോ ചെയ്തിട്ടുണ്ടാകാം. തന്റെ കോപം നിലനിർത്തുന്നതിൽ ന്യായമുണ്ടെന്ന് അവർക്കു തോന്നുന്നു. എന്നാൽ തിരുവെഴുത്ത് പറയുന്നത്, 'അവരുടെ ഹൃദയത്തിൽ അൽപ്പമെങ്കിലും കൈപ്പിന്റെ അംശം ശേഷിച്ചാൽ പാപങ്ങൾ ക്ഷമിക്കപ്പെടുന്നില്ല' എന്നാണ്. ഇങ്ങനെയുള്ളവർ എത്ര ഭയാനകമായ അപകടത്തിലാണ് അകപ്പെട്ടിരിക്കുന്നതെന്ന് ചിന്തിക്കുക. അവരുടെ ആത്മാവ് പൈശാചിക ശക്തികൾക്ക് വിധേയമാണ്. ന്യായവിധിനാളിൽ അവർ ദൈവമുമ്പാകെ നിൽക്കുമ്പോൾ, അവരുടെ ഓരോ പാപവും അവരെ കുറ്റപ്പെടുത്തും. കാരണം അവർ മറ്റുള്ളവരോട് ക്ഷമിക്കുന്നില്ല. ദൈവവചനം ഒരു തമാശ മാത്രമാണോ? മുന്നറിയിപ്പുകളെയും കൽപ്പനകളെയും വെറും നിർദ്ദേശങ്ങളായി തള്ളിക്കളയാൻ കഴിയുമോ? ഒരിക്കലും ഇല്ല! അവരുടെ കണ്ണുകൾക്ക് മുകളിൽ ഒരു മൂടുപടമുണ്ട്.

കോപിക്കാനും, മറ്റുള്ളവരോട് നീരസം തോന്നാനും, ക്ഷമിക്കാതിരിക്കാനും അവകാശമുണ്ടെന്ന് നിങ്ങൾക്ക് തോന്നിയേക്കാം. ഇത്തരം തോന്നലുകൾക്കു ദൈവസന്നിധിയിൽ യാതൊരു വിലയുമില്ല. ദൈവവചനമാണ് അവസാനവാക്ക്! നിങ്ങൾ വചനത്തെ ഭയപ്പെടുന്നില്ലെങ്കിൽ, എല്ലാ കാര്യങ്ങളിലും തന്റെ കൽപ്പനകൾ അനുസരിക്കാൻ തയ്യാറല്ലെങ്കിൽ, മോചനം ലഭിക്കുമെന്ന് പ്രതീക്ഷിക്കേണ്ടതില്ല. ദൈവവചനത്തിന് മുമ്പിൽ അന്ധരായി തുടരുകയാണെങ്കിൽ നിങ്ങളെ മാറ്റാനാർക്കും കഴിയില്ല.

കർത്താവിങ്കലേക്ക് തിരിയുന്നതിലൂടെ മാത്രമേ മൂടുപടം നീക്കം ചെയ്യാൻ കഴിയൂ. നമ്മുടെ അന്ധത മാറുന്നതിനു നാം കർത്താവിങ്കലേക്ക് തിരിയണമെന്ന് പൗലോസ് പറയുന്നു. നിങ്ങളുടെ ജീവിതം കുഴപ്പത്തിലാണെങ്കിൽ ഗതി മാറ്റേണ്ടിവരുമെന്ന് നിങ്ങൾക്കറിയാം. എന്റെ ഭർത്താവാണ് മോശം അവസ്ഥയിലുള്ളത്, അയാൾ മാറാൻ ഞാൻ കാത്തിരിക്കുകയാണ് എന്ന് നിങ്ങൾ ചിന്തിച്ചേക്കാം. അല്ലെങ്കിൽ എന്റെ ഭാര്യ മാറുന്നില്ലെങ്കിൽ അവൾ നാശത്തിലേക്ക് നീങ്ങും എന്നുള്ള ചിന്തകൾ മാറിയിട്ട് എനിക്കാണ് മാറ്റം വേണ്ടിയത് എന്ന് ഇപ്പോൾ മുതൽ ചിന്തിച്ചു തുടങ്ങിയിരുന്നെങ്കിൽ!

➤ 24





ഡോ. സുജിത്ത് സൈമൺ

# ആത്മഹത്യ എന്ന വിപത്തിനെ എങ്ങനെ നേരിടാം

ആത്മഹത്യ ഒരു വ്യക്തിയിലൊതുങ്ങുന്ന പ്രശ്നമല്ല; അത് കുടുംബത്തെയും സമൂഹത്തെയും ബാധിക്കുന്ന ഗുരുതര മാനസികപ്രതിസന്ധിയാണ്. ആത്മഹത്യ പെട്ടെന്നുള്ള ഒരു തീരുമാനവും അല്ല; മറിച്ച് ദീർഘകാല മാനസികവ്യഥ, പ്രതീക്ഷ നഷ്ടപ്പെടൽ, ഒറ്റപ്പെടൽ, നിരാശ എന്നിങ്ങനെ പല കാരണങ്ങളുടെ ഫലമാണ്. പ്രത്യേകിച്ച് ഇന്നത്തെ യുവതലമുറ മുൻകാലത്തേക്കാൾ കൂടുതൽ മാനസിക സമ്മർദ്ദങ്ങൾ നേരിടുന്നു. പ്രണയപരാജയം, വിപരീതപരീക്ഷാഫലം, തൊഴിൽ പ്രശ്നങ്ങൾ, വിവാഹം നടക്കുന്നതിലുള്ള കാലതാമസം, കുടുംബ കലഹങ്ങൾ, സാമ്പത്തിക നഷ്ടങ്ങൾ എന്നിങ്ങനെ പോകുന്നു കാരണങ്ങൾ. മനശ്ശാസ്ത്രപരമായി നോക്കുമ്പോൾ, ആത്മഹത്യയെക്കുറിച്ച് ചിന്തിക്കുന്ന വ്യക്തി ജീവിതം അവസാനിപ്പിക്കാൻ ആഗ്രഹിക്കുന്നില്ല; മറിച്ച് ഇപ്പോഴുള്ള വേദനയിൽ നിന്ന് രക്ഷപ്പെടാൻ ആഗ്രഹിക്കുന്നു എന്നു മാത്രം. ബൈബിൾ നമ്മെ ഓർമ്മിപ്പിക്കുന്നത്, മനുഷ്യജീവിതം ദൈവത്തിന്റെ അമൂല്യ ദാനമാണ്; അതിന് അർത്ഥവും പ്രതീക്ഷയും ഉണ്ടെന്നാണ്.

1. **ആത്മഹത്യയ്ക്ക് പിന്നിലെ മാനസിക കാരണങ്ങൾ:** മിക്ക ആത്മഹത്യാശ്രമങ്ങൾക്കും പിന്നിൽ ചില പൊതുവായ മാനസിക ഘടകങ്ങൾ കാണപ്പെടുന്നു.

**(a) വിഷാദം:** ദീർഘകാല ദു:ഖം, നിരാശ, ആത്മവിശ്വാസക്കുറവ്, ജീവിതത്തിനർത്ഥമില്ലെന്ന തോന്നൽ എന്നിവ വിഷാദത്തിന്റെ പ്രധാന ലക്ഷണങ്ങളാണ്. വിഷാദമുള്ള വ്യക്തിക്ക് ഭാവി ഇരുണ്ടതായി തോന്നും. **(b) ആകാംക്ഷയും ഭയവും:** ഭാവിയെക്കുറിച്ചുള്ള ഭയം, ഉത്കണ്ഠ, ഉറക്കക്കുറവ് എന്നിവ വ്യക്തിയെ മാനസികമായി ക്ഷീണിപ്പിക്കും. **(c) ഒറ്റപ്പെടൽ:** ആരും എന്നെ മനസ്സിലാക്കുന്നില്ല, ഞാൻ ഒറ്റയ്ക്കാണ് എന്ന ചിന്ത ആത്മഹത്യാചിന്തകളെ ശക്തമാക്കും. **(d) സ്വയമൂല്യബോധമില്ലായ്മ:** ഞാൻ ആരുമല്ല, എന്റെ ജീവിതത്തിന് വിലയില്ല എന്ന തെറ്റായ ചിന്തകൾ. **(e) അപ്രതീക്ഷിത ആഘാതങ്ങൾ:** പ്രിയപ്പെട്ടവരുടെ മരണം, പ്രണയവിരഹം, പരീക്ഷാപരാജയം, സാമ്പത്തിക തകർച്ച തുടങ്ങിയ സംഭവങ്ങൾ താൽക്കാലികമായെങ്കിലും അതീവമായ മാനസിക ആഘാതം സൃഷ്ടിക്കും.

2. **യുവാക്കളിൽ കാരണമാകുന്ന ഘടകങ്ങൾ:**

**(a) പ്രണയപരാജയം:** യുവാക്കളിൽ പ്രണയം പലപ്പോഴും സ്വയമൂല്യബോധവുമായി ബന്ധപ്പെട്ടു പോകുന്നു. അവൻ/അവൾ ഇല്ലെങ്കിൽ ഞാൻ ഒന്നുമല്ല

എന്നത് തെറ്റായ ചിന്താരീതിയാണ്. മനുഷ്യസ്നേഹം മാറിയേക്കാം, എന്നാൽ ദൈവസ്നേഹം മാറുന്നില്ല എന്നാകുന്നു ബൈബിൾ നൽകുന്ന വാഗ്ദത്തം. **(b) പരീക്ഷയിൽ പരാജയം:** പരീക്ഷാജയം ജീവിതവിജയമോ, തോൽവി ജീവിതപരാജയമോ എന്നത് അബദ്ധധാരണകളാണ്. ഇത് യുവാക്കളെ തകർക്കുന്നു **(c) തൊഴിൽ ഇല്ലായ്മയും കരിയർ സമ്മർദ്ദവും:** ഞാൻ കുടുംബത്തിന് ഭാരമാണ് എന്ന ചിന്ത വിഷാദത്തിലേക്ക് നയിക്കുന്നു. ഭാരം ദൈവത്തിങ്കൽ സമർപ്പിക്കുക എന്നതാണ് വചനം നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം **(d) വിവാഹം നടക്കുന്നതിലുള്ള കാലതാമസവും സാമൂഹിക സമ്മർദ്ദവും:** വിവാഹം, ജീവിതത്തിന്റെ ഏക വിജയകാരണമെന്ന ധാരണ ആത്മബോധം കുറയ്ക്കുന്നു. മറ്റുള്ളവരുയർത്തുന്ന ചോദ്യങ്ങൾ സമ്മർദ്ദകാരണമാവുന്നു. മനുഷ്യന്റെ മൂല്യം അവന്റെ വിവാഹാസ്ഥയിൽ മാത്രമല്ല, തക്കസമയത്തു ദൈവഹിതപ്രകാരം എല്ലാ തലങ്ങളിലും ദൈവം മതിയായവൻ എന്നു മനസ്സിനെ ഉറപ്പിക്കുക. **(e) കുടുംബപ്രശ്നങ്ങൾ:** തുടർച്ചയായ വിമർശനം, താരതമ്യം, സ്നേഹമില്ലാത്ത അന്തരീക്ഷം എന്നിവ നിസ്സഹായാവസ്ഥ സൃഷ്ടിക്കും. മാതാപിതാക്കളും മക്കളും ഹൃദയം തുറന്നു സംസാരിക്കയും അന്യോന്യം അനുഗ്രഹവും ആശ്വാസവും ആയിരിക്കുവാൻ തക്കവണ്ണം ദൈവാശ്രയത്തോടെ തീരുമാനങ്ങൾ കൈക്കൊള്ളുകയുമാണ് പരിഹാരമാർഗ്ഗം. **(f) സാമ്പത്തികനഷ്ടം:** സമ്പത്ത് നഷ്ടപ്പെട്ടാൽ ജീവിതം അവസാനിച്ചുവെന്ന തോന്നൽ വരാം. ദൈവവിഷയമായി സമ്പന്നനാവുക എന്നതാണ് മുഖ്യം.

**3. മുന്നറിയിപ്പുകൾ തിരിച്ചറിയുക**: എനിക്ക് ജീവിക്കാൻ താൽപ്പര്യമില്ല എന്ന വാക്കുകൾ, പെട്ടെന്നുള്ള മൗനം, സാമൂഹിക ബന്ധങ്ങളിൽ നിന്ന് പിന്മാറ്റം, ഉറക്കത്തിലും ഭക്ഷണത്തിലും മാറ്റങ്ങൾ, മരണത്തെക്കുറിച്ചുള്ള അമിതമായ സംസാരം ഇവ അവഗണിക്കരുത്. ഇത് സഹായത്തിനായുള്ള നിലവിളിയാണ്.

**4. ആത്മഹത്യ തടയാനുള്ള ബൈബിൾ മാർഗ്ഗങ്ങൾ: (a) തുറന്ന സംഭാഷണം:** സംസാരം വേദന കുറയ്ക്കുന്നു. വിമർശിക്കാതെ കേൾക്കുക, നിനക്ക് അങ്ങനെ തോന്നുന്നത് ഞാൻ മനസ്സിലാക്കുന്നു എന്ന് പറയുക. ഉപദേശത്തിനു മുൻപ് സഹാനുഭൂതി നൽകുക. യേശുവിന്റെ ശുശ്രൂഷയിൽ നാം കാണുന്നത് ആദ്യം വ്യക്തികളെ കേൾക്കുക, പിന്നെ ആശ്വസിപ്പിക്കുക എന്ന രീതിയാണ്. **(b) വികാരങ്ങളെ സാധൂകരിക്കൽ**: 'ഇത് പ്രശ്നമല്ല എന്നവഗണിക്കുന്ന' വാക്കുകൾ വ്യക്തിയെ കൂടുതൽ ഒറ്റപ്പെടുത്തും. പകരം നിനക്ക് ഇത് വളരെ വേദനാജനകമാണെന്ന് തോന്നുന്നു, നീ ഒറ്റയ്ക്കല്ല എന്ന വാക്കുകൾ മാനസിക സുരക്ഷ നൽകുന്നു. **(c) തെറ്റായ ചിന്തകളെ തിരുത്തൽ:** (CBT) നെഗറ്റീവ് ചിന്തകളെ തിരിച്ചറിയാനും മാറ്റാനും സഹായിക്കുന്നു. മനസ്സ് മാറുമ്പോൾ വികാരവും മാറും. **(d) പ്രൊഫഷണൽ സഹായം:** കൗൺസലിംഗ്, സൈക്കോതെറാപ്പി, ആവശ്യമെങ്കിൽ മരുന്നുകൾ ഇവ നിർണ്ണായകമാണ്. **(e) സാമൂഹിക പിന്തുണ :** ഗവേഷണങ്ങൾ തെളിയിക്കുന്നത് ശക്തമായ ബന്ധങ്ങൾ ആത്മഹത്യാസാധ്യത കുറയ്ക്കുന്നു. ആത്മഹത്യാചിന്തയുള്ളവരിൽ അവർ കുടുംബം, സുഹൃത്തുക്കൾ, സഭ എന്നിവരുടെ പരിഗണനയിലുണ്ടെന്ന് ബോധ്യം നൽകുക. **(f) പ്രതീക്ഷ വളർത്തൽ:** വിഷാദത്തിൽ കഴിയുന്നവർ ഭാവി അടഞ്ഞതായി കാണുന്നു. അവരോടൊപ്പം ചേർന്നുനിന്ന് പ്രതിസന്ധികൾ മാറും എന്ന സന്ദേശം നൽകുക. ഓരോ വ്യക്തിയും ദൈവദൃഷ്ടിയിൽ വിലയേറിയവനാണ് (യെശയ്യാവ് 43:4). പ്രതീക്ഷയാണ് ആത്മഹത്യയ്ക്ക് എതിരായ ഏറ്റവും ശക്തമായ മരുന്ന്.

**5. സമൂഹത്തിന്റെ പങ്ക്:** സ്കൂളുകളിൽ മാനസികാരോഗ്യ വിദ്യാഭ്യാസം കൊടുക്കുക, സഹായം തേടാൻ സുരക്ഷിത ഇടങ്ങൾ സൃഷ്ടിക്കുക, സഭകളും സംഘടനകളും കൗൺസലിംഗ് പിന്തുണ നൽകുക. അങ്ങനെ ഒരു കരുതലുള്ള സമൂഹം രൂപപ്പെട്ടാൽ അനവധി ജീവൻ രക്ഷിക്കാം. ആത്മഹത്യ ഒന്നിനും ഒരു പരിഹാരമല്ല. അത് പരിഹാരം കാണാൻ കഴിയാത്തതെന്ന വ്യക്തിയുടെ തോന്നൽ മാത്രമാണ്. ആത്മഹത്യാചിന്തകൾ ഒരാളുടെ ദൗർബല്യം അല്ല; അത് അടിയന്തരശ്രദ്ധ ആവശ്യമായ മാനസിക വേദനയുടെ സൂചനയാണ്. കേൾക്കുക, മനസ്സിലാക്കുക, പിന്തുണ നൽകുക, ആവശ്യമെങ്കിൽ പ്രൊഫഷണൽ സഹായത്തിലേക്ക് നയിക്കുക. ഇവ ചെറുതായി തോന്നിയാലും അതിന്റെ ഫലം അത്യന്തം വലിയതാണ്. ഒരു നിമിഷത്തെ കരുതൽ പ്രതീക്ഷയായി മാറ്റാം. അതുകൊണ്ട്, നിശബ്ദതയെ അവഗണിക്കരുത്, സ്നേഹത്തോടെ ഇടപെടുക. •



മനു എം.എം

# കഷ്ടതയുടെ കാണാപ്പുറങ്ങൾ...

ഒരു വിശ്വാസിയുടെ ജീവിതത്തിൽ ദൈവം ചെയ്യുന്ന കാര്യങ്ങളെ വളരെ വ്യക്തമായി നമ്മുടെ മുന്നിൽ അവതരിപ്പിക്കുകയാണ് റോമാലേഖനം അഞ്ചാം അധ്യായം. നാലാം അദ്ധ്യായത്തിൽ അബ്രാഹാമിനെ ഉദാഹരണമാക്കി വിശ്വാസത്താൽ മാത്രം നീതീകരിക്കപ്പെടുന്ന സത്യത്തെ വിശദീകരിച്ച ശേഷം, അഞ്ചാം അദ്ധ്യായത്തിൽ പൗലോസ് ഒരു അടിസ്ഥാനസത്യം സ്ഥാപിക്കുന്നു: നാം ഇപ്പോൾ ദൈവത്തോടു സമാധാനം ഉള്ളവരാണ്. ഈ സമാധാനം നമ്മുടെ പ്രവൃത്തിയാലോ ആത്മീയ വളർച്ചയാലോ ലഭിച്ചതല്ല, ക്രിസ്തുവിന്റെ രക്ഷണ്യ പ്രവൃത്തിയാൽ ലഭിച്ചതാണ്. ദൈവത്താൽ നീതീകരിക്കപ്പെട്ട ഒരാളുടെ ജീവിതത്തിൽ കഷ്ടത വന്നാൽ അതിനെ പാപത്തിന്റെ ദൈവശിക്ഷയായി കാണേണ്ടതില്ല. കാരണം പാപത്തിന്റെ ശിക്ഷ ക്രിസ്തുതന്നെ ക്രൂശിൽ വഹിച്ചു കഴിഞ്ഞു. അതിനാൽ പൗലോസ് ഇവിടെ പറയുന്ന കഷ്ടത, രക്ഷിക്കപ്പെട്ട ഒരാളെ ദൈവം, ക്രിസ്തുവിന്റെ സദൃശ്യത്തിലേക്ക് രൂപപ്പെടുത്തുന്ന ഒരു പ്രക്രിയയാണ്. ഈ പശ്ചാത്തലത്തിലാണ് 'കഷ്ടത സഹിഷ്ണുതയേയും, സഹിഷ്ണുത സിദ്ധതയേയും, സിദ്ധത പ്രത്യാശയേയും ഉളവാക്കുന്നു' എന്ന വചനം നാം വായിക്കേണ്ടത്. ഇത്, ക്രിസ്തുവിൽ ജീവിക്കുന്ന ഒരു വിശ്വാസിയുടെ ഉള്ളിൽ ദൈവം പ്രവർത്തിക്കുന്ന ക്രമീകൃതമായ ദൈവീക പ്രവൃത്തിയുടെ വിവരണമാണ്.

റോമാലേഖനം അഞ്ചാം അദ്ധ്യായത്തിൽ നിന്നും ഉദ്ധരിച്ച വചനം ഒരു പ്രോത്സാഹന വാക്കായി നാം കാണരുത്. ഇത് നമ്മുടെ രൂപാന്തരത്തെ ലക്ഷ്യമാക്കി ദൈവം നമ്മിൽ ചെയ്യുന്ന ആഴത്തിലുള്ള ദൈവിക പ്രവൃത്തിയാണ്. കാരണം, നാം വിശ്വാസത്താൽ നീതീകരിക്കപ്പെട്ടവരാണ്, ദൈവത്തോടു സമാധാനം ഉള്ളവരാണ് എന്നു വ്യക്തമാക്കിയ ശേഷമാണ് പൗലോസ് ഇങ്ങനെ പറയുന്നത്. അപ്പോൾ ഈ കഷ്ടത ശിക്ഷയല്ല; മറിച്ച് നീതീകരിക്കപ്പെട്ട മനുഷ്യനിൽ ദൈവം നടത്തുന്ന രൂപാന്തരപ്രക്രിയയാണ്.

ഇവിടെ കഷ്ടത എന്ന് ഉപയോഗിച്ചിരിക്കുന്ന Thlipsis (ത്ളിപ്സിസ്)എന്ന ഗ്രീക്ക് വാക്കിന്റെ അർഥം ഉരലിൽ ഉലക്ക ഉപയോഗിച്ച് ധാന്യം പൊടിക്കുമ്പോൾ നുറുങ്ങുന്ന അനുഭവം എന്നാണ്. 'അമർത്തൽ', 'ബാധ', 'കഷ്ടത' എന്നൊക്കെയാണ് ഈ വാക്കിന്റെ അടിസ്ഥാന അർഥം.

മാനുഷികമായി നോക്കുമ്പോൾ കഷ്ടത നമ്മെ തകർക്കുന്നതായി തോന്നും.

എന്തുകൊണ്ട് എനിക്ക് ഇങ്ങനെ സംഭവിച്ചു? ദൈവം എന്നെ മറന്നോ? എന്നൊക്കെയുള്ള ചോദ്യങ്ങൾ നമ്മുടെ മനസ്സിൽ വരാം. എന്നാൽ വേദപുസ്തകം പഠിപ്പിക്കുന്നത്, ദൈവം വിശ്വാസിയെ, ധാന്യം ഇടിച്ചു പൊടിക്കുന്നതുപോലെ പൊടിക്കുന്നത് നശിപ്പിക്കാനല്ല പ്രത്യുത ക്രിസ്താനുരൂപരായി രൂപാന്തരപ്പെടുത്താനാണ്. ധാന്യം ഉരലിൽ ഉലക്ക കൊണ്ട് ഇടിച്ചു പൊടിക്കുമ്പോൾ അതിന്റെ പുറന്തോട് തകരുന്നത് മുതൽ നേരിയ മാവാകുന്നതുവരെ ഈ പ്രക്രിയ തുടരുന്നു. അതുപോലെ കഷ്ടത 'നമ്മിലെന്താണുള്ളത്' എന്ന് വെളിപ്പെടുത്തുന്ന ഒരു ദൈവീക പ്രക്രിയയാണ്.

അതു തന്നെയല്ല, കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണുത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്നറിഞ്ഞു നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു (റോമർ 5:3,4). കഷ്ടത നമ്മെ സഹിഷ്ണുതയിലേക്ക് നയിക്കുന്നു. സഹിഷ്ണുത നമ്മിൽ പലരും പലപ്പോഴും തെറ്റായി മനസ്സിലാക്കിയിരിക്കുന്ന ഒരു വാക്കാണ്. ഇതൊരു സ്വഭാവഗുണം മാത്രമല്ല, എനിക്ക് ഇഷ്ടമില്ലാത്ത, എന്റെ അഭിരുചിക്കിണങ്ങാത്ത, ഞാൻ തിരഞ്ഞെടുത്തിട്ടില്ലാത്ത ഒരു സാഹചര്യത്തിൽ നിലനിന്നു ഫലം കായിപ്പാൻ ദൈവം നൽകുന്ന ശക്തി ആണ് സഹിഷ്ണുത. എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിനും മതിയാകുന്നു (ഫിലിപ്പിയർ 4:13). സർവ്വശക്തനായ ദൈവം ഓരോരുത്തരെയും ശക്തീകരിക്കുന്നു.

ഒരു പ്രതിസന്ധി വരുമ്പോൾ ഉടൻ പുറത്തുവരുന്നത് ആദാമിന്റെ വീഴ്ചയാലുളവായ പ്രാകൃത സ്വഭാവമാണ്. ക്രോധം, പ്രതിരോധം, പരാതി, ഒളിച്ചോട്ടം ഇങ്ങനെ നീളുന്നു നമ്മുടെ സ്വാഭാവിക പ്രതികരണങ്ങൾ.


പക്ഷേ ക്രിസ്തുവിലുള്ള മനുഷ്യനിൽ അവന്റെ അഭിരുചിക്ക് വിരുദ്ധമായ സാഹചര്യങ്ങൾ ദൈവം അനുവദിക്കുന്നു. പഴയസ്വഭാവം പ്രവർത്തിക്കുമോ, അതോ, 'ഞാൻ അല്ല, ക്രിസ്തു എന്നിൽ ജീവിക്കുന്നു' എന്ന ഭാവമാണോ വെളിപ്പെടുത്തുന്നത് എന്നാണ് ദൈവം നോക്കുന്നത്. ചില ജീവികൾ ചുറ്റുമുള്ള സാഹചര്യങ്ങൾക്കനുസരിച്ച് നിറം മാറ്റുന്നതുപോലെ, വിശ്വാസിയുടെ സ്വഭാവം സാഹചര്യം മാറുന്നതനുസരിച്ച് മാറേണ്ടതല്ല. സാഹചര്യം എന്തായാലും, അവിടെ ക്രിസ്തുവിലുള്ള ആനന്ദത്തിലും വിശ്വാസത്തിലും നിലകൊള്ളാൻ ദൈവം നമ്മെ പഠിപ്പിക്കുകയാണ്. അതാണ് സഹിഷ്ണുത.

ഈ സഹിഷ്ണുത നമ്മെ സിദ്ധതയിലേക്ക് നയിക്കുന്നു. ഇവിടെ സിദ്ധത എന്ന് പറയുമ്പോൾ പലരും ചിന്തിക്കുന്നത് ഞാൻ കൂടുതൽ നല്ലവനാകണം, എന്റെ സ്വഭാവം മാറണം, അതിനായി ഞാൻ കൂടുതൽ പ്രാർത്ഥിക്കണം, ഉപവസിക്കണം എന്നൊക്കെയാണ്. പ്രാർത്ഥനയും ഉപവാസവും വേണ്ടതല്ല. സിദ്ധത സ്വയപരിശ്രമത്തിന്റെ ഫലമല്ല, മറിച്ച് പരീക്ഷിച്ചു തെളിയിക്കപ്പെട്ട സ്വഭാവം എന്നാണ്. തീയിൽ ശോധന ചെയ്തശേഷം ശുദ്ധമായ സ്വർണ്ണം പുറത്തുവരുന്ന അവസ്ഥ.

ഇവിടെ ഒരു പ്രധാന സത്യം, സിദ്ധത എന്നത് ദൈവത്തെ കാണിക്കുവാൻ കൃത്രിമമായി നാം സൃഷ്ടിക്കുന്ന ഒന്നല്ല; ദൈവം നമ്മിൽ രൂപപ്പെടുത്തുന്ന ഗുണവിശേഷമാണ്. കഷ്ടത നമ്മുടെ നിസ്സഹായത വെളിപ്പെടുത്തുന്നു. അപ്പോൾ നാം കർത്താവിന്റെ കൃപയിലേക്കാണ് ഓടുന്നത്. അവിടെയാണ് ക്രിസ്തുവിന്റെ സ്വഭാവം നമ്മിൽ നിന്ന് പുറത്തുവരുന്നത്. അതിൽ നമുക്ക് ഒരു പ്രശംസയും അവകാശപ്പെടുവാനില്ല.

ഒടുവിൽ, ഇതെല്ലാം നമ്മെ പ്രത്യാശയിലേക്ക് നയിക്കുന്നു. ബൈബിളിൽ പ്രത്യാശ എന്നത് ഉറപ്പുള്ള പ്രതീക്ഷ എന്നാണ്. എല്ലാം ശരിയാകും എന്ന ആത്മവിശ്വാസമല്ല, എന്തുവന്നാലും ക്രിസ്തു എന്നോടുകൂടെ ഉണ്ട് എന്ന ഉറപ്പാണ്. ഈ പ്രത്യാശ നമ്മെ ലജ്ജിപ്പിക്കില്ല എന്ന് പൗലോസ് പറയുന്നു, കാരണം ഈ പ്രത്യാശയുടെ അടിസ്ഥാനം മാനുഷിക പരിശ്രമത്താലല്ല, ദൈവസ്നേഹത്താലാണ് നമ്മിൽ അനുഭവവേദ്യമാകുന്നത്. പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ നിന്ന് കവിഞ്ഞൊഴുകുന്ന ദൈവസ്നേഹം!

കഷ്ടതയിൽ നിന്ന് സഹിഷ്ണുതയിലേക്കും, സഹിഷ്ണുതയിൽ നിന്ന് സിദ്ധതയിലേക്കും, സിദ്ധതയിൽ നിന്ന് പ്രത്യാശയിലേക്കും നമ്മെ നയിക്കുന്നത് നമ്മുടെ ആത്മീയ വളർച്ചയുടെ ഭാഗം മാത്രമല്ല, ക്രിസ്തുവിൽ നീതീകരിക്കപ്പെട്ട ഒരാളെ ക്രിസ്തുവിനോട് അനുരൂപമായി രൂപാന്തരപ്പെടുത്തുന്ന ഒരു ദൈവീക പദ്ധതി തന്നെയാണ്. കഷ്ടത നമ്മെ തകർക്കുവാനല്ല, നമ്മെ ശുദ്ധീകരിച്ച് ആത്യന്തികമായി തേജസ്കരണത്തിലേക്ക് നടത്തുവാനാണ്. ക്രിസ്തുവിലുള്ള ആ മഹത്വത്തിന്റെ പ്രത്യാശയിൽ ദൈവം നമ്മെ ഉറപ്പിക്കുന്നു ●



ബില്ലിഗ്രഹാം

# ഒരു നിമിഷം നിൽക്കണമേ...

ജീവിതം അതിവേഗത്തിലാണ് മുന്നേറുന്നത്. അതിനിടയിൽ നാം എന്തൊക്കെയോ നേടുവാനായി ഓടുന്നു. പഠനം, ജോലി, കുടുംബം, മോഹങ്ങൾ, ബന്ധങ്ങൾ, വിജയങ്ങൾ എല്ലാം നേടിയിട്ടും ജീവിതത്തിന് എന്തെങ്കിലും അർത്ഥമോ ലക്ഷ്യമോ ഉണ്ടോ? ജീവിതത്തിന്റെ ഏതെങ്കിലും നിമിഷത്തിൽ ഈ ചോദ്യം മനസ്സിൽ ഉയർന്നിട്ടുണ്ടോ? ഈ ചോദ്യം മനുഷ്യന്റെ അന്തരാത്മാവിൽ ദൈവത്തെ അറിയുവാനുള്ള ദാഹത്തിൽ നിന്നും ഉളവാകുന്നതാണ്. ഈ ദാഹം ദൈവത്തെ അന്വേഷിക്കാൻ മനുഷ്യരെ പ്രേരിപ്പിക്കുന്നു. ഈ ചോദ്യത്തിന്റെ മറുപടിയാണ് നമ്മുടെ ചിന്താവിഷയം.

രക്ഷയോ... അതെന്താണ്? പലർക്കും രക്ഷ എന്നത് മതപരമായ എന്തോ ഒന്ന് മാത്രമായി തോന്നുന്നു. ചിലർക്കത് സഭയോടും ആചാരങ്ങളോടും ബന്ധിപ്പിച്ചൊരു ആശയമാണ്. എന്നാൽ രക്ഷ എന്നത് ഇതൊന്നുമല്ല.

പിന്നെയെന്താണ്? Salvation is not religion; it is a relationship. രക്ഷ എന്നത് മനുഷ്യന്റെ ദൈവത്തോടുള്ള തകർന്നുപോയ ബന്ധത്തിന്റെ യഥാസ്ഥാപനമാണ്. പാപം നിമിത്തം ദൈവത്തിൽ നിന്ന് മനസ്സുകൊണ്ട് അകന്നുപോയ മനുഷ്യൻ ദൈവത്തിന്റെ ശത്രുവായി ജീവിക്കുന്നു. അങ്ങനെയുള്ളവർ വീണ്ടും ദൈവത്തിന്റെ അടുക്കലേക്ക് മടങ്ങിവരുന്ന അനുഭവമാണ് 'ഇത്ര വലിയ രക്ഷ' എന്ന് ബൈബിൾ വെളിപ്പെടുത്തുന്നത്.

**എന്തുകൊണ്ടാണ് മനുഷ്യന് രക്ഷ ആവശ്യമായിരിക്കുന്നത്?**

ബൈബിൾ വ്യക്തമായി പ്രഖ്യാപിക്കുന്നു: 'എല്ലാവരും പാപം ചെയ്തു ദൈവതേജസ്സിന് അന്യരായിത്തീർന്നിരിക്കുന്നു'(റോമർ 3:23). പാപം എന്നത് ദൈവാശ്രയമില്ലാതെ ജീവിക്കാം എന്നുള്ള മനോഭാവമാണ്. മനുഷ്യൻ ദൈവത്തെ ഒഴിവാക്കി സ്വന്തബുദ്ധിയിലും കഴിവിലും ആശ്രയിച്ച് ജീവിക്കുമ്പോൾ, ദൈവത്തോടുള്ള ആത്മബന്ധത്തിൽ വിള്ളലുണ്ടാകുന്നു. ഈ അകലം മനുഷ്യന്റെ ഉള്ളിൽ ഒരു ശൂന്യത, അശാന്തി, അപര്യാപ്തത, അസംതൃപ്തി, നിരാശ എന്നിങ്ങനെ ദോഷകരമായ അനുഭവങ്ങൾ ഉളവാക്കുന്നു.

**അകൽച്ചയുടെ ദൈവിക പരിഹാരം:**

മനുഷ്യൻ ദൈവത്തിൽ നിന്നകന്നപ്പോൾ, ദൈവം മനുഷ്യനെ ഉപേക്ഷിച്ചില്ല. താൻതന്നെ മനുഷ്യരൂപമെടുത്തു 'രക്ഷകൻ' എന്നർത്ഥമുള്ള 'യേശു' എന്ന നാമത്തിൽ ലോകത്തിലേക്ക് വന്നു. അശരണരെയും അനാഥരെയും തകർന്നവരെയും രോഗികളെയും അവഗണിക്കപ്പെട്ടവരെയും ഏകാകികളെപ്പോലും തേടിച്ചെന്ന് അവരെ ചേർത്തുപിടിച്ചു. അനേകർക്ക് ആശ്വാസവും അനുഗ്രഹവുമായി മുപ്പത്തിമൂന്നര വയസ്സ് വരെയും ജീവിച്ചു. ദൈവം സ്നേഹവാൻ മാത്രമല്ല, നീതിമാനും കൂടി ആയതുകൊണ്ട് പാപികളെ സ്നേഹിക്കുകയും അവരുടെ മേൽ വരേണ്ടിയിരുന്ന ശിക്ഷ സ്വയം ഏറ്റെടുത്തു ക്രൂശിൽ മരിക്കുകയും ചെയ്തു.

**ക്രൂശ് ഒരു മതചിഹ്നമല്ല. അത് ദൈവസ്നേഹത്തിന്റെ ഏറ്റവും ശക്തമായ പ്രഖ്യാപനമാണ്. യേശുക്രിസ്തു നമ്മുടെ പാപം ചുമന്നു, നമ്മുടെ ശിക്ഷ ഏറ്റെടുത്തു, നമ്മുടെ സ്ഥാനത്ത് പകരക്കാരനായി മരിച്ചു.**

ക്രൂശ് ഒരു മതചിഹ്നമല്ല. അത് ദൈവസ്നേഹത്തിന്റെ ഏറ്റവും ശക്തമായ പ്രഖ്യാപനമാണ്. 'At the cross, God showed how much He loves us.' യേശുക്രിസ്തു നമ്മുടെ പാപം ചുമന്നു, നമ്മുടെ ശിക്ഷ ഏറ്റെടുത്തു, നമ്മുടെ സ്ഥാനത്ത് പകരക്കാരനായി മരിച്ചു. ഇത് ഒരു ചരിത്രസംഭവം മാത്രമല്ല; ഓരോ മനുഷ്യനോടും വ്യക്തിപരമായി ബന്ധപ്പെട്ട സത്യമാണ്.

**രക്ഷ എങ്ങനെ ലഭിക്കുന്നു?**

രക്ഷ മനുഷ്യന്റെ പരിശ്രമത്താൽ ലഭ്യമല്ല. അത് ദൈവത്തിന്റെ മഹാകൃപയാണ്. നിങ്ങൾ കൃപയാൽ വിശ്വാസത്താൽ രക്ഷിക്കപ്പെട്ടിരിക്കുന്നു; അത് ദൈവത്തിന്റെ ദാനമാണ്. (എഫേസ്യർ 2:8). രക്ഷയുടെ വഴി വളരെ ലളിതമാണ്:

1. **സ്വീകരിക്കൽ:** ഞാൻ പാപിയാണെന്നും പാപികളുടെ ഏക രക്ഷകൻ യേശുവാണെന്നും വിനയത്തോടെ സമ്മതിക്കുക.

2. **വിശ്വാസം:** യേശു എന്റെ പാപങ്ങൾക്കു വേണ്ടി മരിച്ച്, ഉയിർത്തെഴുന്നേറ്റു ഇന്നും സ്വർഗ്ഗത്തിൽ ജീവിക്കുന്നു എന്നു വിശ്വസിക്കുക.

3. **സമർപ്പണം:** യേശു നമ്മുടെ മുമ്പിൽ ജീവിച്ച മാതൃകപ്രകാരം അന്ത്യശ്വാസം വരെയും ജീവിക്കുമെന്നു തീരുമാനിച്ച് ജീവിതം യേശുവിന് സമർപ്പിക്കുക.

ഇത് വലിയ ചടങ്ങോ പരിപാടിയോ അല്ല, ഹൃദയത്തിൽ എടുക്കുന്ന സത്യമായ, ദൈവിക ഉടമ്പടിയുടെ തീരുമാനമാണ്. 'വീണ്ടുംജനിക്കണം' എന്ന് യേശു പറഞ്ഞത്, ഇങ്ങനെ വിശ്വസിക്കുന്നവരിൽ നിറവേറുകയാണ് (യോഹന്നാൻ 3:3).

രക്ഷിക്കപ്പെടുമ്പോൾ ജീവിതത്തിലെ എല്ലാ പ്രശ്നങ്ങളും പെട്ടെന്ന് ഇല്ലാതാകില്ല. എന്നാൽ മനുഷ്യന്റെ ഉള്ളിൽ പുതിയ പ്രവൃത്തി ആരംഭിക്കും, പാപത്തെക്കുറിച്ചുള്ള ബോധം, ദൈവത്തോട് അടുക്കാനുള്ള ആഗ്രഹം, ശരിയായ വഴിയിലേക്ക് തിരിയാനുള്ള ആന്തരികപ്രേരണ, വിശുദ്ധിക്കായുള്ള വാഞ്ച, ദൈവിക സംസർഗ്ഗം (പ്രാർത്ഥനയും ആരാധനയും വചനധ്യാനവും). ഇത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ്.

രക്ഷിക്കപ്പെട്ട ജീവിതം പ്രത്യാശയുള്ള യാത്രയുടെ തുടക്കമാണ്. രക്ഷിക്കപ്പെട്ട ജീവിതം പ്രശ്നങ്ങളില്ലാത്ത ജീവിതമല്ല, നമ്മെ രൂപപ്പെടുത്താൻ ദൈവം അനുവദിക്കുന്നതാണ്. ഇങ്ങനെയുള്ള മനുഷ്യൻ ഒറ്റയ്ക്കല്ല. ദൈവം അവനോടൊപ്പവും അവൻ ദൈവത്തോടൊപ്പവും നടക്കുന്നു. വീഴുമ്പോൾ ഉയർത്താൻ ദൈവം കൂടെയുണ്ടാകും. നിത്യജീവന്റെ പ്രത്യാശ അവന്റെ ജീവിതത്തിന് അർത്ഥവും ലക്ഷ്യബോധവും നൽകുന്നു. ഇതാണ് യഥാർത്ഥ ക്രിസ്തീയജീവിതം.

ഇന്നും ദൈവം അനേകരെ രക്ഷയിലേക്കു വിളിക്കുന്നു. "Today is the day of salvation." നാളെ എന്നുള്ളത് ആർക്കും ഉറപ്പല്ല. 'ഇന്ന്' എന്ന ദിവസം ദൈവം നൽകുന്ന അവസരമാണ്. നിങ്ങൾ വായിക്കുന്ന ഈ നിമിഷം തന്നെ ഈ വരികളിലൂടെ ദൈവം താങ്കളുടെ ഹൃദയത്തോട് സംസാരിക്കുകയാണ്. കർത്താവേ, ഞാൻ അങ്ങയിൽ നിന്നും അകന്നു പാപത്തിൽ ജീവിച്ചത് എന്നോട് ക്ഷമിക്കണമേ... എന്റെ പാപം ഞാൻ സമ്മതിക്കുന്നു... യേശുക്രിസ്തു എനിക്കു വേണ്ടി ക്രൂശിൽ മരിച്ചു എന്നു ഞാൻ വിശ്വസിക്കുന്നു... ഇന്ന് എന്റെ ജീവിതം അങ്ങേക്കായി സമർപ്പിക്കുന്നു... എന്നെ അവിടുത്തെ മകനായി / മകളായി സ്വീകരിക്കണമേ... എന്ന് പ്രാർത്ഥിച്ചാൽ ഈ നിമിഷം തന്നെ ദൈവികരക്ഷ ലഭ്യമാകും.

ഒരു നിമിഷം ചിന്തിക്കൂ... രക്ഷ എന്നത് ഒരിക്കലും ഒരു ആശയം അല്ല. രക്ഷ ഒരു അനുഭവമാണ്. രക്ഷ മനുഷ്യന്റെ ജീവിതദിശ മാറ്റുന്ന ദൈവിക പ്രവൃത്തിയാണ്. ദൈവം താങ്കളെ സ്നേഹിക്കുന്നു. യേശു താങ്കൾക്കായി മരിച്ച്, ഉയിർത്ത് സദാ ജീവിക്കുന്നു. അതിനാൽ താങ്കൾക്ക് യേശുവിന്റെ നാമത്തിൽ ദൈവം ഒരുക്കിയ വലിയ രക്ഷ സൗജന്യമായി പ്രാപിക്കാം. ഈ അവസരം പാഴാക്കല്ലേ...മരണാനന്തരം നിത്യസൗഭാഗ്യത്തിൽ നിത്യത മുഴുവൻ യേശുവിനോടൊപ്പം ആയിരിക്കുവാൻ തീരുമാനമെടുക്കൂ... ദൈവം താങ്കളെ സഹായിക്കട്ടെ



സുജ വിനു



# സംസാരിക്കാൻ കഴിയില്ല, സംസാരിക്കാതിരിക്കുവാനും...

യേശുക്രിസ്തുവിനെക്കുറിച്ച് സംസാരിക്കാൻ ആർക്കാണ് കഴിയുക? അനർഹത കൊണ്ടു മാത്രമല്ല അറിവിന്റെ അപൂർണ്ണത കൊണ്ടും, ഒരു കേവലമനുഷ്യന് ക്രിസ്തുവിനെപ്പറ്റി ആധികാരികമായി സംസാരിക്കുക അസാധ്യമാണ്, ക്രിസ്തുസമ്പൂർണ്ണതയുടെ അണുഅളവോളം പോലും മനുഷ്യന് മനസ്സിലായിട്ടില്ല, ഒരു ദൈവത്തിന്റെ മൂന്ന് വ്യക്തിത്വങ്ങൾ, പൂർണ്ണമനുഷ്യനും പൂർണ്ണ ദൈവവും, വിശ്വാസത്താലുള്ള നീതി, മരണത്താലുള്ള ജീവൻ തുടങ്ങി ദൈവശാസ്ത്രപരമായി ഗഹനമായ വിഷയങ്ങളിൽ മാത്രമല്ല മനുഷ്യനായിരുന്ന യേശുവിന്റെ ജീവിതവും പെരുമാറ്റവും വാക്കുകളും പ്രവൃത്തികളും പോലും മനുഷ്യബുദ്ധിക്ക് എളുപ്പത്തിൽ ഗ്രഹിക്കാവുന്നതല്ല. യേശു എന്ന പദത്തിന്റെ ഉരുത്തിരിയലും അർത്ഥാന്തരങ്ങളും എല്ലാം ആഴത്തിലുള്ള പഠനം ആവശ്യപ്പെടുന്നു. യഹോവ, യോഷ്വാ... തുടങ്ങിയ പദങ്ങളോട് 'യേശു'വിനുള്ള സാമ്യവും വ്യത്യാസവും ഒക്കെ പ്രാധാന്യമേറിയ കാര്യങ്ങളാണ്.

വേദപുസ്തകത്തിൽ, യേശുവിന്റെ വാക്കുകളിൽ അടങ്ങിയിരിക്കുന്ന അർത്ഥവ്യത്യാസങ്ങളുടെ എത്രയെത്ര അടരുകളാണ്, ഓരോ വായനയിലും ഓരോ അനുവാചകനും, അനുഭവവേദ്യമാകുന്നത്. ലളിതം എന്ന് തോന്നുന്ന ഉപമകളിലും സന്ദർഭങ്ങളിലും എല്ലാം അതിസങ്കീർണമായ അർത്ഥതലങ്ങൾ ഉണ്ട്. ഉദാഹരണമായി ക്രിസ്തുവിന്റെ ഉപമകളിലെ ഏറ്റവും ജനപ്രീതിയുള്ള ധൂർത്തപുത്രന്റെ കഥ നാം വിശകലനം ചെയ്യുമ്പോൾ വെളിപ്പെട്ടുവരുന്ന വസ്തുതകളുടെ വൈവിധ്യം അതിശയകരമാണ്.

നൂറ് ആടുകൾ ഉണ്ടെങ്കിലും ഒന്നിനെ നഷ്ടപ്പെടുത്താൻ ആഗ്രഹിക്കാത്ത, 10 നാണയങ്ങൾ ഉണ്ടെങ്കിലും ഒന്നിനുവേണ്ടി തിരയുന്ന, യഹൂദന്റെ അത്യാഗ്രഹ സമ്പത്മന:ശാസ്ത്രത്തോടു ചേർത്തുവച്ചാണ്, യേശു ഈ ഉപമ പറഞ്ഞിരിക്കുന്നത്. സമ്പന്നതയെ അത്രമേൽ മാനിക്കുന്ന യഹൂദന്, ഒരു ആത്മാവിന്റെ വില മനസ്സിലാകാത്തതിലുള്ള സാംഗത്യത്തെ ചോദ്യം ചെയ്യുന്ന ഒരു ഉപമയാണിത്. എന്നാൽ മനസ്സിന്റെ ആഗ്രഹങ്ങളെ ന്യായപ്രമാണം വഴിയായി പ്രതിരോധിക്കുന്ന യഹൂദന്റെ പരീശമനോഭാവത്തെ പ്രതിനിധീകരിക്കുന്നു ഇതിലെ മൂത്തപുത്രന്റെ മന:സ്ഥിതി എന്ന മറ്റൊരു വായനയും ഈ ഉപമയ്ക്ക് സാധ്യമാണ്. ന്യായപ്രമാണാനുസരണത്തിലൂടെ സാധ്യമാക്കുന്ന സ്വയനീതിയുടെ പുകഴ്ചയെ യേശു വെല്ലുവിളിക്കുന്നു. ചുങ്കക്കാരോടും പാപികളോടും ഒപ്പം നടക്കുന്നതിൽ കുറ്റപ്പെടുത്തുന്നതാണ് ഈ ഉപമയുടെ പശ്ചാത്തലം എന്നു ശ്രദ്ധിക്കുമ്പോൾ, കാപട്യം നിറഞ്ഞ നിയമാനുസരണം അപകടം എന്നും വായിച്ചെടുക്കാം.

പിതാവിനുള്ളതെല്ലാം തനിക്കുള്ളതെന്നു തിരിച്ചറിയാതെ 'നീ എനിക്കൊന്നും തന്നില്ല' എന്നുപരാതിപ്പെടുന്ന (പിറുപിറുക്കുന്ന) ജ്യേഷ്ഠമന:സ്ഥിതിയോടുള്ള വിയോജിപ്പും ഈ ഉപമയിലുണ്ട്. സുബോധം വന്ന കനിഷ്ഠ സഹോദരൻ തിരിച്ചറിയും പോലെ പിതാവിന്റെ സ്നേഹത്തെ അറിയുവാൻ

നീതിമാനായ ജ്യേഷ്ഠന് കഴിയുന്നില്ല. നീതിമാന്മാരെയല്ല, പാപികളെയാണ് താൻ തേടിവന്നതെന്ന വാക്യം, പുറം വൃത്തിയാക്കുന്നു പക്ഷേ അകം വൃത്തിയാക്കുന്നില്ല എന്ന പരാമർശം... ഇങ്ങനെ ക്രിസ്തുവിന്റെ അനേകം ഉദ്ധരണികൾ ചേർത്ത് ഈ ഒരൊറ്റ ആശയം തന്നെ വികസിപ്പിച്ചെടുക്കാം.

മനുഷ്യൻ, എന്തുതന്നെയായാലും പിതാവായ ദൈവം ആരെന്നും, ആ സ്നേഹത്തിന്റെ ആഴം എന്തെന്നും മനസ്സിലാക്കാനാണ് ഈ ഉപമ എന്നതാണ് ഏറ്റവും കൂടുതൽ വ്യാഖ്യാനിക്കപ്പെടുന്ന അർത്ഥം. മനുഷ്യ പാപത്തിന്റെ അവസ്ഥ എത്ര കടും ചുവപ്പ് ആയിരുന്നാലും അത് ഹിമം പോലെ ധവളമാക്കുന്ന, പഴയനിയമ വാഗ്ദത്തത്തിന്റെ പൂർത്തീകരണമായി ഏത് പരീശനും ഈ ഉപമ പെട്ടെന്ന് മനസ്സിലാക്കാൻ കഴിയും. 'ദിവസം മുഴുവൻ എന്റെ ഭുജം നിങ്ങളിലേക്ക് നീട്ടിയിരുന്നു, അപ്പന് മക്കളോട് എന്നപോലെ യഹോവയ്ക്ക് തന്റെ ഭക്തനോട് കരുണ തോന്നുന്നു' എന്നിങ്ങനെ എത്രയെത്ര പഴയനിയമ ഉദ്ധരണികളെ ഓർത്തെടുക്കാവുന്ന സന്ദർഭങ്ങൾ ക്രിസ്തു ഈ ഉപമയാൽ കൂട്ടിയിണക്കിയിരിക്കുന്നു. പന്നിയുടെ അവസ്ഥയോളം ചെന്നെത്തിയിട്ടും തന്റെ അതിമഹത്വത്തിലേക്ക്, പുത്രന്റെ പദവിയോടെ, സ്വീകരിക്കുന്ന അപ്രമേയ പിതൃസ്നേഹം...

ഈ ഒരു ഉപമയ്ക്ക് ഇനിയും എത്രയേറെ വശങ്ങൾ... ഇങ്ങനെ എത്രയെത്ര ഉപമകൾ... ഉപമകൾ മാത്രമല്ല ക്രിസ്തുവിന്റെ ജീവിതത്തിന്റെ ഓരോ സന്ദർഭങ്ങളും, സംഭാഷണങ്ങളും അനവധി അർത്ഥതലങ്ങളെ ഉൾക്കൊള്ളുന്നു. യേശു നിക്കോദേമോസിനോട് നടത്തുന്ന സംഭാഷണ സന്ദർഭം കൂടി നമുക്ക് പരിശോധിക്കാം. പേര് പരാമർശിക്കുന്നതിന് മുമ്പുതന്നെ പരീശൻ എന്നും യഹൂദപ്രമാണി എന്നും പറഞ്ഞിരിക്കുന്നതിൽ നിന്നും, ന്യായപ്രമാണം ആഴത്തിൽ പഠിച്ചിട്ടുള്ള ആൾ എന്നു വ്യക്തം. 'നീ ഒരു ഉപദേഷ്ടാവ്' എന്നു ഞങ്ങളറിയുന്നു എന്ന് നിക്കോദേമോസ് പറയുമ്പോൾ, തന്നെപ്പോലെ തന്നെ ഒരു യഹൂദറബ്ബി ആയിട്ടാണ് യേശുവിനെ അയാൾ കരുതുന്നത് എന്ന് വ്യക്തമാക്കുന്നുണ്ട്. യേശുവോ അതേ നാണയത്തിൽ തന്നെ നിക്കോദമോസിന്റെ ഔദാര്യത്തെ തള്ളിക്കളയുന്നു.

'വീണ്ടുംജനനം' എന്ന പദപ്രയോഗം ആദ്യ

**കാറ്റ്, അതിന്റെ ഉല്പത്തിയും ഗതിനിയന്ത്രണവും സഞ്ചാരപഥങ്ങളും എല്ലാം പൂർണ്ണമായും ദൈവത്തിന്റെ പരമാധികാരത്തിന് വിധേയമാണ്... ഇങ്ങനെ ഓരോ വാക്കിലും വരിയിലും അനേകം ഗുപ്തനിധികളുടെ നിക്ഷേപങ്ങളെ ഉൾച്ചേർക്കുന്നു യേശുക്രിസ്തു.**

മായി രൂപപ്പെടുന്ന ഈ അധ്യായത്തിൽ നിയമപണ്ഡിതനും മതഭക്തനും ആയ ഒരുവന് വീണ്ടും ജനനം ആവശ്യമാണെന്ന് യേശു പറയുന്നു. അമ്മയുടെ ഉദരത്തിൽ പ്രവേശിച്ച് വീണ്ടുംജനനം സാധ്യമോ എന്ന പരിഹാസത്തിന്, നീ ഗുരുവായിട്ടും ഇതൊന്നും അറിയുന്നില്ലേ എന്ന് യേശു തിരിച്ചും ചോദിക്കുന്നു. യെശയ്യാവ് 44:3 ലും എസക്കിയേൽ 36:25 ലും പറയപ്പെടുന്ന ജലത്തിന്റെയും ആത്മാവിന്റെയും ജ്ഞാനം ഈ പണ്ഡിതന് അറിവില്ല എന്ന് യേശു അറിയുന്നു. മോശെ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രനെ ഉയർത്തുന്ന കാര്യം പറയുമ്പോൾ, തന്റെ മരണസ്വഭാവത്തിന്റെ പ്രവചനവും തന്നിൽ വിശ്വസിക്കേണ്ടതിന്റെ ആവശ്യകതയുടെ ഉദ്ബോധനവും ആയിരുന്നു അത്. തന്നിൽ വിശ്വസിക്കുന്ന ഏവരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു തന്റെ പുത്രനെ നൽകുവാൻ തക്കവണ്ണം ദൈവം ലോകത്തെ സ്നേഹിച്ചു (യോഹന്നാൻ 3:16) എന്ന വാക്യത്തിന്റെ വിസ്തൃതി അത്യഗാധമാണ്.

കാറ്റ് ഇഷ്ടമുള്ളടത്ത് ഊതുന്നു...(യോഹന്നാൻ 3:18) എന്ന വരികളിൽ ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാനസ്വഭാവം വിവരിക്കപ്പെടുന്നു. കാറ്റ്, അതിന്റെ ഉല്പത്തിയും ഗതിനിയന്ത്രണവും സഞ്ചാരപഥങ്ങളും എല്ലാം പൂർണ്ണമായും ദൈവത്തിന്റെ പരമാധികാരത്തിന് വിധേയമാണ്... ഇങ്ങനെ ഓരോ വാക്കിലും വരിയിലും അനേകം ഗുപ്തനിധികളുടെ നിക്ഷേപങ്ങളെ ഉൾച്ചേർക്കുന്നു യേശുക്രിസ്തു. കേവലം രണ്ട് ഉദാഹരണങ്ങൾ പോലും വിവരണത്തിന് അതീതമെങ്കിൽ വേദപുസ്തകം മുഴുവനും ചൂണ്ടിക്കാണിക്കുന്ന ക്രിസ്തുവിനെ

ക്കുറിച്ച് സംസാരിക്കുവാൻ മനുഷ്യമേധാശക്തി പര്യാപ്തമാവുന്നില്ല.

യേശുക്രിസ്തുവിനെ അറിഞ്ഞ ഒരാൾക്ക് തന്നെക്കുറിച്ച് സംസാരിക്കാതിരിക്കുക അതിലും അസാധ്യമെന്നൊരു മറുവശം കൂടിയുണ്ട്. ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു എന്നതുപോലെ സുവിശേഷത്തെപ്പറ്റി, രക്ഷയെപ്പറ്റി, കുരിശിനെപ്പറ്റി, ലജ്ജയില്ലാതെ സംസാരിച്ചു കൊണ്ടിരിക്കും ഒരു ക്രിസ്ത്യാനി. അപൂർണ്ണമായ അറിവിൽ നിന്ന്, അപര്യാപ്തമായ വാക്കുകളാൽ, യേശു തന്നോട്, തന്നിലൂടെ ചെയ്തതിനെയും, ചെയ്യുന്നതിനെയും അയാൾ ഉച്ചത്തിൽ ഘോഷിച്ചു കൊണ്ടിരിക്കും. പാപത്തിന്റെ ചേറ്റുകുഴിയിൽ നിന്ന്, ദൈവപുത്രത്വത്തിന്റെ പാവനമഹോന്നതിയിലേക്ക് ഉയർത്തപ്പെട്ട ഒരു വ്യക്തിയുടെ ഹൃദയത്തിന്റെ നിറവിൽ നിന്ന് യേശുവിന്റെ വാക്കുകൾ പുറത്തേക്ക് വന്നുകൊണ്ടിരിക്കും, ജീവനദികളായി ഒഴുകും.

ദേവാനന്ദ് എന്ന പേരുള്ള, ഇത് സാങ്കല്പിക നാമം അല്ല, മറ്റൊരു വിശ്വാസത്തിൽ നിന്ന് ക്രിസ്തുവിനെ സ്വീകരിച്ച ഒരു സ്നേഹിതനെ ഓർമ്മ വരുന്നു. ക്രിസ്തുവിനെ അറിഞ്ഞതുകൊണ്ട് സത്യം വിട്ടുകളയുവാൻ പറ്റില്ല എന്ന തീരുമാനത്തിൽ ഉറച്ചുനിന്നു തന്റെ ഉന്നത ജോലി നഷ്ടപ്പെടുത്താൻ തയ്യാറായ മലയാളി. ആർക്കും നഷ്ടമില്ലാത്ത, എന്നാൽ കമ്പനിക്ക് കോടിക്കണക്കിന് രൂപ ലാഭം ഉണ്ടാക്കുന്ന, ചെറിയൊരു കൃത്രിമം കാണിക്കാൻ കൂട്ടുനിൽക്കാതെ ഇരുന്ന ദേവാനന്ദ്, ക്രിസ്ത്യാനികളായ സഹപ്രവർത്തകർക്ക് ഒരത്ഭുതമായി മാറി. പൊതു ഇടങ്ങളിലെ ശുചിമുറികൾ ഉപയോഗിച്ചശേഷം വൃത്തിയായി കഴുകി ഇടുമായിരുന്നു ദേവാനന്ദ്. ഒരു ക്രിസ്ത്യാനി, തന്നിൽ ക്രിസ്തുവിന്റെ പരിജ്ഞാനത്തിന്റെ പരിമളം പരത്തുമല്ലോ, വാക്കുകളിലും പ്രവൃത്തികളിലും.

ജീവിതത്തിന്റെ പ്രതിസന്ധികളിൽ തങ്ങളുടെ ക്രിസ്തുവിശ്വാസത്തിന്റെ ഉന്നതസാക്ഷ്യത്തിന്റെ വാക്കുകൾ സംസാരിച്ച അനേക മഹാത്മാക്കൾ ചരിത്രത്തിലുണ്ട്. ക്രിസ്തുവിന്റെ രക്ഷയും മഹത്വവും രുചിച്ചറിഞ്ഞ ഒരുവന്റെ നാവിൽ നിന്ന്, ആ സ്നേഹഗാഥ പുറത്തുവരാതിരിക്കുന്നത് എങ്ങനെ? യോഹന്നാൻ പറയുമ്പോലെ ലോകത്തിലെ മുഴുവൻ കടലാസിലും മഷിയിലും ഒതുങ്ങാതെ, വാക്കുകളായി എന്നും മാറ്റൊലിക്കൊള്ളുന്ന ക്രിസ്തുസ്നേഹം, ആർക്കാണ് സംസാരിക്കാതിരിക്കാൻ ആവുക?

ക്രിസ്തുവിനെപ്പറ്റി സംസാരിക്കാൻ കഴിയില്ല എന്ന ബോധ്യത്തോടെ, ക്രിസ്തുവിനെപ്പറ്റി അനുസ്യൂതം സംസാരിക്കുന്നവരായി മാറാൻ നമ്മെ ഓരോരുത്തരെയും ദൈവം സഹായിക്കട്ടെ! •

## 15 മാറ്റം എന്നിലാരംഭിച്ചിരുന്നുവെങ്കിൽ...!

മറ്റുള്ളവരുടെ തെറ്റുകൾ നമുക്ക് വളരെ വ്യക്തമായി കാണാൻ കഴിഞ്ഞിട്ടും എന്തുകൊണ്ട് സ്വന്തം മാറ്റത്തിന്റെ ആവശ്യകതയെക്കുറിച്ച് നാം അന്ധരായിരിക്കുന്നു? യാഥാർത്ഥ്യബോധം എല്ലാവർക്കും ആവശ്യമാണ്. ദൈവത്തിന്റെ ആത്മാവിനു മാത്രമേ ക്രിസ്തുവിന്റെ മഹത്വമുള്ള പ്രതിച്ഛായയിലേക്ക് നമ്മെ രൂപാന്തരപ്പെടുത്താൻ കഴിയൂ. ഒരു വ്യക്തി കർത്താവിലേക്ക് തിരിയുമ്പോൾ, ദൈവം അവന്റെ കണ്ണുകളിൽ നിന്ന് മൂടുപടം നീക്കുന്നു, അതേ, അത് ആത്മാവിന്റെ മാത്രം പ്രവൃത്തിയാണ്.

കർത്താവ് ആത്മാവാകുന്നു; കർത്താവിന്റെ ആത്മാവുള്ളടത്ത് സ്വാതന്ത്ര്യമുണ്ട്. ഇവിടെ സ്വാതന്ത്ര്യം എന്ന വാക്കിന്റെ അർത്ഥം ഇനി അടിമയല്ല; ബാധ്യതയിൽ നിന്ന് മുക്തൻ, സ്വതന്ത്രൻ, ചങ്ങലയില്ലാത്തവൻ എന്നൊക്കെയാണ്. നമ്മുടെ കണ്ണുകൾ തുറക്കുന്നതിലൂടെ ലഭിക്കുന്ന സ്വാതന്ത്ര്യത്തെ ഇത് വിവരിക്കുന്നു. പുതിയ വെളിച്ചത്തിൽ പെട്ടെന്ന് കാര്യങ്ങൾ കാണുന്നു. അതുവരെ കാര്യങ്ങൾ കണ്ടിരുന്ന രീതിയെ തിരുത്തുവാനും നമ്മെ വഴിതിരിച്ച് യഥാർത്ഥപാതയിലേക്ക് നയിക്കാനും പരിശുദ്ധാത്മാവിന് മാത്രമേ കഴിയൂ. പൗലോസ് ഇവിടെ പറയുന്ന ‘വഴിത്തിരിവ്’ എന്നതിന്റെ അർത്ഥം ദൈവാത്മാവിൽ പൂർണ്ണമായി ആശ്രയിക്കുക എന്നാണ്. അതായത് എല്ലാ വചനവിരുദ്ധ ഉപദേശങ്ങളിൽ നിന്നും, സ്വന്തം ആശയങ്ങളിൽ നിന്നും പദ്ധതികളിൽ നിന്നും പിന്തിരിഞ്ഞ് നിങ്ങളെ നയിക്കാൻ പരിശുദ്ധാത്മാവിനെ മാത്രം അനുവദിക്കുക എന്നതാകുന്നു. അങ്ങനെ കർത്താവിങ്കലേക്കു തിരിഞ്ഞ് പാപത്തിന്റെ മൂടപടം നീങ്ങിയവരായി, തേജസ്സിന്മേൽ തേജസ്സ് പ്രാപിച്ചവരായി, ആൾമാറിയവനെപ്പോലെ ജീവിക്കുവാൻ ദൈവം നമ്മെ ഓരോരുത്തരെയും സഹായിക്കുമാറാകട്ടെ •



## മത്തായിയുടെ സുവിശേഷത്തിലെ ആത്മികമർമ്മങ്ങൾ

ജോയ് എം. തോമസ്

# ക്രിസ്തുവിന്റെ മഹത്വപ്രത്യക്ഷത

***ആ കാലത്തിലെ കഷ്ടം കഴിഞ്ഞ ഉടനെ സൂര്യൻ ഇരുണ്ടുപോകും; ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കും; നക്ഷത്രങ്ങൾ ആകാശത്തുനിന്നു വീഴും; ആകാശത്തിലെ ശക്തികൾ ഇളകിപ്പോകും. അപ്പോൾ മനുഷ്യപുത്രന്റെ അടയാളം ആകാശത്തു വിളങ്ങും; അന്നു ഭൂമിയിലെ സകല ഗോത്രങ്ങളും പ്രലപിച്ചുംകൊണ്ട്, മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാശക്തിയോടും തേജസ്സോടുംകൂടെ വരുന്നതു കാണും. അവൻ തന്റെ ദൂതന്മാരെ മഹാ കാഹളധ്വനിയോടുംകൂടെ അയയ്ക്കും; അവർ അവന്റെ വൃതന്മാരെ ആകാശത്തിന്റെ അറുതിമുതൽ അറുതിവരെയും നാലു ദിക്കിൽനിന്നും കൂട്ടിച്ചേർക്കും ( മത്തായി 24: 29 - 31)***

'**ആ** കാലത്തിലെ കഷ്ടം കഴിഞ്ഞ ഉടനെ' എന്ന കർത്താവിന്റെ വാക്കുകൾ കഷ്ടത്തിന്റെ ഒരു കാലഘട്ടത്തെ കുറിക്കുന്നതാണല്ലോ. ലോകാരംഭം മുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും ഇനിമേൽ സംഭവിക്കാത്തതുമായ വലിയ കഷ്ടം അന്നുണ്ടാകും (മത്തായി 24:21) എന്ന് കർത്താവ് ഈ കാലഘട്ടത്തെ സൂചിപ്പിക്കുന്നു. മഹാകഷ്ടം ( great tribulation ) മഹാപീഡനം, മഹോപദ്രവം എന്നൊക്കെ ഈ കാലത്തെക്കുറിച്ച് പറയാറുണ്ട്. യാക്കോബിന്റെ കഷ്ടകാലം എന്ന് യിരമ്യാവ് പ്രവചിച്ചിരിക്കുന്നത് യിരെമ്യാവ് 30: 4 - 11 വരെയുള്ള വാക്യങ്ങളിൽ കാണുന്നു. ആ കാലത്തിലെ ഭയങ്കര കാര്യങ്ങളെ വർണ്ണിച്ചശേഷം പറയുകയാണ് ആ നാൾ പോലെ വേറെ ഇല്ലാതവണ്ണം അത് വലുതായിരിക്കുന്നു. കഷ്ടം! അത് യാക്കോബിന്റെ കഷ്ടകാലം തന്നെ. എങ്കിലും അവൻ അതിൽ നിന്നും രക്ഷപ്പെടും (യിരെമ്യാവ് 30:7). ബാബേൽ പ്രവാസത്തിൽ ഇസ്രായേൽ അനുഭവിക്കുന്ന ദുരിതകാലമാണ് ഇവിടെ വിവരിക്കുന്നത്. എങ്കിലും ഇസ്രായേൽ, ഭാവിയിൽ അനുഭവിക്കുവാൻ പോകുന്ന മഹാകഷ്ടത്തിന്റെ നാളുകളുടെ സൂചന കൂടെയാണ് അത്.

ഒരു ജാതി ഉണ്ടായത് മുതൽ ഈ കാലം വരെ സംഭവിച്ചിട്ടില്ലാത്ത കഷ്ടകാലം ഉണ്ടാകും (ദാനിയേൽ 12:1) എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. 'ലോകാരംഭം മുതൽ ഇന്നുവരെ സംഭവിച്ചിട്ടില്ലാത്ത....... വലിയ കഷ്ടം ഉണ്ടാകും' എന്ന കർത്താവിന്റെ വാക്കുകൾ പ്രവാചകന്മാരുടെ വചനങ്ങളെ ഉറപ്പിക്കുന്നു. ഇസ്രായേൽ അനുഭവിക്കുവാൻ പോകുന്ന ദുരിതങ്ങളെക്കുറിച്ച് പ്രഥമ സൂചന നൽകിയത് മോശെ തന്നെയാ

ണ്. 'എങ്കിലും അവിടെ വെച്ച് നിന്റെ ദൈവമായ യഹോവയെ നീ തിരകയും പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും കൂടെ അന്വേഷിക്കുകയും ചെയ്താൽ അവനെ കണ്ടെത്തും. നീ ക്ലേശത്തിലാകയും ഇവയൊക്കെയും നിന്റെ മേൽ വരികയും ചെയ്യുമ്പോൾ നീ ഭാവികാലത്ത് നിന്റെ ദൈവമായ യഹോവയുടെ അടുക്കലേക്ക് തിരിഞ്ഞ് അവന്റെ വാക്ക് അനുസരിക്കും'(ആവർത്തനം 4: 29,30). ഇസ്രായേൽ അനുഭവിച്ച കഷ്ടതകൾ എല്ലാം അവർ പാപം ചെയ്തു ദൈവത്തിൽ നിന്ന് പിന്മാറിപ്പോയതിനാൽ ലഭിച്ച ദൈവീക ശിക്ഷയായിരുന്നു. അവരെ ശിക്ഷിക്കുമ്പോഴും ദൈവം അവരെ സ്നേഹിച്ചു, തന്റെ അടുക്കലേക്ക് മടങ്ങി വരുവാൻ കാത്തിരുന്നു. ഇനിയും ഉണ്ടാകുവാൻ പോകുന്ന മഹാകഷ്ടവും ഇസ്രായേൽ ദൈവത്തിലേക്ക് തിരിയേണ്ടതിനു വേണ്ടിയാണ്.

യഹൂദാജനം യേശുകർത്താവിനെ തിരസ്കരിച്ചപ്പോൾ അവരെ ഓർത്ത് കർത്താവ് എത്ര വേദനപ്പെട്ടു. കർത്താവിന്റെ വിലാപവാക്കുകൾ ശ്രദ്ധിക്കുക: 'യെരുശലേമേ യെരുശലേമേ പ്രവാചകന്മാരെ കൊല്ലുകയും നിന്റെ അടുക്കൽ അയച്ചിരിക്കുന്നവരെ കല്ലെറിയുകയും ചെയ്യുന്നവളെ, കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻ കീഴിൽ ചേർക്കുമ്പോലെ നിന്റെ മക്കളെ ചേർത്തു കൊള്ളുവാൻ എനിക്ക് എത്രവട്ടം മനസ്സായിരുന്നു ... '(മത്തായി 23: 37 - 39). കർത്താവ് അരുളിച്ചെയ്തതുപോലെ എ ഡി 70 ൽ യെരുശലേം നശിപ്പിക്കപ്പെടുകയും ജനം ചിതറിക്കപ്പെടുകയും ചെയ്തു. അത് വാസ്തവത്തിൽ മഹാകഷ്ടത്തിന്റെ ആരംഭം ആയിരുന്നു. ചിതറിപ്പോയ യഹൂദന്മാർ ഏതാണ്ട് എല്ലാ രാജ്യങ്ങളിലേക്കും ചെന്നെത്തി. യൂറോപ്പിലും ആഫ്രിക്കയിലും മധ്യപൂർവ്വ ദേശങ്ങളിലും എല്ലാം യഹൂദർ പലവട്ടം പീഡിപ്പിക്കപ്പെടുകയും അനേകർ കൊല്ലപ്പെടുകയും ചെയ്തു. അഡോൾഫ് ഹിറ്റ്ലറിന്റെ കാലഘട്ടം ഒരു ഉദാഹരണം മാത്രം. വാസ്തവത്തിൽ ഇന്ത്യയിൽ എത്തിയവർ സുരക്ഷിതരായിരുന്നു. മുമ്പുണ്ടായിട്ടുള്ളതിനേക്കാളും വലിയ ദുരിതങ്ങൾ ആയിരുന്നു എഡി 70 നു ശേഷം യഹൂദൻ അനുഭവിച്ചുകൊണ്ടിരിക്കുന്നത് എന്നത് ചരിത്രം സാക്ഷിക്കുന്നു. ഇന്ന് അവർക്കു സ്വന്തം രാഷ്ട്രം ഉണ്ടെങ്കിലും സ്വസ്ഥത ഉണ്ടായിട്ടില്ല എന്നത് വാസ്തവം!

യഹൂദാജനം നേരിടുവാൻ പോകുന്ന ദുരിതങ്ങളുടെ അവസാന ഘട്ടമാണ് മഹോപദ്രവകാലം എന്ന് പൊതുവേ പറയുന്നത്. വെളിപ്പാട് 4 മുതൽ 19 വരെ അധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന ദുരിതസംഭവങ്ങൾ അക്കാലത്തു സംഭവിക്കും. ക്ഷാമം, പീഡനം, സൂര്യചന്ദ്രന്മാരിലെ മാറ്റം, ആകാശത്തട്ടിന്റെ മാറ്റം, കാറ്റില്ലാത്ത കാലങ്ങൾ, ഇടിമുഴക്കം, മിന്നൽ, ഭൂകമ്പം, കൽമഴയും തീയും, വെട്ടുക്കിളിപ്പടയുടെ ശല്യം, ജലം രക്തമായും കാഞ്ഞിരം പോലെ കൈപ്പായും തീരുക, അത്യുഷ്ണത്താൽ ശരീരം വെന്തുപോവുക, ദുർവ്രണം, കൂരിരുട്ട്, എന്നീ ന്യായവിധികൾക്കു പുറമെ സാത്താന്റെ ഉപദ്രവം, സമാധാനം നശിക്കുക, തുടങ്ങി ഇന്നുവരെ സംഭവിച്ചിട്ടില്ലാത്ത വിധത്തിലുള്ള ദുരിതങ്ങൾ മനുഷ്യർ അനുഭവിക്കേണ്ടിവരും.

ഇത് മാനസാന്തരപ്പെടായ്കയാൽ ഉള്ള ദൈവശിക്ഷയാണ്. കഠിനമായി ശിക്ഷിക്കുമ്പോഴും ദൈവം മനുഷ്യന്റെ മാനസാന്തരത്തിനായി കാത്തിരിക്കുന്നു. ആ സമയങ്ങളിൽ രക്ഷ പ്രാപിക്കുന്നവരെക്കുറിച്ചും വെളിപ്പാട് പുസ്തകം പറയുന്നുണ്ട്. ഒരു ലക്ഷത്തി നാല്പത്തിനാലായിരം യഹൂദന്മാർ രക്ഷയ്ക്കായി മുദ്രയിടപ്പെടുന്നു(വെളിപ്പാട് 7:4, 14:1) സകല ജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിലും നിന്നും എണ്ണിക്കൂടാത്ത പുരുഷാരം രക്ഷിക്കപ്പെടുന്നു (വെളിപ്പാട് 7: 9). ഏതു തലമുറയിലും ഏതു കാലഘട്ടത്തിലും പാപമോചനം പ്രാപിക്കുവാനും നിത്യജീവനെ അവകാശമാക്കുവാനുമുള്ള 'രക്ഷയുടെ വാതിൽ' ദൈവം ഏവർക്കും ആയി തുറന്നു വെച്ചിരിക്കുന്നു. എത്ര വലിയ പ്രതികൂലത്തിന്റെ നടുവിലും ദൈവത്തെ അന്വേഷിക്കുന്നവർ രക്ഷ പ്രാപിക്കുന്നു എന്നത് ഒരു പരമാർത്ഥമായി നിലനിൽക്കുന്നു.

**ഏതു കാലഘട്ടത്തിലും പാപമോചനം പ്രാപിക്കുവാനും നിത്യജീവനെ അവകാശമാക്കുവാനുമുള്ള 'രക്ഷയുടെ വാതിൽ' ദൈവം ഏവർക്കും ആയി തുറന്നു വെച്ചിരിക്കുന്നു.**

ആ കാലത്തിലെ കഷ്ടം കഴിഞ്ഞശേഷമുള്ള

ഏറ്റവും വലിയ സംഭവമാണ് യേശുക്രിസ്തുവിന്റെ മഹത്വപ്രത്യക്ഷത. കർത്താവിന്റെ മടങ്ങിവരവ് കഷ്ടങ്ങൾക്ക് അവസാനം വരുത്തുന്നു എന്നതാണ് ശരി. കർത്താവിന്റെ വരവിനു മുന്നോടിയായി വലിയ പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകുമെന്ന് കർത്താവ് സൂചിപ്പിക്കുന്നു. സൂര്യൻ ഇരുണ്ടുപോകും, ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കും, നക്ഷത്രങ്ങൾ ആകാശത്തുനിന്നും വീഴും, ആകാശത്തിലെ ശക്തികൾ ഇളകിപ്പോകും എന്നിങ്ങനെയുള്ള അസാധാരണമായ സംഭവങ്ങളെക്കുറിച്ചും കർത്താവ് അരുളിച്ചെയ്തിരിക്കുന്നു. ഈ സംഭവങ്ങളുടെ യഥാർത്ഥ സ്ഥിതി അവ സംഭവിക്കുമ്പോൾ മാത്രമേ നമുക്ക് മനസ്സിലാവുകയുള്ളൂ. കർത്താവ് അരുളിച്ചെയ്യുന്നതിന് സമാനമായി പ്രവാചകന്മാരാൽ ദൈവം മുമ്പുകൂട്ടി പറഞ്ഞിരിക്കുന്നത് നമുക്ക് വായിക്കുവാൻ കഴിയും (യെശയ്യാവ് 13:10, 34:4, യോവേൽ 2: 10,11, സെഫന്യാവ് 1: 15).

അപ്പോൾ മനുഷ്യപുത്രന്റെ അടയാളം ആകാശത്ത് വിളങ്ങും. യേശുകർത്താവ് സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ 'ഒരു മേഘം അവനെ മൂടിയിട്ട് അവൻ അവരുടെ കാഴ്ചയ്ക്ക് മറഞ്ഞു' (പ്രവർത്തികൾ 1:9) എന്ന് എഴുതിയിരിക്കുന്നു. ആകാശത്തേക്ക് ഉറ്റുനോക്കി നിന്ന് ശിഷ്യന്മാരോട് സ്വർഗ്ഗീയദൂതന്മാർ ഇപ്രകാരം പറഞ്ഞു: നിങ്ങളെ വിട്ടു സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്ക് പോകുന്നവനായി നിങ്ങൾ കണ്ടതുപോലെതന്നെ അവൻ വീണ്ടും വരും എന്ന് പറഞ്ഞു(അപ്പോസ്തല പ്രവൃത്തികൾ1:11). കർത്താവ് പോയതുപോലെ മടങ്ങി വരും. സകലരും കാണത്തക്ക നിലയിലാണ് അവിടുന്ന് മടങ്ങിവരുന്നത്. 'മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാശക്തിയോടും തേജസ്സോടും കൂടെ വരുന്നതു കാണും എന്ന് കർത്താവ് അരുളിച്ചെയ്തിരിക്കുന്നു. കർത്താവിനെ തിരസ്കരിച്ചവർക്ക് ഇത് നല്ല വാർത്തയല്ല. ഭൂമിയിലെ സകല ഗോത്രങ്ങളും നിലവിളിക്കുകയും നെഞ്ചത്തടിക്കുകയും ചെയ്യും. അവർ വേദനയോടെ നിലവിളിച്ച് വിലപിക്കും. അവർ അഭിമുഖീകരിക്കുവാൻ പോകുന്ന ന്യായവിധിയും തുടർന്ന് ലഭിക്കുന്ന ശിക്ഷയും അവർക്ക് ചിന്തിക്കുവാൻ കഴിയുന്നതല്ല. നോഹയുടെ പെട്ടകത്തിന്റെ വാതിൽ ദൈവം അടയ്ക്കുകയും മഴ ആരംഭിക്കുകയും ചെയ്തതുപോലെ, രക്ഷിക്കപ്പെടുവാനുള്ള അവസാന അവസരം തീരുകയും കർത്താവിന്റെ വരവ് സംഭവിക്കുകയും ചെയ്യുന്നു. ഇന്ന് ഈ കാര്യങ്ങളെല്ലാം ലാഘവത്തോടെ എടുത്ത് നിഷേധാത്മകമായി പോകുന്നവർ അന്ന് മാറത്തടിച്ചു നിലവിളിക്കും എന്നത് യാഥാർത്ഥ്യമാണ്. പക്ഷേ അന്ന് രക്ഷയ്ക്കുള്ള വഴി അടയ്ക്കപ്പെട്ടിരിക്കും.

കർത്താവിന്റെ മഹത്വപ്രത്യക്ഷതയ്ക്ക് മുമ്പ് തനിക്കായി കാത്തിരിക്കുന്നവരെ ചേർക്കുന്നതിനുള്ള മദ്ധ്യാകാശത്തിലെ വരവിനെക്കുറിച്ച് നാം തിരുവെഴുത്തുകളിൽ വായിക്കുന്നുണ്ട്: കർത്താവ് താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയിർത്തെഴുന്നേൽക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടൊരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേൽക്കാൻ മേഘങ്ങളിൽ എടുക്കപ്പെടും, ഇങ്ങനെ നാം എപ്പോഴും കർത്താവിനോടു കൂടെ ഇരിക്കും (1 തെസ്സലോനിക്കർ 4: 16,17). മദ്ധ്യാകാശത്തിൽ ചേർക്കപ്പെട്ട തന്റെ വിശുദ്ധന്മാരോടു കൂടെയാണ് കർത്താവ് തന്റെ മഹത്വപ്രത്യക്ഷതയിൽ ഭൂമിയിലേക്ക് ഇറങ്ങിവരുന്നത്. ന്യായാധിപനായിട്ടാണ് അവിടുന്ന് അപ്പോൾ വെളിപ്പെടുന്നത്. ആദം മുതൽ ഏഴാമനായ ഹാനോക്ക് അത് പ്രവചിച്ചിട്ടുള്ളത് യൂദാ എടുത്തുപറയുന്നുണ്ട് (യൂദാ 1:15).

കർത്താവ് തന്റെ മഹത്വത്തിൽ മടങ്ങി വരുമ്പോൾ ഭൂമിയിൽ വാണുകൊണ്ടിരിക്കുന്നത് എതിർക്രിസ്തു ആണ്. അവനെ അധർമ്മമൂർത്തി എന്ന് വിശേഷിപ്പിച്ചിരിക്കുന്നു. സാത്താൻ അവന്റെ അധികാരങ്ങളും ശക്തിയും പകർന്നു നൽകി രാജാവാക്കി ഇരിക്കുന്നവൻ ആണ് ഈ എതിർക്രിസ്തു. കർത്താവ് തന്റെ ശക്തിയിൽ വെളിപ്പെടുമ്പോൾ, തന്റെ വായിലെ ശ്വാസത്താൽ അവനെ ഒടുക്കി, തന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ നശിപ്പിക്കും. എതിർക്രിസ്തുവിനെയും അവന്റെ വലങ്കൈ ആയിരിക്കുന്ന കള്ളപ്രവാചകനെയും തീപ്പൊയ്കയിൽ തള്ളിയിടും. തുടർന്ന് സാത്താനെ ആയിരം ആണ്ട് അഗാധകൂപത്തിൽ പൂട്ടും. തുടർന്ന് സഹസ്രാബ്ദ വാഴ്ച ആരംഭിക്കും. കർത്താവ് തന്റെ വൃതന്മാരെ ഭൂമിയുടെ അറുതികളിൽ നിന്നും ശേഖരിക്കുകയും ഇവർ ക്രിസ്തുവിന്റെ രാജ്യത്തിൽ പ്രവേശിക്കുകയും ചെയ്യും. •

ലേക്കും പൊയ്ക്കളഞ്ഞു'' (മത്തായി 22:5). ദൈവവും, ദൈവത്തിന്റെ ക്ഷണവും, ദൈവവുമായുള്ള കൂട്ടായ്മയും ഒന്നും അവർക്ക് 'ഗൗരവ'മുള്ള കാര്യമായിരുന്നില്ല. അതിനെക്കാൾ വലുതായിരുന്നു അവർക്ക് അവരുടെ കൃഷിയും ബിസിനസ്സും...അതാണു കാര്യം.

ഇന്നത്തെ തലമുറയുടെ ഒരു നേർച്ചിത്രമാണ് കർത്താവ് ഇവിടെ വരച്ചുകാട്ടിയിരിക്കുന്നത്. ഇന്ന് ആത്മികതയെ ഗൗരവമായി എടുത്തിരിക്കുന്നവർ എത്രശതമാനം വരും? എല്ലാവരും എപ്പോഴും ചിന്തിക്കുന്നത് അവരുടെ ജോലിയെപ്പറ്റിയും ബിസിനസ്സിനെപ്പറ്റിയും വസ്തുക്കളെപ്പറ്റിയും ലാഭത്തെപ്പറ്റിയും മറ്റും മറ്റുമാണ്. അക്കാര്യത്തിലൊക്കെ അവർ 'ഗൗരവ'ത്തിലാണ്. എത്ര വലിയ തിരക്കുണ്ടെന്നു പറയുന്നവരും ''ഹോ, മടുത്തു"എന്നു പറയുന്നവരും പുതിയ ബിസിനസ് തുടങ്ങാൻ ഉറക്കം കെടുത്തുകയാണ്. കള്ളുകുടിക്കാൻ ക്ലബ്ബുകളിൽ കൃത്യസമയത്തെത്തുന്നവരോട് ഒരു സുവിശേഷയോഗത്തെപ്പറ്റി പറഞ്ഞാൽ ചിരിച്ചുതള്ളും... ഒരു സുവിശേഷ ലഘുലേഖ കൊടുത്താൽ ചുരുട്ടി ചവറ്റുകൊട്ടയിലിടുന്നയാൾ ഷെയർമാർക്കറ്റിലെ ന്യൂസുകൾ ചവറ്റുകൊട്ടയിൽ നിന്ന് എടുത്തു വായിക്കും. പള്ളിയിൽ പോകാൻ സമയമില്ലെന്നു പറയുന്നവൻ ശരീരം നന്നാക്കാൻ കൃത്യമായി ജിമ്മിൽപോകും. വിജാതീയരെപ്പറ്റിയും വിശ്വാസികളല്ലാത്തവരെപ്പറ്റിയും മാത്രമാണു ഞാനിതു പറയുന്നതെന്നു ചിന്തിക്കേണ്ട... വിശ്വാസികളെന്നു സ്വയം വിളിക്കുന്നവരും വീണ്ടുംജനിച്ചവരെന്നു വീമ്പിളക്കുന്നവരും എല്ലാം ഇന്ന് ആത്മികതയെ ഗൗരവമായി കാണുന്നതിൽ പരാജയപ്പെടുന്നു... ക്രിസ്തുവിനെക്കാൾ വലുത് അവർക്ക് നിലവുംവ്യാപാരവുമാണ് (മത്തായി22:5).

ഇന്നും ദൈവം തന്റെ ദാസന്മാരെ ലോകമെങ്ങും അയച്ചുകൊണ്ടിരിക്കുന്നു, ജനങ്ങളെ തന്റെ മുത്താഴത്തിനു ക്ഷണിക്കുവാൻ! എന്നാൽ പലരും അത് ഗൗരവമായെടുക്കാതെ താന്താന്റെ വഴിക്കു തിരിയുകയാണ് (യെശയ്യാവ് 53:6; 56:11). ദൈവത്തിന്റെ ക്ഷണത്തെ ഗൗരവമായെടുക്കാത്ത ഒരു കൂട്ടരെപ്പറ്റി മാത്രമല്ല ഇവിടെ പരാമർശം. അതിനോടു മറുതലിക്കുകയും 'യുദ്ധം'പ്രഖ്യാപിക്കുകയും ചെയ്യുന്ന ചിലരും രംഗത്തുണ്ട്. "ശേഷമുള്ളവരോ, അവന്റെ ദാസന്മാരെ പിടിച്ച് അപമാനിച്ചു കൊന്നുകളഞ്ഞു..." (മത്തായി 22: 6). അതായത്, രാജാവിന്റെ ഉദ്യോഗസ്ഥരെ സാധാരണപ്രജകൾ അപമാനിച്ചുകൊന്നുകളഞ്ഞുവത്രെ! കാരണമെന്ത്? അവർ വന്ന് ഈ സാധാരണക്കാരെ രാജാവിന്റെ മകന്റെ കല്യാണത്തിനു വിളിച്ചു. രാജാവിന്റെ മകന്റെ കല്യാണത്തിനു ക്ഷണിക്കുന്നത് - വരണേ എന്ന് അപേക്ഷിക്കുന്നത്- അത്ര വലിയ പാതകമാണോ? അതൊരു പാതകമെന്നപോലെയാണ് സുവിശേഷവിരോധികളുടെ ഇടപാട്... സുവിശേഷം പറയുന്നവരെ കാരണമൊന്നുമില്ലാതെ അവർ അപമാനിക്കുന്നു... ഉപദ്രവിക്കുന്നു... ചിലപ്പോൾ കൊന്നുകളയുന്നു...

ദൈവം എന്തുചെയ്യുന്നു? ദൈവം ദീർഘക്ഷമയുള്ളവനാണ്, സുവിശേഷത്തിന്റെ ക്ഷണം നിരസിക്കുന്നവരെ പിന്നെയും പിന്നെയും ക്ഷണിക്കുന്നവനാണ്. എന്നാൽ അവന്റെ ക്ഷമയുടെ ഐശ്വര്യത്തെ നിഷേധിക്കുന്നവർ താമസിയാതെ അവന്റെ കോപത്തിന്റെ മുഖം കാണേണ്ടിവരും! 'രാജാവുകോപിച്ച്, സൈന്യങ്ങളെ അയച്ച് ആ കൊലപാതകന്മാരെ മുടിച്ച് അവരുടെ പട്ടണം ചുട്ടുകളഞ്ഞു..." (മത്തായി 22: 7).

നോക്കുക... ദൈവം പട്ടണത്തിലുള്ളവർക്കെല്ലാം 'ക്ഷണം' നൽകിയിരിക്കുന്നു. ചിലർ ഒഴികഴിവുകൾ പറഞ്ഞ് ദൈവത്തിന്റെ ക്ഷണത്തെ നിസ്സാരമാക്കിക്കളഞ്ഞു; മറ്റുചിലർ ദൈവത്തിന്റെ പ്രതിനിധികളെ കൊന്നുകളഞ്ഞു. ഇരുകൂട്ടരും ദൈവരാജ്യത്തിൽ ഭക്ഷണം കഴിച്ചില്ല. ദൈവരാജ്യത്തെ നിസ്സാരമാക്കിയവരും ദൈവത്തോട് മറുതലിച്ച് യുദ്ധംചെയ്തവരും -ഇരുകൂട്ടരും- ഒരുപോലെ ദൈവകോപത്തിനു പാത്രീഭൂതരാവുകയാണ്! രാജാവിന്റെ സൈന്യം 'പട്ടണത്തെ ചുട്ടുകളയുകയാണ്' (മത്തായി 22: 7). കർത്താവിന്റെ ക്ഷണം സ്വീകരിക്കുന്നവർ മാത്രം അവനോടുകൂടെ പന്തിയിലിരിക്കും. ബാക്കിയെല്ലാവരും തീപ്പൊയ്കയിലേക്കു പോകും. അതിനാൽ ദൈവത്തിന്റെ ക്ഷണത്തോട് നിസ്സംഗത പുലർത്തുന്നവർക്ക് -ഓരോ ഒഴികഴിവുകൾ പറഞ്ഞ് ദൈവത്തിന്റെ ഐശ്വര്യത്തെ നിഷേധിക്കുന്നവർക്ക് -ശിക്ഷയിൽ ഇളവുണ്ടാകുമെന്നു ചിന്തിക്കേണ്ട. ദൈവനിഷേധികൾക്കും സുവിശേഷവിരോധികൾക്കും ആത്മീയതയെ ഗൗരവമായി കാണാത്തവർക്കും എല്ലാം ശിക്ഷ ഒരുപോലെ വരും.

രാജാവിന്റെ ക്ഷണത്തിന് എത്ര നിസ്സാരമായ ഒഴികഴിവുകളാണ് അവർ പറയുന്നത്! 'ഒരുത്തൻ തന്റെ നിലത്തിലേക്കും മറ്റൊരുത്തൻ തന്റെ വ്യാപാരത്തിലേക്കും' (മത്തായി 22:5) എന്നു പറയുന്നതിനു സമാനമായി ലൂക്കൊസിന്റെ സുവിശേഷത്തിൽ അവരുടെ ഒഴികഴിവുകളെ കർത്താവ് എടുത്തുപറയുന്നുണ്ട്: 'ഒന്നാമത്തവൻ അവനോട്, ഞാൻ ഒരു നിലം വാങ്ങിയതിനാൽ അതുചെന്നു കാണേണ്ടുന്ന (പരിശോധിക്കേണ്ട) ആവശ്യമുണ്ട്. മറ്റൊരുത്തൻ, ഞാൻ അഞ്ചേർ കാളയെ വാങ്ങിയിട്ടുണ്ട്; എനിക്ക് അവയെ ശോധനചെയ്യേണ്ടതുണ്ട് എന്നു പറഞ്ഞു... മറ്റൊരുത്തൻ, ഞാൻ ഇപ്പോൾ വിവാഹം കഴിച്ചിരിക്കുന്നു, വരുവാൻ മനസ്സില്ല എന്നു പറഞ്ഞു' (ലൂക്കൊ.14:18-20).

കേട്ടാൽ ചിരിവരുന്ന ഒഴികഴിവുകളാണിവ. 'ഞാൻ ഒരു നിലം വാങ്ങിയിട്ടുണ്ട്, അതു ശോധന ചെയ്യണ'മത്രെ. എന്താണിതിനർഥം? നിലം എങ്ങനെയുണ്ടെന്നറിയാതെയാണോ അവൻ അതു വാങ്ങിയത്? വാങ്ങിക്കഴിഞ്ഞിട്ട് അതു പരിശോധിച്ചിട്ട് എന്തുകാര്യം? വണ്ടി വാങ്ങിയിട്ട് പിന്നീട് ടെസ്റ്റ് ഡ്രൈവ് എടുക്കുന്നതുപോലെയേയുള്ളൂ അത്. അതുതന്നെയാണ് 'മെരുക്കമുണ്ടോ' എന്നു നോക്കാതെ അഞ്ചേർ കാളയെ വാങ്ങിയവന്റെ കാര്യവും. മൂന്നാമത്തവൻ 'വിവാഹം കഴിച്ചിരി'ക്കുന്നുവത്രെ. അതിനെന്ത്? അവന് ഭാര്യയുമൊന്നിച്ച് വിവാഹാഘോഷത്തിനു പോകാമല്ലോ. ഇതൊന്നും ഒരു ഒഴികഴിവേയല്ല എന്നു നമുക്കറിയാം. 'എല്ലാവരും ഒരുപോലെ ഒഴികഴിവു പറഞ്ഞു തുടങ്ങി' (They began to make vain excuses)എന്നാണു കർത്താവു പറയുന്നത് (ലൂക്കൊസ് 14:18).

കള്ളം ഒരു കാരണമായി ഗുപ്തമായി ഉപയോഗിക്കുന്നതിനെയാണ് (excuse is a reason stuffed with a lie) ഒഴികഴിവുകൾ എന്നു പറയുന്നത്. സുവിശേഷത്തെ സ്വീകരിക്കുവാൻ കഴിയാത്തത്ര കാരണങ്ങൾ ഭൂമിയിലാർക്കുമില്ല. യേശുവിനെ വേണമെന്ന് ആത്മാർഥമായി ആഗ്രഹിക്കുന്നവർക്ക് ദൈവം തീർച്ചയായും അതിനുള്ള സാഹചര്യങ്ങളെ ഒരുക്കിക്കൊടുക്കും (സങ്കീർത്തനം 12:5). വിശുദ്ധിയിൽ ജീവിക്കാൻ ആഗ്രഹിക്കുന്നവന് തീർച്ചയായും വിശുദ്ധനായി ജീവിക്കാൻ കഴിയും.

എന്തൊക്കെയാണ് നമ്മുടെ ഒഴികഴിവുകൾ? നിങ്ങളുടെ വസ്തുവിന്റെ സംരക്ഷണമോ? അതോ നിങ്ങളുടെ ജോലിയോ? അതുമല്ലെങ്കിൽ നിങ്ങളുടെ കുടുംബബന്ധങ്ങളോ? ക്ഷണഭംഗുരമായ ഐഹിക കാര്യാദികളാണോ നമ്മെ അധികം സ്വാധീനിക്കുന്നത്? വഞ്ചിക്കപ്പെടരുതേ! ദൈവരാജ്യത്തിന്റെ പങ്കാളിത്തത്തിനു ക്ഷണം ലഭിച്ചവരാണു നാം. അതുവിട്ട് നിലത്തിലേക്കും പണിയിലേക്കും ബന്ധങ്ങളിലേക്കും മനസ്സുതിരിക്കുന്നവർ അഹങ്കാരികളും വിഡ്ഢികളുമാണ്. മണ്ണെപ്രതി മാണിക്യത്തെ വെടിയുകയോ? ദൈവരാജ്യത്തിന്റെ പങ്കാളിത്തത്തിനായി നമ്മെ ക്ഷണിച്ച ദൈവത്തിന്റെ മഹാകരുണയ്ക്കായി നന്ദി പറയാം.... ദൈവത്തിന്റെ മഹത്വപൂർണ്ണമായ വിരുന്നിലേക്ക് കൊണ്ടുപോകുവാൻ വരുന്ന ദിവ്യവാഹനത്തിന്റെ ശബ്ദത്തിനായി കാതോർത്തിരിക്കാം. ലോകത്തിലൊന്നും നമ്മുടെ മനസ്സിനെ സ്വാധീനിക്കാതിരിക്കുവാൻ നമുക്ക് ജാഗ്രതയുള്ളവരാകാം. •

## പ്രത്യേക പരിഗണനയ്ക്ക്

തികച്ചും അപ്രതീക്ഷിതമായി തപാൽ കൺസെഷൻ ലഭ്യമല്ലാതെ വന്നപ്പോൾ തപാൽച്ചിലവ് പതിനാറിരട്ടിയായി വർദ്ധിച്ചു. കൂടാതെ മറ്റ് അനുബന്ധ ചിലവുകളെല്ലാം വർദ്ധിച്ചത് ഞങ്ങളുടെ സാമ്പത്തിക ഭാരവും വർദ്ധിപ്പിക്കയുണ്ടായി. ഈയവസരത്തിൽ അതിന്റെ ഒരംശം മാത്രം പ്രിയ വരിക്കാരിലേക്കു പങ്കുവയ്ക്കുവാൻ ഞങ്ങൾ നിർബന്ധിതരായിരിക്കുന്നു. തത്ഫലമായി മാസികയുടെ വരിസംഖ്യ **പ്രതിവർഷം 350 രൂപയാക്കി** വർദ്ധിപ്പിക്കാതെ തരമില്ല. ഇത്രയും വർധിപ്പിച്ചാൽ തന്നെ മുഴുവൻ ചിലവുകളും വഹിക്കുവാനത് പര്യാപ്തവുമല്ല. സുവിശേഷത്തെ സ്നേഹിക്കുന്ന ചില സഹോദരങ്ങൾ നൽകുന്ന സാമ്പത്തിക പിന്തുണ വളരെ സഹായകമാണ്. ആയതിനു ഞങ്ങൾ ദൈവത്തോടും പ്രിയപ്പെട്ടവരോടും വളരെ നന്ദിയും സ്നേഹവും അറിയിച്ചുകൊള്ളുന്നു. ഈ ശുശ്രൂഷയിൽ എല്ലാ പ്രിയപ്പെട്ടവരുടെയും പ്രാർത്ഥനയും സഹായ സഹകരണങ്ങളും തുടർന്നും നൽകണമെന്ന് വളരെ വിനീതമായി അഭ്യർത്ഥിക്കുന്നു.

# അവയവദാനം മഹാദാനം

**വാ**ഹനാപകടത്തെത്തുടർന്നു മസ്തിഷ്ക്ക മരണം സംഭവിച്ച കേവലം 9 മാസം മാത്രം പ്രായമുള്ള ആലിൻ എന്ന കുഞ്ഞിന്റെ വിവിധ ആന്തരിക അവയവങ്ങൾ 4 വ്യത്യസ്ത വ്യക്തികളിലായി അവയവദാനത്തിലൂടെ ജീവിക്കുന്നു എന്നു വാർത്താമാദ്ധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. പ്രധാനമന്ത്രിയുടെ 'മൻ കി ബാത്തിൽ', വേദനയ്ക്കിടയിലും ഹൃദയവിശാലത കാണിച്ച മാതാപിതാക്കളെ പ്രശംസിച്ചു കൊണ്ട് അദ്ദേഹം സംസാരിക്കുകയുണ്ടായി. ഇതും വാർത്താമാദ്ധ്യമങ്ങൾ റിപ്പോർട്ടു ചെയ്തിരുന്നു.

മനുഷ്യശരീരം ദൈവത്തിന്റെ അത്യത്ഭുത സൃഷ്ടിയാണ്. അവയവദാനം എന്നത് ഒരാളുടെ ശരീരത്തിലെ ആരോഗ്യകരമായ അവയവങ്ങൾ മറ്റൊരാളുടെ ജീവൻ രക്ഷിക്കാനായി നൽകുന്നതാണ്. ശാസ്ത്രത്തിന്റെ പുരോഗതിയാൽ ഹൃദയം, വൃക്ക, കരൾ, ശ്വാസകോശം, കണ്ണിന്റെ കൊർണിയ തുടങ്ങി പല അവയവങ്ങളും മാറ്റിവെക്കാൻ ഇന്ന് കഴിയുന്നു. വേദനയിൽ വിറങ്ങലിച്ചുകൊണ്ട് ആശുപത്രി കിടക്കയിൽ മരണത്തിന്റെയും ജീവന്റെയും ഇടയിൽ കാത്തുനിൽക്കുന്നവർക്കു ഒരു ദാതാവിന്റെ തീരുമാനം വലിയ ആശ്വാസം നൽകുന്ന കൈത്താങ്ങലാകുന്നു!

അവയവദാനം ശരീരത്തിന്റെ ഒരു ഭാഗം നൽകൽ മാത്രമല്ല; അത് സ്നേഹത്തിന്റെയും കരുതലിന്റെയും മനസ്സലിവിന്റെയും പ്രവൃത്തിയാണ്. മനുഷ്യൻ തന്റെ സ്വാർത്ഥതയുടെ ചുറ്റുവലയങ്ങൾ തകർത്തു മറ്റൊരാളുടെ നന്മയ്ക്കായി മുന്നോട്ട് വരുന്ന നിമിഷമാണ്. 'കൊടുക്കുന്നതു സ്വീകരിക്കുന്നതിനെക്കാൾ ഭാഗ്യമുള്ളതു' എന്ന ബൈബിൾവാക്യം ഇവിടെ സാർത്ഥകമാകുന്നു.

ഇന്ത്യയിൽ ആയിരക്കണക്കിന് രോഗികൾ അവയവമാറ്റത്തിനായി കാത്തിരിക്കുന്നു. സർക്കാർ സംവിധാനങ്ങളായ National Organ and Tissue Transplant Organization (NOTTO) പോലുള്ള സ്ഥാപനങ്ങൾ അവയവദാനത്തെ പ്രോത്സാഹിപ്പിക്കുകയും, ദാതാക്കളെയും സ്വീകരിക്കുന്നവരെയും ഏകോപിപ്പിക്കുന്നു. പല സംസ്ഥാനങ്ങളിലും ബോധവത്കരണ ക്യാമ്പുകളിലൂടെ ജനങ്ങളെ ഈ മഹാദാനത്തിന്റെ ആവശ്യകതയിലേക്ക് നയിക്കുന്നു. എന്നിരുന്നാലും, ദാതാക്കളുടെ കുറവ് ഇന്നും വേദനാജനകമായ യാഥാർത്ഥ്യമാണ്. അവയവദാനത്തെക്കുറിച്ച് ചിലർക്ക് ഭയങ്ങളും സംശയങ്ങളും ഉണ്ടാകാം. എന്നാൽ വൈദ്യശാസ്ത്രം വളരെ കൃത്യതയോടെ, നിയമപരമായ നിയന്ത്രണങ്ങൾ പാലിച്ച് ഈ പ്രക്രിയ നടത്തുന്നു. മസ്തിഷ്കമരണം സ്ഥിരീകരിച്ച ശേഷം മാത്രമാണ് ദാതാവിന്റെ അവയവങ്ങൾ മാറ്റിവെക്കുന്നത്. ജീവിച്ചിരിക്കുന്നവരിൽ നിന്നും വൃക്കയോ കരളിന്റെ ഭാഗമോ ദാനം ചെയ്യുന്നതും ആരോഗ്യപരിശോധനകൾക്കു ശേഷമാണ്. അതുകൊണ്ട് അവയവദാനം ഉത്തരവാദിത്തത്തോടും മാന്യതയോടും കൂടിയ ഒരു മാനുഷിക നടപടിയാണ്.

അവയവദാനം ഒരു കുടുംബത്തിന്റെ ദു:ഖത്തെ പ്രത്യാശയുടെ വിളക്കാക്കി മാറ്റുന്നു. പ്രിയപ്പെട്ടവരെ നഷ്ടപ്പെട്ട വേദനയിലായിരിക്കുമ്പോഴും, അവരുടെ അവയവങ്ങൾ മറ്റൊരാളിൽ ജീവൻ തെളിയിക്കുന്നു എന്ന അറിവ് ഒരു ആശ്വാസമായി മാറുന്നു. ഇത് ഒരു സാമൂഹിക ഉത്തരവാദിത്തവും കൂടിയാണ്. വൃക്ക ദാനം ചെയ്ത ഒരാൾ കാരണമായി, ഡയാലിസിസിന്റെ ചങ്ങലയിൽ കുടുങ്ങിയിരുന്ന വേറൊരാൾക്ക് ആരോഗ്യകരമായ ജീവിതം തുടരുവാൻ കഴിയുന്നു. അവയവദാനം മനുഷ്യസ്നേഹത്തിന്റെ ഉന്നത പാഠമാണ്. അത് മതഭേദമോ ജാതിഭേദമോ ഭാഷാഭേദമോ ഇല്ലാതെ മനുഷ്യരെ ബന്ധിപ്പിക്കുന്നു. ഓരോ കുടുംബവും ഈ വിഷയത്തിൽ തുറന്ന സംവാദങ്ങൾ നടത്തണം. ഓരോ ഹൃദയവും എന്റെ ജീവൻ അവസാനിച്ചാലും, മറ്റൊരാളിൽ അത് തുടരട്ടെ എന്ന പ്രതിജ്ഞ എടുക്കണം. ജീവിതം നമുക്ക് ലഭിച്ച ഒരു വരമാണെങ്കിൽ, അവയവദാനം അതിന്റെ പങ്കിടലാണ്. നമ്മുടെ ഹൃദയം നിലച്ചാലും അത് മറ്റൊരാളിൽ മിടിക്കട്ടെ. കണ്ണുകൾ അടഞ്ഞാലും, അവ മറ്റൊരാൾക്ക് കാഴ്ചയുടെ ലോകം തുറക്കട്ടെ. അവയവദാനം മനുഷ്യസ്നേഹത്തിന്റെ അത്യുച്ച ശിഖരമാണ്.

# നമുക്ക് ക്രിസ്തുവിലുള്ള മനുഷ്യരാകാം

വീണ്ടുംജനനത്തിന്റെ ദൈവോദ്ദേശ്യം മറന്ന ഒരു സമൂഹമായി നാം രക്ഷിതഗണം മാറിയിരിക്കുന്നുവോ? പഴയനിയമ യിസ്രായേൽ നിയമങ്ങൾക്ക് പ്രാധാന്യം കൊടുത്ത ഒരു സമൂഹമായിരുന്നു. ന്യായപ്രമാണം അനുസരിക്കാത്തവരെ പേടിപ്പിക്കുംവിധം 'ശപിക്കപ്പെട്ടവൻ, ശപിക്കപ്പെട്ടവൻ' എന്ന് നിരന്തരം വിളിക്കുമായിരുന്നു. യഹൂദാമതം കടുത്ത നെറ്റിയും, കഠിനഹൃദയവും കൊണ്ട് എന്നും മതാത്മകതയുടെ പ്രതീകമായിരുന്നു. എന്നാൽ പാപികളുടെ സ്നേഹിതനായി അവരെ വീണ്ടെടുത്ത് രക്ഷിച്ച ക്രിസ്തു, മനുഷ്യരെ കാരുണ്യത്തിന്റെ ഭവനത്തിലേക്ക് ദത്തെടുക്കുകയായിരുന്നു! 'ശപിക്കപ്പെട്ടവൻ' എന്ന വാക്കിനു പകരം 'ഭാഗ്യവാന്മാർ, അനുഗ്രഹിക്കപ്പെട്ടവർ' എന്നീ വാക്കുകൾ ക്രിസ്തു നിരന്തരം ഉപയോഗിച്ചു.

വീണ്ടുംജനനാനുഭവത്തിലൂടെ പുതിയസൃഷ്ടിയായി രൂപാന്തരപ്പെടുന്നവർക്ക് മാത്രമുള്ളതാണ് സ്വർഗ്ഗരാജ്യം എന്ന് യഹൂദാപണ്ഡിതനും മന്ത്രിയുമായ നിക്കോദേമോസിനോട് പറഞ്ഞത് സർവ്വമാനവർക്കുമുള്ള കൽപ്പനയായിരുന്നു. എന്നാൽ ക്രിസ്തുവിന്റെ ശരീരമായ സഭ കാലാന്തരത്തിൽ സംഘടിതമതത്തിന്റെ ശൈലിയിൽ ചില കൽപ്പനകൾക്കുമാത്രം പ്രാധാന്യം കൊടുത്ത് 'ബൈലോകളും പോളിസികളും' ഫോളോ ചെയ്യുന്ന ഒരു സമൂഹമായി മാറ്റപ്പെട്ടു എന്ന കാര്യം ദു:ഖത്തോടെ ഓർക്കുന്നു.

മനുഷ്യപുത്രൻ കാരുണ്യത്തിന്റെ ദൈവമാണ്. അവനെ പിൻഗമിക്കുന്നവർ പരസ്പരം ക്ഷമിക്കുന്നവരും ദയ കാട്ടുന്നവരും താഴ്മയുള്ളവരും അന്യോന്യം കരുതുന്നവരും ആകേണ്ടതുണ്ട്. അതാണ് വിശ്വാസത്താലുള്ള രക്ഷാമാർഗ്ഗത്തിന്റെ ലോകം കാണുന്ന ചിത്രം, അഥവാ, സഭയുടെ ദൃശ്യഭാവം. അത് യേശുക്രിസ്തുവിൽ പുതിയസൃഷ്ടിയുടെ ചൈതന്യം പേറുന്ന തുടർമാനമായ അനുഭവമായിരിക്കണം. മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ട, കർത്താവിന്റെ ദർശനങ്ങളെയും വെളിപ്പാടുകളെയും അനുഭവിച്ചറിഞ്ഞ അപ്പോസ്തലനായ പൗലോസ് തന്നെക്കുറിച്ച് വിശേഷിപ്പിച്ചത് 'ക്രിസ്തുവിലുള്ള ഒരു മനുഷ്യനെ' (a man in Christ ) അറിയുന്നു എന്നാണ്. നാം ക്രിസ്തുവിലുള്ള ഒരു മനുഷ്യൻ തന്നെയാണോ എന്ന് നമുക്ക് സ്വയം ശോധന ചെയ്യാം.

-എംസി

SOUTH INDIAN Bank
RIGHTEOUS PATH PUBLICATION TRUST
Vpa Id:qr.nerveedhi@sib
Scan and Pay using any UPI App

Bank Account Details:
Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315
SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക
വരിസംഖ്യ
350 രൂപ

QR കോഡ് സ്കാൻ ചെയ്തു
Google Pay / PhonePe ചെയ്യാവുന്നതാണ്.

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി


നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ
ഉത്തമ സുഹൃത്തുമായ നേർവീഥി
നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...


അക്കൗണ്ടിൽ പണമടയ്ക്കുന്നവർ
പേരുവിവരം ഓഫീസിൽ
അറിയിക്കുമല്ലോ.
മാസിക യഥോചിതം
അയക്കുവാനും കണക്കുകൾ
കൃത്യമായി സൂക്ഷിക്കുവാനും
അത് സഹായകമാകും.

NERVEEDHI MARCH 2026
RNI No. KERMAL/2012/46138 . Date of Publishing 10.03.2026 . Annual Subscription Rs.350/-

rp PUBLICATIONS

## ആർ. പി പബ്ലിക്കേഷൻസിൽനിന്നും ചില ഉത്തമ ഗ്രന്ഥങ്ങൾ










ഇപ്പോൾ ലഭ്യമാണ്

ദൈവം കരുണാ സമ്പന്നനാണ്. ആരെക്കാളും അധികം നമ്മെ സ്നേഹിക്കുന്നവനാണ്. നാം ദൈവത്തെ സ്നേഹിക്കണം എന്ന് ദൈവം വളരെ ആഗ്രഹിക്കുന്നു. നാം ദൈവത്തിന്റെ സ്നേഹത്തോടു പ്രതികരിക്കുന്നതു ദൈവത്തെ സ്നേഹിച്ചുകൊണ്ടാണ്. നാം അപ്രകാരം ചെയ്യുമ്പോൾ നമ്മുടെ ജീവിതം എത്രമാത്രം ധന്യമായിത്തീരും എന്നറിയാമോ?

ചിന്താകുലങ്ങളിൽ നിന്നും വിടുതൽ പ്രാപിക്കുവാൻ നിങ്ങൾ ചെയ്യേണ്ടത് ഒരു കപ്പൽ നങ്കൂരം ഇട്ട് ഉറപ്പിക്കുന്നതുപോലെ ഇളകി മറിയുന്ന നിങ്ങളുടെ മനസ്സിനെ ദൈവത്തിലുള്ള വിശ്വാസത്താൽ ഉറപ്പിക്കുക എന്നതാണ്.

SOUTH INDIAN Bank
RIGHTEOUS PATH PUBLICATION TRUST
Vpa Id:qr.nerveedhi@sib
BHIM UPI
Scan and Pay using any UPI App

Address for Communication :

NERVEEDHI,
Righteous Path Publication Trust
Mackal Building,
Oravakal, Amayannoor (P.O),
Kottayam, Kerala - 686019

Ph:8589819293, 9495435336
www.nerveedhi.com

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.